Newspaper for malayalees Worldwide CHICAGO/TORONTO Estd.2020

# വാചകം VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 6 / Issue 4 / Pages 32
19
ഓഗസ്റ്റ് 2026
ബുധനാഴ്ച
1202 ചിങ്ങം 3

www.vachakam.com
news@vachakam.com
canada@vachakam.com

## പ്രതിവർഷ പലിശ ചിലവ് ട്രില്യൺ കവിയുമ്പോൾ

# വാഷിംഗ്ടൺ നേരിടുന്ന വൻ സാമ്പത്തിക ഭീഷണികൾ!




ഔദ്യോഗിക അമേരിക്കൻ ഫെഡറൽ സാമ്പത്തിക റിപ്പോർട്ടുകൾ പ്രകാരം, അമേരിക്കയുടെ മൊത്തം ദേശീയ കടബാധ്യത സാമ്പത്തിക ചരിത്രത്തിൽ ആദ്യമായി 40 ട്രില്യൺ ഡോളർ എന്ന ഭയാനകമായ നാഴികക്കല്ല് പിന്നിട്ടു. വെറും ഒൻപത് വർഷത്തിനുള്ളിൽ കടബാധ്യത ഇരട്ടിയായി മാറിയെന്ന ഞെട്ടിക്കുന്ന കണക്കുകളാണ് യുഎസ് ട്രെഷറി ഡിപ്പാർട്ട്മെന്റ് പുറത്തുവിട്ടത്. ഡൊണാൾഡ് ട്രംപിന്റെയും മുൻ പ്രസിഡന്റ് ജോ ബൈഡന്റെയും ഭരണകാലത്ത് നടപ്പിലാക്കിയ വൻകിട നികുതി ഇളവുകളും, പെൻഷൻ-ആരോഗ്യ ക്ഷേമ പദ്ധതികളും, കൊവിഡ് കാലത്തെ അതിരു കടന്ന വായ്പകളും, പശ്ചിമേഷ്യൻ യുദ്ധ ചിലവുകളുമാണ് അമേരിക്കയെ ഈ കടുത്ത പ്രതിസന്ധിയിലേക്ക് തള്ളിയിട്ടത്.

കടബാധ്യത 40.047 ട്രില്യൺ ഡോളറിലെത്തുകയും 30-വർഷ യുഎസ് ബോണ്ട് ഈൽഡുകൾ 2007-ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കായ 5.34 ശതമാനത്തിലേക്ക് കുതിച്ചുയരുകയും ചെയ്തതോടെ വിപണി തകർച്ച ഒഴിവാക്കാൻ യുഎസ് ട്രെഷറി സെക്രട്ടറി സ്കോട്ട് ബെസന്റ് അടിയന്തിരമായി ഇടപെട്ടു. ദീർഘകാല ബോണ്ടുകളുടെ തിരിച്ചുവാങ്ങൽ അഥവാ ബൈബാക്ക് തുക പ്രതിവാരം 2 ബില്യണിൽ നിന്നും 4

ശേഷം പേജ് 8ൽ

നടനത്തിന്റെ ബഹുമുഖ ഭാവങ്ങൾ ........................... പേജ് 05

ഓണം അരികെ; ഭക്ഷ്യ സുരക്ഷ പ്രധാനം ........................... പേജ് 15

സുന്ദര ദേവന്മാർ ഇറങ്ങിപ്പോകുന്ന വേദികൾ ........................... പേജ് 16

പശ്ചിമേഷ്യയിൽ ഇളകുന്ന അമേരിക്കൻ മേൽക്കോയ്മ ........................... പേജ് 18

പെൻഷനും ഓണക്കിറ്റും റെഡി, ജനം പറയുന്നു: സതീശൻ ഈ നാടിന്റെ ഐശ്വര്യം ........................... പേജ് 24

വിദ്യാർത്ഥി സമൂഹത്തിന്റെ സ്വാഭിമാനവും കപട ധാർഷ്ട്യത്തിന്റെ വീഴ്ചയും ........................... പേജ് 25

## ഇറാനെ തകർക്കാൻ ചരിത്രത്തിലെ ഏറ്റവും കടുപ്പമേറിയ

# സാമ്പത്തിക ഉപരോധവുമായി ട്രംപ്



ഇറാനെതിരെ ഇതുവരെ കാണാത്ത തരത്തിലുള്ള കടുത്ത സാമ്പത്തിക ഉപരോധവും ഉപരോധ നടപടികളും പ്രഖ്യാപിച്ച് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഒരു രാജ്യത്തിനെതിരെയും ഇതുവരെ ഉണ്ടായിട്ടില്ലാത്ത വിധം അതിശക്തമായ സാമ്പത്തിക നീക്കങ്ങളാണ് യുഎസ് ആരംഭിച്ചിരിക്കുന്നതെന്ന് പ്രസിഡന്റ് വ്യക്തമാക്കി. നയതന്ത്ര തലത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നതാണ് ഈ പുതിയ പ്രഖ്യാപനം.ഇറാനുമായി സാമ്പത്തിക ഇടപാടുകൾ നടത്തുകയോ ഏതെങ്കിലും തരത്തിൽ സഹായങ്ങൾ നൽകുകയോ ചെയ്യുന്ന മറ്റ് രാജ്യങ്ങൾക്കെതിരെയും കടുത്ത നടപടികൾ ഉണ്ടാകുമെന്നാണ് ട്രംപിന്റെ മുന്നറിയിപ്പ്. എണ്ണക്കടത്ത്, ക്യാഷ് ട്രാൻസ്ഫറുകൾ, കപ്പൽ രജിസ്ട്രികൾ എന്നിവ ഉടനടി അവസാനിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇറാനെ പൂർണ്ണമായും ഒറ്റപ്പെടുത്താൻ മിത്രരാജ്യങ്ങളോട് അമേരിക്ക ആഹ്വാനം ചെയ്തു.അതേസമയം, ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട എണ്ണക്കടത്തു പാതയായ ഹോർമുസ് കടലിടുക്കിൽ അമേരിക്കൻ നാവിക ഉപരോധം കൂടുതൽ ശക്തമായി തുടരുകയാണ്. ഉപരോധം വൻ വിജയമാണെന്നും ഇറാനിലേക്ക് ഒരു കപ്പലുകൾ പോലും കടത്തിവിടുന്നില്ലെന്നും അമേരിക്കൻ പ്രസിഡന്റ് വ്യക്തമാക്കുന്നു. എന്നാൽ ഈ പ്രദേശത്ത് ഇപ്പോഴും കടുത്ത സംഘർഷാവസ്ഥയാണ് നിലനിൽക്കുന്നത്.എന്നാൽ, അമേരിക്കയുടെ കടുത്ത നിലപാടുകൾക്ക് മുന്നിൽ വഴങ്ങില്ലെന്ന ഉറച്ച തീരുമാനത്തിലാണ് ടെഹ്റാൻ. ഉപരോധങ്ങൾ പൂർണ്ണമായി പിൻവലിക്കുക, യുഎസ് സൈന്യത്തെ പിൻവലിക്കുക, യുദ്ധത്തിലുണ്ടായ നഷ്ടപരിഹാരം നൽകുക എന്നീ ആവശ്യങ്ങൾ ഇറാൻ മുന്നോട്ടുവെക്കുന്നു. നയതന്ത്ര ചർച്ചകളിൽ ഈ ആവശ്യങ്ങൾ അംഗീകരിക്കപ്പെടാതെ പിന്നോട്ടില്ലെന്നാണ് ഇറാന്റെ നിലപാട്.അണുകരാറുകളിൽ അന്തിമ തീരുമാനത്തിലെത്താതെ തന്നെ മേഖലയിൽ സമാധാനം സ്ഥാപിക്കാൻ ഇരുരാജ്യങ്ങളും മധ്യസ്ഥർ മുഖേന ചർച്ച നടത്തുന്നുണ്ട്. ഒമാന്റെ മധ്യസ്ഥതയിലാണ് വാഷിംഗ്ടണും ടെഹ്റാനും തമ്മിലുള്ള ചർച്ചകൾ പുരോഗമിക്കുന്നത്. ചർച്ചകൾ വിജയകരമായാൽ മാത്രമേ ഹോർമുസ് കടലിടുക്ക് വഴിയുള്ള ഗതാഗതം സുഗമമാകൂ.അമേരിക്കൻ വിപണിയിലെ പെട്രോൾ വില വർദ്ധനവും

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# വാഷിംഗ്ടണിൽ നാഷണൽ ഗാർഡിനെ ഇറക്കി ട്രംപ്: തെരുവിൽ തോക്കേന്തിയ സൈന്യം, കുറ്റകൃത്യങ്ങൾ തടയുന്നതിൽ വൻ പരാജയമെന്ന് റോയിട്ടേഴ്സ് അന്വേഷണ റിപ്പോർട്ട്

വാഷിംഗ്ടൺ: രാജ്യ തലസ്ഥാനത്തെ കുറ്റകൃത്യങ്ങൾ അടിച്ചമർത്താനെന്ന പേരിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിന്യസിച്ച ആയിരക്കണക്കിന് നാഷണൽ ഗാർഡ് സൈനികർ ലക്ഷ്യം കാണുന്നതിൽ വൻ പരാജയമെന്ന് അന്താരാഷ്ട്ര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് ചൂണ്ടിക്കാണിക്കുന്നു. തലസ്ഥാനത്തെ തെരുവുകളിൽ അത്യാധുനിക ആയുധങ്ങളുമായി പട്രോളിംഗ് നടത്തുന്ന സൈനികർക്ക് യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ കഴിയുന്നില്ലെന്ന് സുപീരിയർ കോടതിയിലെ കേസ് രേഖകൾ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടിൽ പറയുന്നു.



ദിവസേന കോടികൾ ചെലവിട്ട് നടത്തുന്ന ഈ സൈനിക വിന്യാസം വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുകയാണ്. നഗരത്തിലെ പൊലീസുകാരുടെ എണ്ണത്തിനേക്കാൾ കൂടുതലാണ് നിലവിൽ തെരുവിലുള്ള സൈനികർ. എന്നാൽ കഴിഞ്ഞ ഒരു വർഷത്തിനിടെ നഗരത്തിൽ റിപ്പോർട്ട് ചെയ്ത ക്രിമിനൽ കേസുകളിൽ കേവലം 1.3 ശതമാനത്തിൽ മാത്രമാണ് സൈന്യത്തിന്റെ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ ഉണ്ടായിട്ടുള്ളത്.

**സുരക്ഷിത മേഖലകളിൽ സമാന്തര ഭരണകൂടം**

അക്രമ സംഭവങ്ങളും കൊലപാതകങ്ങളും നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്ന ചേരി പ്രദേശങ്ങളിലോ ഭൂരിപക്ഷ പാർശ്വവത്കൃത മേഖലകളിലോ അല്ല സൈനിക പട്രോളിംഗ് നടക്കുന്നത്. പകരം വെള്ളക്കാരായ ധനികരും വിനോദസഞ്ചാരികളും തിങ്ങിപ്പാർക്കുന്ന നഗരകേന്ദ്രങ്ങളിലാണ് സൈനികരെ കൂടുതലായി നിയോഗിച്ചിരിക്കുന്നത്.

സബ്വേ സ്റ്റേഷനുകളിൽ ടിക്കറ്റെടുക്കാത്തവരെ പിടികൂടുക, ചെറിയ മോഷണങ്ങൾ തടയുക, പൊതുസ്ഥലങ്ങളിൽ നിസ്സാര സംഭവങ്ങളിൽ ഇടപെടുക എന്നിവയിലാണ് ഇവർ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മാത്രമല്ല പല സന്ദർഭങ്ങളിലും അക്രമം തടയേണ്ട സൈനികർ തന്നെ അക്രമികളുടെ ഇരകളാകുന്ന സ്ഥിതിയുമുണ്ട്. സൈനികർക്ക് നേരെ ആക്രമണം നടന്നതിനും ഭീഷണിപ്പെടുത്തിയതിനും നിരവധി കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**ജനാധിപത്യത്തിന് അപമാനം: പരക്കെ വിമർശനം**

സാധാരണക്കാരെ ഭയപ്പെടുത്താനാണ് ട്രംപ് ഭരണകൂടം സൈന്യത്തെ തെരുവിൽ ഇറക്കിയിരിക്കുന്നതെന്ന് പ്രാദേശിക നേതാക്കളും പൗരാവകാശ പ്രവർത്തകരും ആരോപിക്കുന്നു.

തെരുവിൽ എപ്പോഴും തോക്കേന്തിയ പടയാളികളെ നിർത്തി ഭയത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നത് ഒരു ജനാധിപത്യ രാജ്യത്തിന് അനുയോജ്യമല്ലെന്ന് സാമൂഹിക പ്രവർത്തകരും ചൂണ്ടിക്കാട്ടുന്നു.

പൊലീസ് ഉദ്യോഗസ്ഥരെക്കാൾ ചെലവേറിയ സംവിധാനമാണ് നാഷണൽ ഗാർഡ് എന്ന് ചൂണ്ടിക്കാട്ടി മുൻ മിലിട്ടറി ജനറൽമാരും രംഗത്തെത്തിയിട്ടുണ്ട്.

ക്രമസമാധാന പരിപാലനത്തിൽ കൃത്യമായ പരിശീലനം ലഭിക്കാത്ത സൈനികരെ തെരുവിൽ നിർത്തുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നാണ് ഇവരുടെ മുന്നറിയിപ്പ്.

എന്നാൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാനും നഗരത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കാനും ഈ നടപടി സഹായിച്ചെന്നാണ് വൈറ്റ് ഹൗസിന്റെ ഔദ്യോഗിക പ്രതികരണം.

# ഉത്തര കൊറിയയുടെ പക്കൽ 57 അണുബോംബുകൾ; കിം ജോങ് ഉന്നുമായി വീണ്ടും കൂടിക്കാഴ്ചയ്ക്ക് പ്ലാൻ!

ഉത്തര കൊറിയൻ ഭരണാധികാരി കിം ജോങ് ഉന്നുമായി വീണ്ടും കൂടിക്കാഴ്ച നടത്താൻ നീക്കം നടത്തുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ് വ്യക്തമാക്കിയിരിക്കുകയാണ്. ഉത്തര കൊറിയയുടെ കൈവശം അത്യുഗ്ര ശേഷിയുള്ള 57 അണു ആയുധങ്ങൾ ഉണ്ടെന്ന ഞെട്ടിക്കുന്ന വിവരവും ട്രംപ് പരസ്യമായി വെളിപ്പെടുത്തി. ലോകരാജ്യങ്ങളെ ഒന്നാകെ ആശങ്കയിലാഴ്ത്തുന്ന ഈ പ്രസ്താവന അന്താരാഷ്ട്ര രാഷ്ട്രീയത്തിൽ വലിയ തരംഗമാണ് സൃഷ്ടിച്ചിരിക്കുന്നത്.



വൈറ്റ് ഹൗസിൽ മാധ്യമപ്രവർത്തകരുമായി സംസാരിക്കമ്പോഴാണ് അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ് ഈ വിവരങ്ങൾ തുറന്നുപറഞ്ഞത്. ഈ വർഷം അവസാനത്തോടെ കിം ജോങ് ഉന്നുമായി താൻ നേരിട്ട് കൂടിക്കാഴ്ച നടത്തിയേക്കുമെന്ന് അദ്ദേഹം സൂചന നൽകി. മുൻപ് താൻ അമേരിക്കൻ പ്രസിഡന്റായിരുന്ന കാലയളവിൽ കിമ്മുമായി നല്ല ബന്ധമാണ് പുലർത്തിയിരുന്നതെന്നും അത് തുടരുന്നത് അമേരിക്കയുടെ സുരക്ഷയ്ക്ക് നല്ലതാണെന്നും ട്രംപ് കൂട്ടിച്ചേർത്തു.

ഉത്തര കൊറിയൻ ഭരണാധികാരിയുടെ കൈവശം നിലവിൽ 57 ശക്തമായ അണബോംബുകൾ ഉണ്ടെന്ന് കൃത്യമായ കണക്കുകളോടെയാണ് ട്രംപ് വെളിപ്പെടുത്തിയത്. മുൻ ഭരണാധികാരികൾ ഉത്തര കൊറിയയെ അണുവായുധ ശേഷി കൈവരിക്കാൻ അനുവദിച്ചത് വലിയ തെറ്റായിരുന്നുവെന്നും അദ്ദേഹം വിമർശിച്ചു. താൻ തുടർച്ചയായി അധികാരത്തിൽ ഉണ്ടായിരുന്നെങ്കിൽ ഉത്തര കൊറിയ ഒരിക്കലും ഈ നേട്ടം കൈവരിക്കില്ലായിരുന്നുവെന്ന് ഡോണാൾഡ് ട്രംപ് അവകാശപ്പെട്ടു.

ഉത്തര കൊറിയയുമായുള്ള നയതന്ത്ര ബന്ധം വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ദക്ഷിണ കൊറിയയുമായി ചേർന്ന് നടത്തിവന്ന സംയുക്ത സൈനിക അഭ്യാസങ്ങൾ വെട്ടിച്ചുരുക്കാൻ ട്രംപ് ഉത്തരവിട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള വൻകിട സൈനിക അഭ്യാസങ്ങൾ ഉത്തര കൊറിയയെ അനാവശ്യമായി പ്രകോപിപ്പിക്കുമെന്നാണ് അമേരിക്കൻ പ്രസിഡന്റിന്റെ നിലപാട്. സമാധാനപരമായ ചർച്ചകൾക്ക് വഴിതുറക്കാൻ ഈ നീക്കം സഹായിക്കുമെന്നും അദ്ദേഹം കരുതുന്നു.

ഉത്തര കൊറിയൻ വിഷയത്തിൽ സമാധാനപരമായ പ്രതിവിധി കണ്ടെത്തുന്നതിന് ബുദ്ധിയുള്ള ഒരു പ്രസിഡന്റ് അമേരിക്കയ്ക്ക് ആവശ്യമാണെന്ന് ട്രംപ് അഭിപ്രായപ്പെട്ടു. കിം ജോങ് ഉന്നുമായി സൗഹൃദം സ്ഥാപിക്കുന്നത് ഒരു തെറ്റായ കാര്യമല്ലെന്നും അമേരിക്കൻ സുരക്ഷയ്ക്ക് അത് ഗുണം ചെയ്യുമെന്നും അദ്ദേഹം ന്യായീകരിച്ചു. അതേസമയം ഇറാനെ അണുവായുധം നിർമ്മിക്കാൻ അനുവദിക്കില്ലെന്ന നിലപാടിൽ താൻ ഇപ്പോഴും ഉറച്ചുനിൽക്കുകയാണെന്ന് ട്രംപ് വ്യക്തമാക്കി.

അമേരിക്കയുടെ ഭാഗത്തുനിന്നുണ്ടാകുന്ന നയതന്ത്ര നീക്കങ്ങളോട് ഉത്തര കൊറിയ എങ്ങനെ പ്രതികരിക്കുമെന്നാണ് ലോകം ഉറ്റനോക്കുന്നത്. ചൈനയിൽ നടക്കുന്ന എപിഇസി ഉച്ചകോടിക്കിടെ ഇരു നേതാക്കളും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് സാധ്യതയുണ്ടെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഏഷ്യൻ സന്ദർശനത്തിനിടെ ഈ സുപ്രധാന ചർച്ച നടന്നേക്കുമെന്നാണ് വിലയിരുത്തൽ.

ഉത്തര കൊറിയയുടെ അണുവായുധ ശേഖരത്തെക്കുറിച്ച് ഇത്രയും കൃത്യമായ ഒരു സംഖ്യ ഒരു അമേരിക്കൻ പ്രസിഡന്റ് പരസ്യമായി പറയുന്നത് ചരിത്രത്തിൽ ആദ്യമായാണ്. അതുകൊണ്ടുതന്നെ ട്രംപിന്റെ പ്രസ്താവന ഏഷ്യൻ മേഖലയിലെ സുരക്ഷാ സമവാക്യങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തിയേക്കാം. ഉത്തര കൊറിയയെ നിരായുധീകരിക്കാനുള്ള അമേരിക്കൻ ശ്രമങ്ങൾക്ക് ഈ നീക്കം പുതിയ ദിശാബോധം നൽകമോ എന്ന് വരും മാസങ്ങളിൽ വ്യക്തമാകും.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

# ബോണ്ട് വിപണിയിലെ തിരിച്ചടി: പലിശനിരക്ക് കുറയ്ക്കാൻ യു.എസ് സർക്കാറിന്റെ നിർണായക നീക്കം

വാഷിംഗ്ടൺ: ആഗോള സാമ്പത്തിക വ്യവസ്ഥയിൽ വലിയ ആശങ്കകൾ സൃഷ്ടിച്ചുകൊണ്ട് ബോണ്ട് ഈൽഡുകൾ കുതിച്ചുയർന്നതോടെ, വിപണിയെ ശാന്തമാക്കാൻ അടിയന്തര ഇടപെടലുമായി യു.എസ് ട്രഷറി വകുപ്പ്. കടമെടുപ്പ് ചെലവുകൾ കുറയ്ക്കുന്നതിനായി യു.എസ് സർക്കാർ ബാക്കി വരുന്ന ദീർഘകാല കടപ്പത്രങ്ങൾ തിരികെ വാങ്ങുന്ന തുക ഇരട്ടിയിലധികമായി വർദ്ധിപ്പിക്കുമെന്ന് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റ് പ്രഖ്യാപിച്ചു. ഈ നീക്കം ദീർഘകാല നിരക്കുകളിൽ തൽക്കാലത്തേക്ക് കുറവുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്.

ഇറാനുമായുള്ള യുദ്ധത്തെത്തുടർന്ന് എണ്ണവിലയിലുണ്ടായ വൻ വർധനവും, വിവിധ രാജ്യങ്ങളുടെ ഭീമമായ കടബാധ്യതകളുമാണ് ബോണ്ട് നിരക്കുകളെ സമീപകാലത്തെ ഏറ്റവും ഉയർന്ന ഘട്ടത്തിലെത്തിച്ചത്. യു.എസിൽ 10 വർഷത്തെ ട്രഷറി ഈൽഡ് 4.70 ശതമാനവും, 30 വർഷത്തെ നിരക്ക് 5 ശതമാനത്തിന് മുകളിലുമെത്തി. ജപ്പാനിലും ജർമ്മനിയിലും ദശാബ്ദങ്ങൾക്ക് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കുകളാണ് രേഖപ്പെടുത്തിയത്.

ഉയർന്ന ബോണ്ട് നിരക്കുകൾ സാധാരണക്കാരുടെയും വൻകിട കമ്പനികളുടെയും വായ്പ ചെലവുകൾ വർദ്ധിപ്പിക്കും. ഇത് ഭവന വായ്പാ നിരക്കുകൾ ഉയർത്തുന്നതിനൊപ്പം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ നടക്കുന്ന ശകോടികളുടെ ഡാറ്റാ സെന്റർ നിക്ഷേപങ്ങളെയും പ്രതികൂലമായി ബാധിക്കും. കൂടാതെ കൂടുതൽ സുരക്ഷിതമായ സർക്കാർ ബോണ്ടുകളിൽ നിന്ന് ഉയർന്ന ലാഭം ലഭിക്കുമ്പോൾ ഓഹരി വിപണി, ബിറ്റ്കോയിൻ, സ്വർണം എന്നിവയിലുള്ള നിക്ഷേപ താത്പര്യം കുറയുകയും സാമ്പത്തിക മാന്ദ്യത്തിന് വഴിവെക്കുകയും ചെയ്യും.

എന്നാൽ സർക്കാറിന്റെ ഈ ഇടപെടൽ വഴി പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടുമോ എന്നതിൽ സാമ്പത്തിക വിദഗ്ധർ സംശയം പ്രകടിപ്പിക്കുന്നുണ്ട്. സർക്കാറിന്റെ ബജറ്റ് കമ്മിയും, ടെക് ഭീമന്മാർ എഐ സാങ്കേതികവിദ്യക്കായി നടത്തുന്ന വൻ വായ്പയെടുപ്പുകളും വിപണിയിൽ വിണ്ടും സമ്മർദ്ദമുണ്ടാക്കാം. ജാക്സൺ ഹോളിൽ നടക്കുന്ന സാമ്പത്തിക ഉച്ചകോടിയിലെ ഫെഡറൽ റിസർവ് ചെയർ കെവിൻ വാർഷിന്റെ വാക്കുകളിലേക്കാണ് ഇനി സാമ്പത്തിക ലോകം ഉറ്റുനോക്കുന്നത്.

## റീ...പോളിംഗ്




*വിദ്യാർത്ഥികൾ പാറ്റകളല്ല, സിംഹങ്ങളാണെന്ന് കേരള വി.സി. മോഹൻ കുന്നുമ്മേൽ*

# ഷിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷം പ്രൗഢഗംഭീരമായി, ചെണ്ടമേളവും മെഗാ തിരുവാതിരയും M-Cube ഷോയും ആഘോഷത്തിന് പകിട്ടേകി

ഷിക്കാഗോ: മലയാളത്തിന്റെ ഗൃഹാതുരതയും ഓർമ്മകളുടെ പൂക്കാലവും, ഒരുമയുടെയും സൗഹൃദത്തിന്റെയും സന്ദേശവുമായി പകർന്നുനൽകി ഷിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം ഓണം 2026 പ്രൗഢഗംഭീരമായി അരങ്ങേറി.

വൈകിട്ട് 5.30ന് വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. സീനിയർ അംഗം ഫിലിപ്പ് പുത്തൻ പുര, പ്രിൻസ് ഈപ്പൻ എന്നിവർ ഇതിനു നേതൃത്വം നൽകി. തുടർന്ന് നടന്ന വർണാഭമായ ഘോഷയാത്രയിൽ നൂറുകണക്കിന് ആളുകൾ ആവേശപൂർവ്വം അണിനിരന്നു. മഹാബലി തിരുമേനിയെ സ്വീകരിച്ചുകൊണ്ട് നടന്ന ഘോഷയാത്രയ്ക്ക് താളമേളങ്ങളുടെ അകമ്പടിയോടെ ഗംഭീരമായ വരവേൽപ്പാണ് ഒരുക്കിയത്. ചെണ്ടമേളത്തിന്റെ താളത്തിൽ താലപ്പൊലിയേന്തിയ വനിതകളും കുട്ടികളും വിശിഷ്ടാതിഥികളും ഷിക്കാഗോയിലെ വിവിധ മേഖലകളിൽ നിന്നെത്തിയ മലയാളികളും അണിനിരന്നപ്പോൾ, പങ്കെടുത്ത എല്ലാവർക്കും അത് വേറിട്ടൊരു അനുഭവമായി.



കേരള സർക്കാർ ചീഫ് വിപ്പ് അപു ജോൺ ജോസഫ്, എം.എൽ.എമാരായ അഡ്വ. വി.പി. സജീന്ദ്രൻ, അഡ്വ. എം. ജെ. സെബാസ്റ്റ്യൻ, ഫൊക്കാന, ഫോമാ നേതാക്കൾ തുടങ്ങി നിരവധി പ്രമുഖർ ഘോഷയാത്രയിൽ പങ്കെടുത്തു.

ഘോഷയാത്രയ്ക്കുശേഷം സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിലെ ഓണവേദിയിലേക്ക് മഹാബലി തിരുമേനി പ്രവേശിച്ചതോടെ ആഘോഷങ്ങൾക്ക് ആവേശകരമായ തുടക്കമായി. ഷിക്കാഗോയിലെ വിവിധ ചെണ്ടമേള സംഘങ്ങളിലെ കലാകാരന്മാർ അണിനിരന്ന ഗംഭീരമായ ചെണ്ടമേളം സദസ്സിന്റെ ഹൃദയം കീഴടക്കി. ചെണ്ടമേള കോഓർഡിനേറ്റർ ജിനോയ് മാത്യുവിന്റെ നേതൃത്വത്തിൽ ഷിക്കാഗോയിലെ വിവിധ ചെണ്ടമേള സംഘങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി അരങ്ങേറിയത്.

മേളത്തിന്റെ ആവേശത്തിന് കൂടുതൽ മിഴിവേകി പോർട്ട്ലൻഡിൽ നിന്നെത്തിയ ആനന്ദനടയോഗിയുടെ വയലിൻ സംഗീതവും ചേർന്നപ്പോൾ, അത് താളത്തിന്റെയും ഈണത്തിന്റെയും അപൂർവ സംഗമമായി മാറി. കേരളത്തിന്റെ തനിമയും പ്രവാസജീവിതത്തിന്റെ സർഗാത്മകതയും ഒരേ വേദിയിൽ ലയിച്ച മനോഹര നിമിഷങ്ങൾക്കാണ് സദസ്സ് സാക്ഷ്യം വഹിച്ചത്.

തുടർന്ന് ഷിക്കാഗോയിലെ വനിതകൾ അണിനിരന്ന് അവതരിപ്പിച്ച മെഗാ തിരുവാതിര അരങ്ങേറി. തുടർന്നുള്ള കലാപരിപാടികൾക്ക്സാറ അനിൽ നേതൃത്വം നൽകി. നൃത്തവും സംഗീതവും ഗാനങ്ങളും കോർത്തിണക്കിയ വൈവിധ്യമാർന്ന കലാപരിപാടികൾ കാണികളുടെ മനം കവർന്നു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഷിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ബിജു മുണ്ടക്കൽ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ജോസ് മണക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കേരള സർക്കാർ ചീഫ് വിപ്പ് അപു ജോൺ ജോസഫ് ഉദ്ഘാടനം ചെയ്തു.

അമേരിക്കയുൾപ്പെടെ ഇന്ത്യയ്ക്ക് പുറത്തുള്ള വിവിധ രാജ്യങ്ങളിൽ മലയാളികൾ ഓണം ആഘോഷിക്കുന്നുണ്ടെങ്കിലും, ഇത്രയും വിപുലവും മനോഹരവുമായ രീതിയിൽ ഓണം ആഘോഷിക്കുന്നത് അത്ഭുതപ്പെടുത്തുന്നതാണെന്ന് അപു ജോൺ ജോസഫ് പറഞ്ഞു. പ്രവാസി മലയാളികളുടെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിൽ ഇത്തരം കൂട്ടായ്മകൾ വഹിക്കുന്ന പങ്കിനെയും അദ്ദേഹം പ്രത്യേകം പ്രശംസിച്ചു. അഡ്വ. എം.ജെ. സെബാസ്റ്റ്യൻ എം.എൽ.എ. ഓണാശംസകൾ നേർന്ന് സംസാരിച്ചു. പ്രവാസി മലയാളികളുടെ ക്ഷേമത്തിനും ആവശ്യങ്ങൾക്കുമായി തന്നാൽ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യാൻ ശ്രമിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി.

ചടങ്ങിൽ ഷിക്കാഗോ മലയാളി അസോസിയേഷൻ ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡന്റ് ലൂക്ക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ, ഫോമാ നാഷണൽ ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പള്ളിൽ, വ്യവസായ പ്രമുഖൻ കോശി സാമുവൽ, ഓണാഘോഷത്തിന്റെ മുഖ്യ സ്പോൺസർമാരായ ഹുസൈൻ മിർസ, സാറ മിർസ തുടങ്ങിയവർ വേദിയിൽ സന്നിഹിതരായിരുന്നു.

തുടർന്ന് വിവിധ മേഖലകളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഡോ. സൂസൻ ചാക്കോ പുരസ്കാര വിതരണത്തിന് നേതൃത്വം നൽകി. തുടർന്ന് ഓണാഘോഷത്തിന്റെ വിജയത്തിന് പിന്തുണ നൽകിയ സ്പോൺസർമാരെ ആദരിച്ചു. പ്രിൻസ് ഈപ്പൻ ചടങ്ങിന് നേതൃത്വം നൽകി. വിശിഷ്ടാതിഥികൾ നിലവിളക്ക് തെളിയിച്ചതോടെ ഓണാഘോഷത്തിന്റെ ഔപചാരിക ഉദ്ഘാടനച്ചടങ്ങിനും തുടക്കമായി. ചടങ്ങിൽ ഷിക്കാഗോ മലയാളി അസോസിയേഷൻ ട്രഷറർ അച്ചൻകുഞ്ഞ് മാത്യു കൃതജ്ഞത രേഖപ്പെടുത്തി. എന്നാൽ ആഘോഷത്തിന്റെ ഏറ്റവും വലിയ ആകർഷണം പിന്നീടായിരുന്നു. ലോകപ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാടും സംഘവും അവതരിപ്പിച്ച രണ്ടുമണിക്കൂർ നീണ്ടുനിന്ന M-Cube – Magic, Melody, Mission ഷോ സദസ്സിനെ അക്ഷരാർത്ഥത്തിൽ വിസ്മയത്തിന്റെ മറ്റൊരു ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി.

മാജിക്കിന്റെ ലോകത്തേക്ക് കടന്നുവന്ന നാൾ മുതൽ ഇന്നുവരെയുള്ള തന്റെ ജീവിതയാത്രയും അനുഭവങ്ങളും സന്ദേശങ്ങളും സംഗീതവും മാജിക്കും അവതരണകലയും സമന്വയിപ്പിച്ചുകൊണ്ടാണ് ഗോപിനാഥ് മുതുകാട് M-Cube വേദിയിലെത്തിച്ചത്. M-Cube ഷോ ആസ്വദിക്കുന്നതിനായി ഇൻഡ്യാന, വിസ്കോൺസിൻ തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി നൂറുകണക്കിന് ആളുകൾ ഷിക്കാഗോയിലെ ഓണാഘോഷ വേദിയിലേക്ക് ഒഴുകിയെത്തി. ഷിക്കാഗോയിൽ ആദ്യമായി ഇത്തരമൊരു വലിയ മാജിക്മ്യൂസിക്മിഷൻ ഷോ സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്ത ഷിക്കാഗോ മലയാളി അസോസിയേഷൻ ഭാരവാഹികളെ നിരവധി പേർ അഭിനന്ദിച്ചു.

2026ലെ ഓണാഘോഷം സംഘടനയ്ക്ക് പുത്തൻ ഉണർവും ഊർജവും പകർന്നുനൽകിയെന്നും, കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറാനുള്ള ചാലകശക്തിയായി ഈ ആഘോഷം മാറിയെന്നും പ്രസിഡന്റ് ജോസ് മണക്കാട്ട്, ജനറൽ സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞു മാത്യു എന്നിവർ പറഞ്ഞു.

ഓണാഘോഷം വിജയകരമാക്കാൻ സഹകരിച്ച വിശിഷ്ടാതിഥികൾ, കലാകാരന്മാർ, സ്പോൺസർമാർ, വളണ്ടിയർമാർ, സംഘടനാ ഭാരവാഹികൾ, കമ്മിറ്റി അംഗങ്ങൾ, കുടുംബാംഗങ്ങൾ, ഷിക്കാഗോയിലെ മുഴുവൻ മലയാളി സമൂഹം എന്നിവർക്കും ഭാരവാഹികൾ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.



# ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ഷിക്കാഗോ ഗീതാമണ്ഡലത്തിൽ രാമായണ പാരായണ പര്യവസാനം

ഷിക്കാഗോ: കർക്കിടക ഒന്ന് മുതൽ മനുഷ്യ മനസ്സിലേക്ക് ആധ്യാത്മിക പുണ്യം നിറയ്ക്കുവാനായി ആരംഭിച്ച രാമായണ പാരായണത്തിന് ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ പരിസമാപ്തി ആയി. ഈ വർഷത്തെ രാമായണ പാരായണം അതിന്റെ ദിവ്യമായ ശ്രീരാമ പട്ടാഭിഷേക പുണ്യമുഹൂർത്തത്തിൽ എത്തിയപ്പോൾ മേൽശാന്തി കൃഷ്ണൻ ചെങ്ങണാംപറമ്പിൽ ഭഗവാന് നവകാഭിഷേകവും തുടർന്ന് അലങ്കാരങ്ങളും നടത്തി.

അതിനു ശേഷം നൈവേദ്യ സമർപ്പണവും, തുടർന്നു മന്ത്രഘോഷത്താൽ പുഷ്പാഭിഷേകവും അർച്ചനയും ദീപാരാധനയും നടത്തി. തുടർന്ന് രശ്മി മേനോന്റെയും നേതൃത്വത്തിൽ നടന്ന ശ്രീരാമചന്ദ്ര കീർത്തനങ്ങൾക്കു ശേഷം ഈ വർഷത്തെ രാമായണ പാരായണ മഹോത്സവം പരിസമാപ്തിയിൽ എത്തി. രാമായണം പാരായണം ചെയ്യുന്നത് കോടി ജന്മങ്ങളുടെ പുണ്യം സമ്മാനിക്കും.

മനുഷ്യന് ചെയ്തുകൂട്ടുന്ന പാപങ്ങളെ ഹരിച്ച് സംശുദ്ധതയുടെ തീർത്ഥം തളിക്കലാണ് രാമായണ പാരായണത്തിലൂടെ കൈവരുന്നത് എന്ന് ഗീതാമണ്ഡലം പ്രസിഡന്റ്അപ്പുക്കുട്ടൻശേഖരൻഅഭിപ്രായപ്പെട്ടു. മേൽശാന്തി കൃഷ്ണൻ ചെങ്ങണാംപറമ്പിലിനും, രാമായണ പാരായണം സ്പോണ്സർ ചെയ്ത എല്ലാവർക്കും, രാമായണം മഹോത്സവം ഒരു വൻ വിജയമാക്കുവാൻ പ്രയത്നിച്ച എല്ലാ കമ്മിറ്റി അംഗങ്ങൾക്കും സെക്രട്ടറി ബൈജു എസ്. മേനോൻ നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് നടന്ന മഹാ അന്നദാന ചടങ്ങോടെഈ വർഷത്തെ രാമായണപാരായണം പര്യവസാനിച്ചു.

# ഫൊക്കാനാ വേദിയിൽ യുവപ്രതിഭകളുടെ കലാവസന്തം; ദേവിക പദ്മകുമാർ കലാതിലകം, ജേസൺ മാത്യു കലാപ്രതിഭ

പെൻസിൽവാനിയ: ഫൊക്കാനാ അന്താരാഷ്ട്ര കൺവൻഷൻ 2026ന്റെ ഭാഗമായി സംഘടിപ്പിച്ച യുവജന കലാമത്സരങ്ങളിൽ നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ പുതുതലമുറ തങ്ങളുടെ കലാപാടവം തെളിയിച്ചു. നൃത്തം, സംഗീതം, പ്രസംഗം തുടങ്ങി വിവിധ വിഭാഗങ്ങളിലായി നടന്ന മത്സരങ്ങൾ യുവപ്രതിഭകൾക്ക് കേരളീയ കലാപാരമ്പര്യവുമായി കൂടുതൽ അടുത്തിടപഴകാനുള്ള വേദിയായി. ആറ് മുതൽ 11 വയസ്സ് വരെയും 12 മുതൽ 18 വയസ്സ്വരെയുമുള്ള രണ്ട് പ്രായവിഭാഗങ്ങളിലായാണ് പ്രധാന മത്സരങ്ങൾ നടന്നത്. മത്സരങ്ങളിലെ ഏറ്റവും ഉയർന്ന വ്യക്തിഗത ബഹുമതിയായ കലാതിലകപട്ടം ദേവിക പദ്മകുമാറും കലാപ്രതിഭപട്ടം ജേസൺ മാത്യുവും സ്വന്തമാക്കി. വിവിധ മത്സരങ്ങളിലെ പ്രകടനങ്ങളിലൂടെ ഇരുവരും ശ്രദ്ധേയരായി.




ക്ലാസിക്കൽ ഡാൻസ് ഗ്രൂപ്പ് ഒന്നിൽ സുദിതി സുബിൻ ഒന്നാം സ്ഥാനവും റിവ പനയ്ക്കൽ രണ്ടാം സ്ഥാനവും നേടി. ഗ്രൂപ്പ് രണ്ടിൽ നിവിയ ജോയ് ഒന്നാമതും ദേവിക പദ്മകുമാർ രണ്ടാമതുമെത്തി. സിനിമാറ്റിക് ഡാൻസിൽ ഗ്രൂപ്പ് ഒന്നിൽ ജേസൺ മാത്യുവും ഗ്രൂപ്പ് രണ്ടിൽ ദേവിക പദ്മകുമാറും ഒന്നാം സ്ഥാനത്തെത്തി; ജൂഡിത്ത് മാത്യു രണ്ടാം സ്ഥാനം നേടി. ക്ലാസിക്കൽ ഗ്രൂപ്പ് ഡാൻസിൽ വരിഷ് ശേഖർ, സുദിതി സുബിൻ, ജൂലിയാന ജേക്കബ് എന്നിവർക്ക് 'സ്പെഷ്യൽ റെക്കഗ്നിഷൻ' ലഭിച്ചു.

ലൈറ്റ് മ്യൂസിക്കിൽ ദേവിക പദ്മകുമാർ ഒന്നാം സ്ഥാനവും ജെബിൻ അജു ഉമ്മൻ രണ്ടാം സ്ഥാനവും നേടി. ക്ലാസിക്കൽ മ്യൂസിക്കിൽ ഗ്രൂപ്പ് ഒന്നിൽ വരിഷ് ശേഖറും സുദിതി സുബിനും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഗ്രൂപ്പ് രണ്ടിൽ ദേവിക പദ്മകുമാർ ഒന്നാമതെത്തി. പ്രസംഗ മത്സരത്തിൽ ആറ് മുതൽ 11 വയസ്സ് വരെയുള്ള വിഭാഗത്തിൽ ജേസൺമാത്യു ഒന്നാം സ്ഥാനവും സുദിതി സുബിൻ രണ്ടാം സ്ഥാനവും നേടി. 12 മുതൽ 18 വയസ്സ് വരെയുള്ള ഇംഗ്ലീഷ് പ്രസംഗത്തിൽ ഇവാൻ ചിറ്റിശ്ശേരി ഒന്നാമതെത്തിയപ്പോൾ മലയാളം പ്രസംഗത്തിൽ ജെബിൻ അജു ഉമ്മൻ ഒന്നാം സ്ഥാനം നേടി.

കലയുടെ വഴിയിലൂടെ കേരളവുമായി ബന്ധം പുതുക്കിയ ഈ യുവതാരങ്ങളുടെ നേട്ടങ്ങൾ, അമേരിക്കൻ മലയാളി സമൂഹത്തിന്റെ അടുത്ത തലമുറയിൽ വളരുന്ന കലാസമ്പത്തിന്റെയും സാംസ്കാരിക ആത്മബന്ധത്തിന്റെയും മനോഹരമായ അടയാളമായി മാറിയതായി യുവജന കലാമത്സരങ്ങൾ കോർഡിനേറ്റ് ചെയ്ത മില്ലി ഫിലിപ്പ് അറിയിച്ചു. മില്ലി ഫിലിപ്പ് Wilstar ITSolutions.ന്റെ ഓണർ കൂടിയാണ്.

*ശ്രീകുമാർ ഉണ്ണിത്താൻ*

# ഐ.പി.എസ്.എഫ് 2026 കായികമാമാങ്കത്തിന് പ്രൗഢോജ്ജ്വല സമാപനം; സീറോ മലബാർ കായികമേളയിൽ കൊപ്പേൽ സെന്റ് അൽഫോൻസാ വീണ്ടും ചാമ്പ്യന്മാർ

എഡിൻബർഗ് /മക്കാലാൻ (ടെക്സസ്): വടക്കൻ അമേരിക്കൻ മലയാളി സമൂഹത്തിന്റെ കായികക്ഷമതയും വിശ്വാസവും ഐക്യവും വിളിച്ചോതി നാലു ദിവസം നീണ്ടുനിന്ന സീറോ മലബാർ ഇന്റർ പാരിഷ് സ്പോർട്സ് ഫെസ്റ്റിവലിന് (ഐ.പി.എസ്.എഫ് 2026) എഡിൻബർഗിൽ വർണ്ണാഭമായ സമാപനം. വാശിയേറിയ വടംവലിയുടെ അവസാന വിസിലടിയോടെയും സ്റ്റേഡിയങ്ങളെ ഇളക്കിമറിച്ച ആർപ്പുവിളികളോടെയും സമാപിച്ച ഈ കായികമാമാങ്കത്തിൽ 1500ലധികം കായികതാരങ്ങളും നാലായിരത്തിൽ പരം കാണികളും പങ്കെടുത്തു.




ഓഗസ്റ്റ് 6 മുതൽ 9 വരെ എഡിൻബർഗ് ഡിവൈൻ മെഴ്സി സീറോ മലബാർ ചർച്ചിന്റെ ആതിഥേയത്വത്തിലും എഡിൻബർഗ് സിറ്റിയുടെ സഹകരണത്തിലും നടന്ന മേളയിലുടനീളം ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ടിന്റെ സാന്നിധ്യത്തിൽ രൂപതാ പ്രൊക്യൂറേറ്റർ ഫാ. കുര്യൻ നെടുവേലിച്ചാലുങ്കൽ, ഡിവൈൻ മേഴ്സി വികാരി ഫാ. റോയ് മൂലേച്ചാലിൽ എന്നിവരുടെ നേതൃത്വത്തിലാണ് ചടങ്ങുകൾക്ക് തിരിതെളിഞ്ഞത്.

### കൊപ്പേൽ സെന്റ് അൽഫോൻസാ വീണ്ടും ചാമ്പ്യൻ; ഹൂസ്റ്റൺ ഫൊറോനാ റണ്ണേഴ്സ് അപ്പ്

മൈതാനങ്ങളെ ആവേശത്തിലാഴ്ത്തിയ വാശിയേറിയ പോരാട്ടങ്ങൾക്കൊടുവിൽ ഡിവിഷൻ എ വിഭാഗത്തിൽ കൊപ്പേൽ സെന്റ് അൽഫോൻസ ചർച്ച് ചരിത്രവിജയത്തോടെ ചാമ്പ്യന്മാരായപ്പോൾ ഹൂസ്റ്റൺ സെന്റ് ജോസഫ്സ് ഫൊറോന ചർച്ച് റണ്ണേഴ്സ് അപ്പായി. ഡിവിഷൻ ബി വിഭാഗത്തിൽ ആതിഥേയരായ എഡിൻബർഗ് ഡിവൈൻ മെർസി ചർച്ച് മിന്നുന്ന പ്രകടനത്തോടെ ചാമ്പ്യൻപട്ടം സ്വന്തമാക്കിയപ്പോൾ ഫ്രിസ്കോ സെന്റ് മറിയം ത്രേസ്യ മിഷൻ റണ്ണേഴ്സ് അപ്പ് സ്ഥാനം കരസ്ഥമാക്കി.

ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് രക്ഷാധികാരിയായ സമിതിയിൽ ഫെസ്റ്റ് ചെയർമാൻ റവ. ഫാ. റോയ് മൂലേച്ചാലിൽ, ട്രസ്റ്റികളായ ജോജോ തോമസ്, മനോജ് മൈക്കിൾ, ജനറൽ കോർഡിനേറ്റർ ജോസഫ് ബിജു, സെക്രട്ടറി ഡോ. ഡാഫോഡിൽസ് അബ്രഹാം, അക്കൗണ്ട്സ് ഭാരവാഹി അൽവിൻ ജോസഫ്, ഗെയിം കോർഡിനേറ്റർ ബെൻ കളരിക്കൽ എന്നിവർ കേന്ദ്ര കമ്മിറ്റിക്ക് നേതൃത്വം നൽകി.

വിവിധ ഇടവകകളിൽ നിന്ന് വികാരിമാരും കോർഡിനേറ്റർമാരും മേളയുടെ വിജയത്തിനായി ഒന്നിച്ചുചേർന്നു. എഡിൻബർഗ് ഡിവൈൻ മെർസി ചർച്ചിൽ നിന്ന് ഫാ. റോയ് മൂലേച്ചാലിൽ, ജോസ് ആന്റണി, മിനു ജോസഫ് എന്നിവരും, ഹൂസ്റ്റൺ സെന്റ് ജോസഫ്സ് ഫൊറോന ചർച്ചിൽ നിന്ന് ഫാ. ഡോ. സെബാസ്റ്റ്യൻ വലിയപറമ്പിൽ, ഫാ. ജോർജ് പാറയിൽ, മനു ഇമ്മാനുവൽ മൂന്നുമാക്കൽ, റോബിൻ ജോയ് എന്നിവരും നേതൃത്വം നൽകി. പിയർലാന്റ് സെന്റ് മേരീസ് ചർച്ചിൽ നിന്ന് ഫാ. വർഗീസ് ജോർജ് കുന്നത്ത്, സെർണി തോമസ്, അനിള കരിക്കുന്നേൽ സെബാസ്റ്റ്യൻ എന്നിവരും, ഗാർലാന്റ് സെന്റ് തോമസ് ചർച്ചിൽ നിന്ന് ഫാ. സിബി സെബാസ്റ്റ്യൻ, ഫാ. ക്രിസ്റ്റിൻ പുതിയകുന്നേൽ, മാത്യു ഒഴുകയിൽ, സുജ കൈനിക്കര എന്നിവരും കോർഡിനേറ്റർമാരായിരുന്നു.

ഓസ്റ്റിൻ സെന്റ് അൽഫോൻസയിൽ നിന്ന് ഫാ. ആന്റോ ജി. ആലപ്പാട്ട്, ജിയോ ജോസഫ്, ഗിജോ അരീക്കൻ എന്നിവരും, കോപ്പൽ സെന്റ് അൽഫോൻസയിൽ നിന്ന് ഫാ. മാത്യൂസ് മുൻജനനാട്ട്, ഫ്രാൻസിൽ ജോസഫ്, സോണി പോൾ എന്നിവരും സേവനമനുഷ്ഠിച്ചു. കൂടാതെ സാൻ അന്റോണിയോയിൽ നിന്ന് ഫാ. ജോർജ് സി. ജോർജ്, സിറിയക് സ്കറിയ, മനു സെബാസ്റ്റ്യൻ എന്നിവരും, ഒക്ലഹോമയിൽ നിന്ന് ഫാ. ആന്റോ മാമ്പള്ളി, ജോബി ജോസഫ്, ഡൊമിനിക് ആന്റണി എന്നിവരും, ഫ്രിസ്കോയിൽ നിന്ന് ഫാ. ജിമ്മി ഇടക്കുളത്തൂർ കുര്യൻ, അജിത്ത് ജോസഫ്, ജാനറ്റ് റോയ് എന്നിവരും, കൻസാസ് സിറ്റിയിൽ നിന്ന് ഫാ. സുനോജ് തോമസും നേതൃനിരയിൽ തിളങ്ങി.

മുഖ്യ സ്പോൺസർമാരായി ജിബി പാറയ്ക്കലും ജോർജ് ചെറായിലും: എഡിൻബർഗ് സിറ്റി മേയർ ഒമർ ഒച്ചോവ, മുൻ മേയർ റാമിറോ ഗാർസ ജൂനിയർ, സിറ്റി കൗൺസിൽ അംഗങ്ങൾ എന്നിവരുടെ നിർണ്ണായക പിന്തുണ മേളയ്ക്ക് വലിയ ശക്തിയായി. മേളയുടെ വിജയശില്പികളായ പ്രമുഖ സ്പോൺസർമാരുടെ സഹകരണത്തെ ഭാരവാഹികൾ നന്ദിയോടെ സ്മരിച്ചു. ഓസ്റ്റിനിലെ പി.എസ്.ജി ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ ജിബി പാറയ്ക്കൽ പ്രൈം സ്പോൺസറായും, ലെഗസി ബിസിനസ് ബ്രോക്കേഴ്സിന്റെ ജോർജ് ചെറായിൽ പവർ സ്പോൺസറായും വലിയ പിന്തുണ നൽകി.

ഡോൾഫിൻ ഡിജിറ്റലിന്റെ ജോസി ആഞ്ഞിലിവേലിൽ, ഇംപാക്ട് ടാക്സിന്റെ സുബിൻ അലക്സ്, സിഗ്മ ട്രാവൽസിന്റെ സണ്ണി ജോസഫ് , ഗ്രേസ് ഇൻഷുറൻസ് ആൻഡ് എക്സ്പീരിയർ ഫിനാൻസിന്റെ ജിൻസ് മടമന, ഹൂസ്റ്റൺ അപ്നാ ബസാറിന്റെ സുരേഷ് നായർ, തജാംസ് മാർബിൾ ആൻഡ് ഗ്രാ നൈറ്റ്, മക്അലനിലെ പ്ലാങ്ക് ഗ്രിൽ എന്നീ പ്രമുഖ സ്പോൺസർമാരുടെ ഉദാരമായ പിന്തുണയാണ് ഈ വലിയ സ്പോർട്സ് മേളയെ വൻ വിജയമാക്കിയത്.

◗ *മാർട്ടിൻ വിലങ്ങോലിൽ*

# ഫൊക്കാനയുടെ ഗിന്നസ് നേട്ടത്തിന്റെ ശിൽപി മനോജ് വട്ടപ്പള്ളിക്കും അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ




പെൻസിൽവേനിയ: കലഹാരിയിൽ നടന്ന ഫൊക്കാന അന്താരാഷ്ട്ര കൺവൻഷനിൽ മോഹിനിയാട്ടത്തിനും ചെണ്ടമേളത്തിനും ലഭിച്ച 'ചരിത്രപ്രസിദ്ധമായ' ഗിന്നസ് ലോക റെക്കോർഡിന്റെ വിജയത്തിന് പിന്നിലെ പ്രധാന ശിൽപിയാണ് ചീഫ് കോർഡിനേറ്റർ മനോജ് വട്ടപ്പള്ളി. ആശയം മുതൽ ആസൂത്രണം, ഏകോപനം, നടത്തിപ്പ്, ഗിന്നസ് മാനദണ്ഡങ്ങൾ പാലിച്ചുള്ള നടപടിക്രമങ്ങൾ വരെ 'അർപ്പണബോധത്തോടെ' മുന്നിൽ നിന്ന് നയിച്ച മനോജ് വട്ടപ്പള്ളിക്ക് പ്രവാസി മലയാളി സമൂഹത്തിൽ നിന്ന് അഭിനന്ദനപ്രവാഹം.

ന്യൂജേഴ്സിയിലെ മലയാളി സമൂഹത്തിൽ 'പ്രിയങ്കരനായ' സാമൂഹിക പ്രവർത്തകനായ മനോജ് വട്ടപ്പള്ളി സാമൂഹികസാംസ്കാരിക സംഘടനയായ 'മഞ്ച്' ന്റെ മുൻ പ്രസിഡന്റ് കൂടിയാണ്. എന്നാൽ ഫൊക്കാനയുടെ ഈ ഗിന്നസ് നേട്ടം അദ്ദേഹത്തിന്റെ സംഘടനാ പ്രവർത്തന മികവിനും സംഘാടനശേഷിക്കും ലഭിച്ച 'വലിയ' അംഗീകാരമായി മാറുകയാണ്.

മാസങ്ങൾ നീണ്ട 'കഠിനമായ' തയ്യാറെടുപ്പുകൾക്കൊടുവിലാണ് ഈ സ്വപ്നപദ്ധതി യാഥാർഥ്യമായത്. ഗിന്നസ് വേൾഡ് റെക്കോർഡ്സ് അധികൃതരുമായി നിരന്തരം ആശയവിനിമയം നടത്തുകയും നിർദേശങ്ങളും കർശനമായ മാനദണ്ഡങ്ങളും മനസ്സിലാക്കി നടപ്പാക്കുകയും ആവശ്യമായ നിയമസാങ്കേതിക രേഖകളും പേപ്പർവർക്കുകളും കൃത്യമായി പൂർത്തിയാക്കുകയും ചെയ്തതിൽ മനോജ് വട്ടപ്പള്ളിയുടെ പങ്ക് 'നിർണായകമായിരുന്നു'.

അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാരെയും കലാകാരികളെയും ഒരൊറ്റ ലക്ഷ്യത്തിന് കീഴിൽ അണിനിരത്തുക എന്നതായിരുന്നു ഏറ്റവും 'വെല്ലുവിളി നിറഞ്ഞ' ദൗത്യങ്ങളിലൊന്ന്. വ്യത്യസ്ത സ്ഥലങ്ങളിൽ കഴിയുന്ന നൂറുകണക്കിന് കലാപ്രതിഭകളെ ഏകോപിപ്പിക്കുകയും പരിശീലനവും സമയക്രമവും പരിപാടിയുടെ മറ്റു സാങ്കേതിക ആവശ്യങ്ങളും ഏകോപിപ്പിക്കുകയും ചെയ്തതിൽ മനോജ് മുന്നിൽ നിന്നു.

കലാപരമായ മികവിനൊപ്പം ഗിന്നസ് റെക്കോർഡിന്റെ കർശനമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും പ്രത്യേക ശ്രദ്ധ നൽകി.

ഒരു ആശയം മനസ്സിൽ രൂപപ്പെട്ട നിമിഷം മുതൽ അത് ഗിന്നസ് റെക്കോർഡായി മാറിയ നിമിഷം വരെ 'അഹോരാത്രം' പ്രവർത്തിച്ച മനോജ് വട്ടപ്പള്ളിയുടെ നേതൃത്വവും ഏകോപനശേഷിയുമാണ് ഈ നേട്ടത്തിന്റെ കരുത്ത്. മുന്നിൽ നിന്നുള്ള നേതൃത്വത്തേക്കാൾ പിന്നിൽ നിന്ന് ഒരു വലിയ സംഘത്തെ ഒരേ ലക്ഷ്യത്തിലേക്ക് നയിച്ച 'നിശ്ശബ്ദമായ' അധ്വാനമാണ് അദ്ദേഹത്തെ ഈ വിജയത്തിന്റെ ഏറ്റവും അർഹനായ അഭിനന്ദനപാത്രമാക്കുന്നത്.

ഫൊക്കാനയുടെ ചരിത്രത്തിൽ 'പൊൻതൂവലായി' മാറിയ ഈ ഗിന്നസ് നേട്ടം ഒരു സംഘടനയുടെ മാത്രം വിജയമല്ല; നിരവധി മനുഷ്യരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്. എന്നാൽ ആ കൂട്ടായ്മയെ ഒരു ലക്ഷ്യത്തിലേക്ക് ചേർത്തുനിർത്തിയ ഏകോപനത്തിന്റെ കേന്ദ്രബിന്ദുവായി മനോജ് വട്ടപ്പള്ളിയുടെ പേര് പ്രത്യേകം രേഖപ്പെടുത്തപ്പെടും.

◗ *ശ്രീകുമാർ ഉണ്ണിത്താൻ*

# ഫോമാ സതേൺ റീജിയന് കരുത്തുറ്റ യുവ നേതൃത്വം; റീജിയണൽ വൈസ് പ്രസിഡന്റായി മിഖായേൽ ജോയിക്ക് ഉജ്ജ്വല വിജയം

ഹൂസ്റ്റൺ: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ്ഓഫ്അമേരിക്കാസ്സതേൺറീജിയൺ റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് നടന്ന തിരഞ്ഞെടുപ്പിൽ മിഖായേൽ ജോയ് (മിക്കി) മിന്നും വിജയം നേടി. വാശിയേറിയ മത്സരത്തിനൊടുവിൽ 65 ശതമാനം വോട്ടുകൾ നേടിയാണ് മിഖായേൽ ജോയ് വിജയം കരസ്ഥമാക്കിയത്.




അതേസമയം, ഹൂസ്റ്റണിലെ യുവനിരയിലെ ശ്രദ്ധേയ വ്യക്തിത്വങ്ങളായ തോമസ് ജോർജ് (സഞ്ജു), ക്രിസ്റ്റഫർ ജോർജ് എന്നിവർ ഫോമാ നാഷണൽ കമ്മിറ്റി അംഗങ്ങളായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് സംഘടനാ പ്രവർത്തകരും വിവിധ അസോസിയേഷനുകളുടെ പ്രതിനിധികളും സാമൂഹികസാംസ്കാരിക രംഗത്തെ പ്രമുഖരും ആശംസകൾ നേർന്നു.

യുവതലമുറയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൂടുതൽ സജീവമായി കൊണ്ടുവരുന്നതിനും അവരുടെ കഴിവുകളും നേതൃത്വശേഷിയും പ്രയോജനപ്പെടുത്തുന്നതിനുമായി നിരവധി കർമ്മപരിപാടികൾ ആവിഷ്കരിക്കുമെന്ന് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ അറിയിച്ചു.



# നടനത്തിന്റെ ബഹുമുഖ ഭാവങ്ങൾ



ഡോ. സെബാസ്റ്റ്യൻ പോൾ

വാൻഗോഗിന്റെ ദുരന്തജീവിതത്തെ ആസ്പദമാക്കി ഇർവിങ് സ്റ്റോൺ രചിച്ച Lust for Life എന്ന നോവലിൽനിന്ന് പ്രചോദനമുൾക്കൊണ്ട് എഴുതപ്പെട്ട നോവലാണ് ഭരതനടനം. വാൻഗോഗിന്റെ സ്ഥാനത്ത് പി.ജെ. ആന്റണിയാണ് ഈ ജീവചരിത്രനോവലിലെ പ്രധാന കഥാപാത്രം. കഥയല്ലിതു ജീവിതം എന്ന് അർത്ഥപൂർണമായി പറയാവുന്ന ആന്റണിയുടെ ജീവിതത്തെ ഭരതനടനത്തിന്റെ രചയിതാക്കൾ കഥയായി അവതരിപ്പിക്കുന്നു.

രചയിതാക്കൾ എന്നു പറഞ്ഞത് ഈ നോവലിന് രചയിതാക്കളായി രണ്ടു പേരുള്ളതുകൊണ്ടാണ്. കഥാകൃത്തായി അറിയപ്പെടുന്ന ജോസഫ് വൈറ്റിലയും പത്രപ്രവർത്തകനായ ജോഷി ജോർജും ചേർന്നുള്ള സംയുക്ത സംരംഭമാണ് ഭരതനടനം. ഫ്രീഡം അറ്റ് മിഡ്നൈറ്റ് ഉൾപ്പെടെ സംയുക്തസംരംഭങ്ങൾ പലത് മലയാളത്തിലുൾപ്പെടെ നമുക്ക് പരിചയമുണ്ട്. അറബിപ്പൊന്നിൽ കൂട്ടെഴുത്തുകാരായ എൻ.പി. മുഹമ്മദും എം.ടി. വാസുദേവൻ നായരും ഇക്കൂട്ടത്തിൽ പ്രഥമഗണനീയരാണ്.

പിന്നീട് മാധവിക്കുട്ടിയും കെ.എൽ. മോഹനവർമയും ചേർന്നെഴുതിയ നോവലാണ് അമാവാസി. സംയുക്തസംരംഭമാകുമ്പോൾ ഏച്ചുകെട്ടലിലെ മുഴകൾ സ്വാഭാവികമാണ്. വിദഗ്ധനായ എഡിറ്റർക്ക് അത് ഒപ്പമിട്ടെടുക്കാനാകും. നിർഭാഗ്യവശാൽ പ്രൂഫ് റീഡറുടേതൊഴികെ മറ്റൊരു പരിശോധനയും ഇല്ലാതെയാണ് മലയാളത്തിൽ പുസ്തകങ്ങൾ ഇറങ്ങുന്നത്.

ഒഴിവാക്കാമായിതുന്ന ചില രചനാവൈകല്യങ്ങൾ ഈ പുസ്തകത്തിലുണ്ടെന്ന് ആദ്യമേ പറയട്ടെ. രണ്ടു പേർ ചേർന്നെഴുതുമ്പോൾ രണ്ടു പേരെയും വായിച്ചിട്ടുള്ളവർക്ക് ആരെഴുതിയതാണ് തങ്ങൾ വായിക്കുന്നതെന്ന് നിഷ്പ്രയാസം മനസ്സിലാകും. ജോസഫിന്റെ കഥാഖ്യാനവും ജോഷിയുടെ വസ്തുതാവിവരണവും വേറിട്ടു നിൽക്കുന്നു.

അതുകൊണ്ട് ചില ഭാഗങ്ങളിൽ കഥാപാത്രത്തെ മാറ്റിനിർത്തി കഥാകൃത്ത് നേരിട്ട് വിവരണവ്യഗ്രതയിൽ മുഴുകുന്ന കാഴ്ച കാണുന്നു. ആന്റണിയുടെ ജനനത്തിനു മുമ്പുള്ള കാര്യങ്ങൾ നോവലിന്റെ പദാവലിയും രചനാശൈലിയും ഉപയോഗിച്ച് കൃതഹസ്തതയോടെ രചിക്കപ്പെട്ടപ്പോൾ ആന്റണിക്ക് പ്രായപൂർത്തിയായതിനുശേഷമുള്ള ഭാഗത്തെത്തുമ്പോൾ രചയിതാക്കളെ മാറ്റി നിർത്തി കഥാപാത്രം സ്വന്തം കഥ പറയുന്ന പ്രതീതിയുണ്ടാകുന്നു.

സൂക്ഷ്മവായനയിൽ ഇത്തരത്തിലുള്ള വൈകല്യങ്ങൾ എന്റെ ശ്രദ്ധയിൽ പെട്ടെങ്കിലും ആസ്വാദകർക്ക് തടസ്സങ്ങളില്ലാതെ വായിച്ചുപോകാവുന്ന രചനാരീതിയാണ് ജോസഫും ജോഷിയും സ്വീകരിച്ചിരിക്കുന്നത്. ഉദ്വേഗം ജനിപ്പിക്കുന്നതല്ലെങ്കിലും ഉത്സാഹത്തോടെ വായിച്ചുപോകാവുന്നതാണ് ആന്റണിയുടെ കഥ.

പി.ജെ. ആന്റണിയെ നേരിട്ടറിഞ്ഞ ആളെന്ന നിലയിൽ എന്റെ മനസിന്റെ ഗാലറിയിലുള്ള ചിത്രം പൂർണമായി ഈ പുസ്തകത്തിൽ ആവിഷ്കൃതമായില്ലെന്ന പരാതി എനിക്കുണ്ട്. അത് പക്ഷേ എഴുത്തുകാരുടെ കുറ്റമല്ല. ബഹുമുഖപ്രതിഭയാകുമ്പോൾ പ്രകൃതവും ബഹുമുഖമായിരിക്കും. ദശമുഖന് ദശഭാവങ്ങളുണ്ട്. എത്ര കൃതഹസ്തനായ എഴുത്തുകാരനാണെങ്കിലും അതപ്പാടെ ആവിഷ്കരിക്കാൻ കഴിഞ്ഞെന്നു വരില്ല.

ഭരതനടനം പി.ജെ. ആന്റണി എന്ന കലാകാരന്റെ കഥയാണ്. ജീവിതത്തോടുള്ള ആസക്തി നിലനിർത്തിക്കൊണ്ടുതന്നെ ജീവിതത്തെ ലഹരിയാക്കിയ വിനീതനായ കൊച്ചിക്കാരനായിരുന്നു ആന്റണി. അദ്ദേഹത്തിന് മാതൃകയായുണ്ടായിരുന്നത് മറ്റൊരു കൊച്ചിക്കാരനായ ചങ്ങമ്പുഴ കൃഷ്ണപിള്ളയായിരുന്നു.

ചങ്ങമ്പുഴയെപ്പോലെ നഷ്ടസ്വപ്നങ്ങളുടെ വിജനവനൃതയിൽ കുഴലൂതാൻ വിധിക്കപ്പെട്ട ഇടയനായിരുന്നില്ല ആന്റണി. സ്വപ്നംപോലെ കടന്നുവന്ന തന്റെ ചന്ദ്രികയെ (മേരിയെ) ആന്റണിക്ക് സ്വന്തമാക്കാൻ കഴിഞ്ഞു. നാടകമാണ് ജീവിതം എന്ന് ചെറിയ പ്രായത്തിലേ തിരിച്ചറിഞ്ഞ ആന്റണിക്ക് ആരും കൊതിക്കുന്ന ഭരത് അവാർഡ് സ്വന്തമാക്കാൻ കഴിഞ്ഞു. കേവലം അന്തോണിക്കുട്ടിയായിരുന്നപ്പോൾ ആ ബാലന്റെ കവിളിൽ സുബൈദ ആരാധനയോടെ നൽകിയ അത്തറിന്റെ മണമുള്ള ചുടുചുംബനം പോലെ രാഷ്ട്രം അതുല്യനായ ആ കലാകാരന്റെ കവിളിൽ നൽകിയ അംഗീകാരത്തിന്റെ സ്നേഹമുദ്രയായിരുന്നു ആ പതക്കം.

ആന്റണിക്കുവേണ്ടി തട്ടുകളും തട്ടകങ്ങളും കാത്തുകിടന്നു. പക്ഷേ നായകൻ വെള്ളിവെളിച്ചത്തിൽനിന്നും ജീവിതത്തിന്റെ മുഖ്യധാരയിൽനിന്നും ഒഴിവായിനിന്നു. അദ്ദേഹം സ്വയം ദുരന്തകഥാപാത്രമാകുകയായിരുന്നു. ഗ്രീക് ട്രാജഡിയിലെന്നപോലെ അനിവാര്യമായ ദുരന്തമായിരുന്നു അത്. ദുരന്തം എങ്ങനെയാണ് ആ കലാകാരനെ ആകെമൊത്തം ആവരണം ചെയ്തതെന്ന് ഈ നോവൽ വായിക്കുമ്പോൾ മനസ്സിലാകും.

സിനിമയല്ല നാടകമായിരുന്നു ആന്റണിയുടെ കർമരംഗം. മലയാളത്തിലെ തെസ്പിയൻ ആയിരുന്നു ആന്റണി. യവനനാടകവേദിയിലെ ആദ്യത്തെ നടനായിരുന്നു തെസ്പിസ്. ആതൻസിൽ സംരക്ഷിക്കപ്പെട്ടു കിടക്കുന്ന പുരാതനമായ നാടകവേദിയുടെ മുന്നിലെ കൽപ്പടവിലിരുന്ന് തെസ്പിസിന്റെ പ്രകടനം മനസ്സിൽ കണ്ട എന്റെ മുന്നിൽ തെസ്പിസ് പൊടുന്നനെ ആന്റണിയായി മാറി. അത് സ്വാഭാവികമായ രൂപപരിണാമമായിരുന്നു.




വേദിയിൽ സദാസാന്നിധ്യമായിരുന്ന ഹാർമോണിസ്റ്റിനെ ഇറക്കിവിട്ട് വേദി പൂർണമായും അഭിനേതാക്കൾക്കുവേണ്ടി സ്വന്തമാക്കിയ ആന്റണി അക്ഷരാർത്ഥത്തിൽ മലയാളത്തിലെ തെസ്പിയനായിരുന്നു. പുരാതന ഗ്രീക്ക് നാടകങ്ങളുമായി അദ്ദേഹത്തിന് നല്ല അടുപ്പമുണ്ടായിരുന്നു. നാടകത്തിന്റെ ആചാര്യൻ എന്നതുപോലെ ശോകാന്തനാടകത്തിലെ നടൻ എന്നും തെസ്പിയന് അർത്ഥമുണ്ട്.

ആലപ്പി വിൻസെന്റുമൊത്ത് ഒരു സന്ധ്യാനേരത്ത് അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹം സോക്രട്ടീസിന്റെ ജീവചരിത്രം വായിക്കുകയായിരുന്നു. സോക്രട്ടീസിന്റെ ജീവിതത്തെ ആസ്പദമാക്കി ഒരു നാടകത്തിന്റെ ആലോചനയിലായിരുന്നു അദ്ദേഹം. ഒരു തരത്തിൽ സോക്രട്ടീസിനു സദൃശനാണ് ആന്റണി. സമൂഹവുമായി ലേശം പൊരുത്തപ്പെട്ടിരുന്നുവെങ്കിൽ ആ പാനപാത്രം ഒഴിഞ്ഞുപോകുമായിരുന്നു. പീലാത്തോസിനെപ്പോലെ ആതൻസിലെ ജൂറിയും പ്രതിയെ വിട്ടയക്കാൻ ആവുന്നത്ര പരിശ്രമിച്ചതാണ്.

രണ്ടിടത്തും പ്രതികളുടെ സഹകരണമുണ്ടായില്ല. ആരാച്ചാർ തയാറാക്കിയ വിഷചഷകം സോക്രട്ടീസ് വാങ്ങുകയായിരുന്നു. ആന്റണി തനിക്കുള്ള ചഷകം സ്വയം പാകപ്പെടുത്തുകയായിരുന്നു.

ജോസഫ് മേസ്തിരിയുടെ ബോർമയിൽ നിന്നാരംഭിക്കുന്ന കഥനം ആ മേസ്തിരിയുടെ മകനായി ആന്റണി ജനിക്കുന്ന കാലത്തെ സമൃക്കായി വിവരിക്കുന്നു. കാലത്തിന്റെയും ദേശത്തിന്റെയും വിവരണത്തിന് ആഖ്യായികയിൽ അതീവമായ പ്രാധാന്യമുണ്ട്. ലത്തീൻ കത്തോലിക്കരുടെ ജീവിതത്തിന്റെ നേർചിത്രം രുചികളിലൂടെയും അഭിരുചികളിലൂടെയും നന്നായി രേഖപ്പെടുത്തിയിരിക്കുന്നു.

അത് ജോസഫിന്റെ സംഭാവനയാണെന്ന് ദ്രുതവായനയിൽപ്പോലും മനസ്സിലാകും. ജോഷിയുടെ എഴുത്തുമായി അര നൂറ്റാണ്ടിന്റെ പരിചയമുള്ള എനിക്ക് ജോഷി എഴുതിയത് അടിവരയിട്ട് കാണിക്കാൻ കഴിയും. പക്ഷേ പുസ്തകത്തിന്റെ സമഗ്രമായ വായനയിൽ ഈ വ്യത്യാസം അറിയുന്നതേയില്ല. ക്ഷോഭിക്കുന്ന ആന്റണിക്ക് അല്പം കൂടി മിഴിവ് നൽകുകയും ശങ്കരാടി, മരട് ജോസഫ്, തിലകൻ എന്നിവർക്ക് നൽകേണ്ടതായ പ്രാധാന്യം നൽകുകയും ചെയ്തിരുന്നുവെങ്കിൽ ഞാനറിയുന്ന ആന്റണി ആകുമായിരുന്നു.

ഓരോ വായനക്കാരനും ഇങ്ങനെ തോന്നുന്നുവെങ്കിൽ രചനയുടെ പൂർണതയിൽ രചയിതാക്കൾക്ക് സംതൃപ്തരാകാം. ആർക്കും, വ്യാസനുപോലും, ആരുടെയും കഥ പൂർണമായി പറയാനാവില്ല. മഹാരാജാസ് കോളജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ കോളജിലേക്ക് ക്ഷണിക്കാൻ ചെന്ന എന്നെയും സതീർത്ഥ്യരെയും ചീത്ത പറഞ്ഞോടിച്ച ആന്റണി എന്റെ ഓർമയിലുണ്ട്. തലേവർഷം എം.ടി പങ്കെടുത്ത യോഗം അലങ്കോലമാക്കിയ വിദ്യാർത്ഥികളോടുള്ള ദേഷ്യമായിരുന്നു അതെന്ന് ഞങ്ങളെ ആശ്വസിപ്പിച്ചുകൊണ്ട് ശങ്കരാടി പറഞ്ഞു.

എന്റെ സുഹൃത്തുക്കൾ ഹസനും റഷീദും ചേർന്നു നിർമിച്ച പെരിയാറിന്റെ സംവിധായകനെന്ന നിലയിൽ ആലുവയിലെ അജന്ത സ്റ്റുഡിയോയിൽ അദ്ദേഹത്തെ കണ്ടപ്പോൾ ആന്റണി വ്യത്യസ്തനായിരുന്നു. ബഹുമുഖപ്രതിഭയ്ക്ക് ഭാവങ്ങളും ബഹുമുഖമാകും. അതിന്റെ മിന്നലാട്ടങ്ങളാണ് ജോസഫ് വൈറ്റിലയും ജോഷി ജോർജും ചേർന്നെഴുതിയ ഭരതനടനം.


# Certified Accounting & Tax, Inc

506 B Zenith Dr. Glenview, IL 60025

**Personal & Business Income Tax**

FREE Electronic Filing

Incorporation, Sales Tax, Payroll, Business and Personal Income Tax & Accounting



Andrew P Thomas CPA
Cell: (847) 702-3877



Joseph Chamakala CPA
Cell: (847) 370-5673

Ph: (888) OUR-CPA-1, (888) 687-2721(224) 567-8089
Fax: (847) 890-6267 ourcpa1@gmail.com

# സെന്റ് മേരീസിൽ സമ്മർ ക്യാമ്പ് വിജയകരമായി



ഷിക്കാഗോ : മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലത്തിൽ കുട്ടികൾക്കുവേണ്ടി മൂന്ന് ദിവസം നീണ്ടുനിന്ന സമ്മർ ക്യാമ്പ് (Faith Fest-26) വിജയകരമായി നടത്തപ്പെട്ടു.

വികാരി ഫാ. സിജു മുടക്കോടിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബൈബിൾ, പ്രാർത്ഥന, വ്യക്തിത്വ വികസനം, സോഷ്യൽ മീഡിയ, ക്നാനായ ചരിത്രം എന്നീ വിഷയങ്ങളെ ആസ്പതമാക്കി ക്ലാസുകൾ നടത്തപ്പെട്ടു.

ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തൻപുര, സി. അലീസ, ബ്രദർ ജോഷ്, ഷിജി അലക്സ്, ലിൻസൻ കൈതമലയിൽ, ഷൈനി വിരുത്തികുളങ്ങര, ജൂലി പുതുശ്ശേരിൽ, ജെയിംസ് കുന്നശ്ശേരി, റ്റിയ കണ്ടാരപ്പള്ളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

സജി പൂതൃക്കയിൽ ക്യാമ്പ് ഡയറക്ടർ ആയിരുന്നു. ക്യാമ്പിന്റെ ഭാഗമായി നിരവധി ഇൻഡോർ ഔട്ട്ഡോർ ഗയിമുകളും നടത്തിയിരുന്നു. നൈല വാളതാറ്റ്, ജോഷ മരങ്ങാട്ടിൽ, ഡയന വള്ളൂർ എന്നിവർ മികച്ച ക്യാമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ടു.

പാരിഷ് എക്സിക്യൂട്ടീവ്, സിസ്റ്റേഴ്സ്, അധ്യാപകർ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



# ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് കാതോലിക്കാ ബാവക്ക് ഡാളസിൽ വൻ വരവേൽപ്പ്

ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് ബാവക്ക് ഡാളസ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ സമുചിതമായ വരവേൽപ്പ് നൽകി. സ്ഥാനാരോഹണത്തിനു ശേഷം ശ്ലൈഹിക സന്ദർശനത്തിന്റെ ഭാഗമായി ആദ്യമായി ഡാളസിൽ എത്തിയതായിരുന്നു ശ്രേഷ്ഠ ബാവ.

ഡാളസ് ഇന്റർനാഷണൽ എയർപോർട്ടിൽ എത്തിച്ചേർന്ന ബാവയെ റവ. ഫാ. പോൾ തോട്ടക്കാട്ട് (ഭദ്രാസന സെക്രട്ടറി), റവ. ഫാ. ബേസിൽ അബ്രഹാം (വികാരി), റവ.ഫാ. മാർട്ടിൻ ബാബു (അസോസിയേറ്റ് വികാരി), റവ. ഫാ. വർഗീസ് മാലിൽ, ജോസഫ് ജോർജ് (ട്രസ്റ്റി), യൽദൊ മാത്യു (സെക്രട്ടറി), പള്ളി ഭരണസമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ പ്രൗഢഗംഭീരമായ വരവേൽപ്പ് നൽകി.

കമാണ്ടർമാരായ വർഗീസ് ചാമത്തിൽ, ബാബു വടക്കേടത്ത് എന്നിവരും സന്നിഹിതരായിരുന്നു.

ആഗസ്റ്റ് 9 (ഞായർ) രാവിലെ 8 മണിക്ക് കത്തീഡ്രൽ കവാടത്തിൽ, കത്തിച്ച മെഴുകുതിരി, മുത്തുക്കുട, കൊടി എന്നിവയുടെ അകമ്പടിയോടെ ശ്രേഷ്ഠ ബാവയെ സ്വീകരിച്ച് ആനയിച്ചു. പ്രഭാത പ്രാർത്ഥനയെ തുടർന്ന് ശ്രേഷ്ഠ ബാവയുടെ പ്രധാന കാർമ്മികത്വത്തിലും ഭദ്രാസനാധിപൻ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപോലീത്തായുടേയും വന്ദ്യ വൈദീകരുടേയും സഹകാർമ്മികത്വത്തിലും വി.ബലി അർപ്പണവും നടന്നു.

വി. കുർബ്ബാനാനന്തരം നടത്തപ്പെട്ട പൊതു സമ്മേളനത്തിൽ ഇടവക മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. ഗായസംഘം ആലപിച്ച ഭക്തിസാന്ദ്രമായ സ്വാഗത ഗാനത്തോടെ പ്രോഗ്രാമിന് തുടക്കം കുറിച്ചു. റവ. ഫാ. ബേസിൽ അബ്രഹാം (വികാരി) സ്വാഗതമാശംസിച്ചു. റവ. ഫാ. മാർട്ടിൻ ബാബു (അസോസിയേറ്റ് വികാരി), വെരി. റവ. ഏലിയാസ് എരമത്ത് കോർ എപ്പിസ്കോപ്പാ (മുൻ വികാരി), പി. സി. വർഗീസ്, ജോർജ് കറുത്തേടത്ത് എന്നിവർ ആശംസകൾ നേർന്നു.

1977 ൽ കേവലം 5 കുടുംബങ്ങൾ ഒത്ത് ചേർന്ന് ആരംഭം കുറിച്ച ഈ ദേവാലയം ഇന്ന് അതിന്റെ വളർച്ചയുടെ പടവുകൾ ഒന്നൊന്നായി താണ്ടി 200 ലധികം ഇടവകാംഗങ്ങളുള്ള അമേരിക്കൻ അതിഭദ്രാസനത്തിലെ ഏറ്റവും വലിയ കത്തീഡ്രൽ ദേവാലയമായി ഉയർന്നതിൽ, ഈ ദേവാലയത്തിന്റെ മുൻ വികാരി കൂടിയായ തനിക്ക്, അത്യധികം സന്തോഷവും അഭിമാനവുമുണ്ടെന്നും ഈ ഇടവകയുടെ പ്രവർത്തനം അമേരിക്കൻ അതിഭദ്രാസനത്തിനും യാക്കോബായ സുറിയാനി സഭയിലെ മറ്റു ദേവാലയങ്ങൾക്കും ഒരു മാതൃകയാണെന്നുള്ളതിൽ, ഏറെ കൃതാർത്ഥനാണെന്നും ശ്രേഷ്ഠ ബാവ മറുപടി പ്രസംഗത്തിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി. വെരി റവ. വി.എം. തോമസ് കോർ എപ്പിസ്കോപ്പാ, റവ. ഫാ. വർഗീസ് മാലിൽ എന്നിവരും യോഗത്തിൽ സംബന്ധിച്ചു. സെക്രട്ടറി യൽദൊ മാത്യു നന്ദി രേഖപ്പെടുത്തി.

ഒരാഴ്ചയോളം നീണ്ടുനിന്ന സന്ദർശന വേളയിൽ കരോൾട്ടൻ സെന്റ് മേരീസ് ദേവാലയവും ഒക്കലഹോമ സെന്റ് ജോർജ് ദേവാലയവും ശ്രേഷ്ഠ ബാവ സന്ദർശിക്കുകയുണ്ടായി.

12-ാം തീയതി ബുധനാഴ്ച വന്ദ്യ വൈദീകരുടേയും ഒട്ടനവധി വിശ്വാസികളുടെയും അകമ്പടിയോടെ ഡാളസ് ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും ശ്രേഷ്ഠ ബാവ യാത്ര തിരിച്ചു.

ശ്രേഷ്ഠ ബാവയുടെ സന്ദർശനം ഏറെ അനുഗ്രഹകരവും വിജയകരവുമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നതായി വികാരി റവ. ഫാ. ബേസിൽ അബ്രഹാം അറിയിച്ചു.

*കറുത്തേടത്ത് ജോർജ്*

# കെ.എച്ച്.എൻ.എ ഫ്ളോറിഡ റീജിയണൽ ടീം പ്രഖ്യാപിച്ചു,വിപുലമായ നേതൃനിര




ഫ്ളോറിഡ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ), സൗത്ത്ഈസ്റ്റ് റീജിയണിലെ ഫ്ളോറിഡ സംസ്ഥാനത്തെ പുതിയ നേതൃനിരയെ പ്രഖ്യാപിച്ചു. പ്രദീപ് ബി. പിള്ളയുടെ നേതൃത്വത്തിലാണ് വിപുലമായ ടീമിന് രൂപം നൽകിയിരിക്കുന്നത്.

റീജിയണൽ വൈസ് പ്രസിഡന്റായി ചുമതലയേറ്റ പ്രദീപ് ബി. പിള്ളയുടെ നേതൃത്വത്തിൽ, ഫ്ളോറിഡ റീജിയണൽ ചെയറായി ഡോ. ശ്രീകുമാർ ചെല്ലപ്പനും, റീജിയണൽ സെക്രട്ടറിയായി അഭിജിത്ത് പഴേടത്തും, ജോയിന്റ് സെക്രട്ടറിയായി നന്ദകുമാർ ചക്കിങ്ങലും ചുമതലകൾ ഏറ്റെടുത്തു. കെ.എച്ച്.എൻ.എ നാഷണൽ ബോർഡ് ഓഫ് ഡയറക്ടർ അംഗങ്ങളായ അനഘ വാര്യർ, ഗോപൻ നായർ, സുജിത് കുമാർ അച്യുതൻ എന്നിവരും ടീമിന്റെ ഭാഗമാണ്.

സംഘടനയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനായി വിവിധ മേഖലകളിൽ പ്രത്യേക ചെയർമാരെ നിയമിച്ചിട്ടുണ്ട്. അനുരാധ മനോജ് വുമൺസ് ഫോറം ചെയറായും, ജഗതി നായർ കൾച്ചറൽ ചെയറായും, രാജ് കുമാർ സ്പിരിചൽ & സീനിയേഴ്സ് ചെയറായും, വിജയ് കുമാർ എഡ്യൂക്കേഷൻ ചെയറായും, അഭിലാഷ് ശശിധരൻ സ്പോർട്സ് & യുവ ചെയറായും, അരുൺ ഭാസ്കർ ഐടി ചെയറായും, അഷീദ് വാസദേവൻ സേവ ഹാൻഡ്സ് ചെയറായും, രഞ്ജു നായർ ഫിനാൻസ് & ഇക്കണോമിക്സ് ചെയറായും, സച്ചിൻ നായർ സ്പോർട്സ് & യുവ കോചെയറായും പ്രവർത്തിക്കും. കൾച്ചറൽ വൈസ് ചെയറായി അഞ്ജന കൃഷ്ണനും, വുമൺസ് ഫോറം വൈസ് ചെയർ & സെക്രട്ടറിയായി വാണി സുധീഷും, വുമൺസ് ഫോറം ജോയിന്റ് സെക്രട്ടറിയായി സന്ധ്യ പത്മകുമാറും ടീമിൽ ഉൾപ്പെടുന്നു.

യുവജന വിഭാഗത്തിന് ഇക്കുറി ശക്തമായ നേതൃത്വമാണുള്ളത്. ദേവിക വികാസ് യൂത്ത് ചെയർപേഴ്സണായും,ദർശനവികാസ്യൂത്ത്സെക്രട്ടറിയായും, സനിക പിള്ള യൂത്ത് ട്രഷററും സോഷ്യൽ മീഡിയ മാനേജറുമായും, ഹിമഗംഗ വിനോദ് നായർ, മാധവ് സരേഷ് നായർ എന്നിവർ യൂത്ത് കോസെക്രട്ടറിമാരായും, ഹരി കോപ്പള്ളിൽ, തുഷാര വിനോദ് നായർ, സിദ്ധാർഥ് നായർ എന്നിവർ യൂത്ത് കോചെയർമാരായും പ്രവർത്തിക്കും. കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ്കുമാർ കെ.വി., ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവരുൾപ്പെടുന്ന ദേശീയ നേതൃത്വത്തിന്റെ പൂർണ പിന്തുണയോടെ പുതിയ ഫ്ളോറിഡ റീജിയണൽ കമ്മിറ്റി പ്രവർത്തനമാരംഭിക്കുന്നു.

കെ.എച്ച്.എൻ.എ ഗ്ലോബൽ കൺവെൻഷൻ 2027 നവംബർ 25 മുതൽ 28 വരെ ഒർലാണ്ടോയിൽ നടക്കും.



## ഫൊക്കാന തിരഞ്ഞെടുപ്പിൽ വൻ വിജയവും ശക്തമായ പ്രാതിനിധ്യവും ഉറപ്പിച്ച് ടെക്സസ് റീജിയൻ



ഹൂസ്റ്റൺ: ഫിലാഡൽഫിയ കൽഹാരി റിസോർട്ടിൽ നടന്ന ഫൊക്കാന കൺവെൻഷനിൽ ശക്തമായ പങ്കാളിത്തം കാഴ്ചവെച്ചു ടെക്സാസ് റീജിയൻ. മുൻ ഫൊക്കാന പ്രസിഡന്റ് ജി. കെ. പിള്ള, മുൻ റീജിയണൽ വൈസ് പ്രസിഡന്റുമാരായ രഞ്ജിത് പിള്ള, രജി കുര്യൻ, എറിക് മാത്യു, സന്തോഷ് ഐപ്പ് എന്നിവരുടെ നേതൃത്വത്തിൽ നാല്പതോളം പേരാണ് റീജിയണിലെ വിവിധ സംഘടനകളെ പ്രതിനിധാനം ചയ്തു ഫൊക്കാന കൺവെൻഷനിൽ പങ്കെടുത്തത്.

അവിടെ നടന്ന വാശിയേറിയ തിരഞ്ഞെടുപ്പിൽ ആർവിപി ആയി റജി കുര്യൻ വൻ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുപ്പോൾ ഓഡിറ്റർ സ്ഥാനാർഥിയായി നോമിനേഷൻ നൽകിയ ജോൺ ജേക്കബ് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. തന്റെ തൊട്ടടുത്ത സ്ഥാനാർഥിയെക്കാൾ 22 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് റീജിയണൽ വൈസ് പ്രസിഡന്റായി റജി കുര്യൻ തെരഞ്ഞെടുക്കപ്പെട്ടത്.

പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പിന്റെ പ്രവർത്തനങ്ങളിലും വരും ഫൊക്കാന കൺവെൻഷനുകളിലും ടെക്സാസ് റീജിയൻ ശക്തമായി നിലകൊള്ളുമെന്നു റെജി കുര്യനും ജോൺ ജേക്കബും പ്രസ്താവിച്ചു. തങ്ങളെ വിജയിപ്പിച്ച പ്രവർത്തകർക്ക് നന്ദിയും അവർ രേഖപ്പെടുത്തി.

## കെ.എച്ച്.എൻ.എ എംപയർ സ്റ്റേറ്റ് റീജിയൺ ടീം പ്രഖ്യാപിച്ചു

ഫ്ളോറിഡ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ), കണക്റ്റിക്കട്ട്, മസാച്ചുസെറ്റ്സ് എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന എംപയർ സ്റ്റേറ്റ് റീജിയണിലെ പുതിയ നേതൃനിരയെ പ്രഖ്യാപിച്ചു. ശ്രീലക്ഷ്മി അജയിന്റെ നേതൃത്വത്തിലാണ് വിപുലമായ ടീമിന് രൂപം നൽകിയിരിക്കുന്നത്.

എംപയർ സ്റ്റേറ്റ് റീജിയണൽ വൈസ് പ്രസിഡന്റായി ചുമതലയേറ്റ ശ്രീലക്ഷ്മി അജയിന്റെ നേതൃത്വത്തിൽ, റീജിയണൽ വൈസ് ചെയറായി വിഷ്ണു നവനീത് നാരായണൻ പ്രവർത്തിക്കും. നാഷണൽ ബോർഡ് ഓഫ് ഡയറക്ടർ അംഗങ്ങളായ വീണ പിള്ളയും ഗിരീഷ് പോറ്റിയും ടീമിൽ ഉൾപ്പെടുന്നു.

റീജിയണൽ വിമൻസ് ചെയറായി അരുണ ആനന്ദും, യൂവ & യൂത്ത് ചെയറായി മിയ കിഴുതാനിയും ടീമിൽ ഉൾപ്പെടുന്നു.




ബീനാ നായർ സ്പിരിചൽ ഫോറം ചെയറായും, ശ്രീജ വിഷ്ണു കൾച്ചറൽ ഫോറം ചെയറായും, ജ്യോതി മേനോനും വീണ മേനോനും വിമൻസ് ഫോറം വൈസ് ചെയർ ആയും പ്രവർത്തിക്കും.

കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ കെ.വി., ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ട്രസ്റ്റി ബോർഡ് ചെയർ പേഴ്സൺ വനജ നായർ എന്നിവരുൾപ്പെടുന്ന ദേശീയ നേതൃത്വം പുതിയ എംപയർ സ്റ്റേറ്റ് റീജിയൺ ടീമിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു.

കെ.എച്ച്.എൻ.എയുടെ കേരളാ കൺവെൻഷൻ ഒക്ടോബർ 24, 25 തീയതികളിൽ ആലപ്പുഴയിൽ നടക്കും.

ഗ്ലോബൽ കൺവെൻഷൻ ഒർലാണ്ടോയിൽ 2027 നവംബർ 25 മുതൽ 28 വരെ നടക്കുമെന്നും പ്രസിഡന്റ് അറിയിച്ചു.



## മിസ് ഫൊക്കാന 2026 കിരീടം വാഷിംഗ്ടൺ ഡിസിയിൽ നിന്നുള്ള അശ്വതി മേനോൻ കരസ്ഥമാക്കി

മത്സരത്തിലെ ഏറ്റവും ശ്രദ്ധേയമായ നിമിഷമായി മാറിയത് വിജയിയെ പ്രഖ്യാപിച്ച ചടങ്ങായിരുന്നു. 'ആഘോഷം' എന്ന മലയാള സിനിമയുടെ നിർമ്മാതാവ് ഡോ. ലിസി കെ. ഫെർണാണ്ടസ് വിജയിയുടെ പേര് പ്രഖ്യാപിച്ചു. 'ആഘോഷം' ഉൾപ്പെടെയുള്ള സിനിമകൾ നിർമ്മിച്ചിട്ടുള്ള ഡോ. ലിസി കെ. ഫെർണാണ്ടസ്, വിജയിക്ക് തന്റെ അടുത്ത ചിത്രത്തിൽ അരങ്ങേറ്റം കുറിക്കാൻ അവസരം നൽകുമെന്ന് പ്രഖ്യാപിച്ചതോടെ വേദി ആവേശത്തിലായി.

സൗന്ദര്യമത്സരത്തിന്റെ പരിധികൾക്കപ്പുറം, മലയാളി യുവതികളുടെ കലാപരമായ കഴിവുകൾക്കും ആത്മവിശ്വാസത്തിനും സിനിമയിലേക്കുള്ള പുതിയ സാധ്യതകൾക്കും വാതിൽ തുറക്കുന്ന വേദിയായി 'മിസ് ഫൊക്കാന' മാറുകയായിരുന്നു. വിജയിക്ക് ലഭിച്ച സിനിമാ അവസരം ഈ കൺവൻഷനിലെ മത്സരത്തെ കൂടുതൽ ശ്രദ്ധേയമാക്കി.

മത്സരം മൂന്ന് റൗണ്ടുകളിലായാണ് നടന്നത് - കേരളീയ വേഷവും പരിചയപ്പെടുത്തലും, ടാലന്റ് റൗണ്ട്, സാരി -ചോദ്യോത്തര റൗണ്ട്. കേരളീയ സംസ്കാരത്തോടുള്ള ബന്ധം, വ്യക്തിഗത പ്രതിഭ, ആശയവിനിമയ കഴിവ്, ആത്മവിശ്വാസം, സ്റ്റേജ് പ്രസൻസ് എന്നിവ പ്രകടിപ്പിക്കാൻ ഓരോ റൗണ്ടും മത്സരാർത്ഥികൾക്ക് അവസരം നൽകി.

മിസ് ഫൊക്കാന 2026 മത്സരത്തിൽ അശ്വതി മേനോൻ കിരീടം ചൂടി. വർഷ ലിജോ ഒന്നാം റണ്ണർ അപ്പായും ജൊന്നാ മനോജ് രണ്ടാം റണ്ണർ അപ്പായും തിരഞ്ഞെടുക്കപ്പെട്ടു

ഒന്നാം റണ്ണർ അപ്പിനും രണ്ടാം റണ്ണർ അപ്പിനും ക്യാഷ് പ്രൈസുകൾ ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ നൽകുന്ന രീതിയിലാണ് മത്സരം ഒരുക്കിയിരുന്നത്. ഫൊക്കാന വനിതാ ഫോറം ചെയർപേഴ്സൺ രേവതി പിള്ളയുടെ നേതൃത്വത്തിലുള്ള സമിതിയാണ് മത്സരം ഏകോപിപ്പിച്ചത്. സരൂപ അനിൽ ചെയർപേഴ്സണായും പ്രിയ ലൂയിസ് കോചെയറായും പ്രവർത്തിച്ചു.

പ്രത്യേക പുരസ്കാരങ്ങൾ

മത്സരാർത്ഥികളുടെ വ്യത്യസ്ത കഴിവുകളും വ്യക്തിത്വ സവിശേഷതകളും പരിഗണിച്ച് നിരവധി പ്രത്യേക പുരസ്കാരങ്ങളും നൽകി:

ബെസ്റ്റ് ടാലന്റ് - ഐറിൻ തട്ടത്തിൽ, ബെസ്റ്റ് ഹെയർ - ഒലിവിയ ഷാജി, ബെസ്റ്റ് പേഴ്സണാലിറ്റി - സിന്റ ബെനി, ബെസ്റ്റ് വാക്ക് - അഫ്രെ സൂനി, ബെസ്റ്റ് ട്രഡീഷണൽ എലഗൻസ് - സ്റ്റെഫാനി സ്റ്റീഫൻ, ബെസ്റ്റ് സ്മൈൽ - ലിയാന വർഗീസ്

വിമൻസ് ഫോറം നേതാക്കളും വിശ്വാസ ബ്രാൻഡ് സഹഉടമ നിഷ പിള്ളയും ചേർന്നാണ് സബ്കാറ്റഗറി പുരസ്കാരങ്ങൾ സമ്മാനിച്ചത്.

സബ്കാറ്റഗറി ട്രോഫികൾ മുഴുവൻ വിശ്വാസ ബ്രാൻഡിന്റെ ടമാ്യൂററവശ ഒമശ്യ ഏ്യീംവേ ഛശഹ സ്പോൺസർ ചെയ്തു. രേവതി പിള്ള, നേഹ പിള്ള, നിഷ പിള്ള എന്നിവരാണ് വിശ്വാസ ബ്രാൻഡിന്റെ ഉടമകൾ.

മത്സരാർത്ഥികളെ വിലയിരുത്തുന്നതിനായി പ്രമുഖരായ മൂന്ന് അംഗങ്ങളടങ്ങിയ ജഡ്ജിംഗ് പാനലാണ് ഉണ്ടായിരുന്നത് - മിനി സജൻ, രാജൻ ചീരൻ, ഡോ. ആലിസ് മാത്യു. മത്സരാർത്ഥികളെ വിലയിരുത്തുന്നതിന് അവർ നൽകിയ സമയം, പരിചയം, ശ്രദ്ധ, വൈദഗ്ധ്യം എന്നിവയ്ക്ക് വിമൻസ് ഫോറം നന്ദി അറിയിച്ചു.

ഫൊക്കാന വിമൻസ് ട്രെയിൽബ്ലേസർ അവാർഡ് ബിനു പിള്ളഅബ്ദുലിന്

പരിപാടിയുടെ ഇടവേളയിൽ നടന്ന ഏറ്റവും ശ്രദ്ധേയമായ ചടങ്ങുകളിലൊന്നായിരുന്നു ഫൊക്കാന വിമൻസ് ട്രെയിൽബ്ലേസർ അവാർഡ് സമ്മാനിച്ചത്. ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ ആദ്യ മലയാളി വനിതാ ഡിറ്റക്ടീവ് എന്ന ചരിത്രനേട്ടം കൈവരിച്ച ബിനു പിള്ളഅബ്ദുലിനെ ആദരിച്ചുകൊണ്ടാണ് പുരസ്കാരം നൽകിയത്.

പ്രശസ്ത ചലച്ചിത്ര സംവിധായകനും പദ്മവിഭൂഷൺ പുരസ്കാര ജേതാവുമായ അടൂർ ഗോപാലകൃഷ്ണനാണ് പുരസ്കാരം സമ്മാനിച്ചത്. ഇതോടെ ചടങ്ങ് കൂടുതൽ അവിസ്മരണീയമായി. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ഉൾപ്പെടെയുള്ള നേതാക്കൾ സന്നിഹിതരായിരുന്നു.

ഫൊക്കാനാ കൺവൻഷന്റെ വേദിയിൽ നിന്ന് മലയാള സിനിമയിലേക്കുള്ള ഒരു പുതുവാതിൽ തുറന്നുകൊടുത്ത 'മിസ് ഫൊക്കാന 2026', അമേരിക്കൻ മലയാളി സമൂഹത്തിലെ യുവതലമുറയുടെ സ്വപ്നങ്ങൾക്കും കഴിവുകൾക്കും പുതിയ ആകാശം സമ്മാനിച്ച ശ്രദ്ധേയമായ വേദിയായി.

## മന്ത്ര രാമായണ മാസാചരണം ഭക്തിസാന്ദ്രമായി സമാപിച്ചു

സനാതന ധർമ്മത്തിന്റെ മഹത്തായ ജീവിതമൂല്യങ്ങളും രാമായണത്തിന്റെ തത്ത്വസന്ദേശവും സമൂഹത്തിലേക്കും വരുംതലമുറകളിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ മന്ത്ര സംഘടിപ്പിച്ച രാമായണ മാസാചരണം വിവിധ ആത്മീയപഠന പരിപാടികളോടെ ഭക്തിസാന്ദ്രമായി സമാപിച്ചു.

മനോജ് വി. നമ്പൂതിരിയുടെ അനുഗ്രഹപ്രഭാഷണത്തോടെയാണ് രാമായണ മാസാചരണത്തിന് തുടക്കമായത്. മന്ത്ര ജനറൽ സെക്രട്ടറി ഉണ്ണി തൊയക്കാട്ടിന്റെ നേതൃത്വത്തിൽ നടന്ന പരിപാടികൾ രഞ്ജിനി നായർ, കാനഡ ഏകോപിപ്പിച്ചു.

സമാപന സമ്മേളനത്തിൽ കിഴക്കേടം ഹരി നാരായണൻജിയുടെ പ്രഭാഷണവും സത്സംഗവും പങ്കെടുത്തവർക്ക് വേറിട്ട ആത്മീയാനുഭവമായി. പങ്കെടുക്കുന്നവരുടെ മനസ്സിലേക്ക് രാമായണത്തിന്റെ തത്ത്വവും ധാർമ്മിക സന്ദേശവും ആഴത്തിൽ എത്തിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

'ധർമ്മത്തിന്റെ വഴിയിലൂടെ ജീവിതത്തെ നയിച്ച ശ്രീരാമന്റെ മഹത്തായ സന്ദേശമാണ് രാമായണം. സനാതന ധർമ്മത്തിന്റെ മൂല്യങ്ങളും ശ്രീരാമന്റെ ജീവിതാദർശങ്ങളും സമൂഹത്തിലേക്കും വരുംതലമുറകളിലേക്കും പകർന്നു നൽകുന്നതിനായി മന്ത്ര തങ്ങളാൽ കഴിയുന്ന പങ്ക് നിർവഹിക്കാൻ സാധിക്കുന്നു എന്നത് വലിയ നേട്ടമായാണ് കാണുന്നത്,' എന്ന് മന്ത്ര പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ അഭിപ്രായപ്പെട്ടു.

## പിസിനാക്ക് 41–ാമത് കൺവെൻഷന് ഒക്കലഹോമയിൽ പുതിയ ഭാരവാഹികൾ



ഒക്കലഹോമ: 2028 ജൂൺ 29 മുതൽ ജൂലൈ രണ്ടു വരെ ഒക്കലഹോമയിൽ നടക്കുന്ന 41-ാമത് പിസിനാക്ക് (പെന്തക്കോസൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്) നാഷണൽ കോൺഫറൻസിലേക്കുള്ള ഒക്കലഹോമയിലെ സംഘാടകരെ തിരഞ്ഞെടുത്തു.

ലോക്കൽ കൺവീനർ പാസ്റ്റർ കെ.ഒ. ജോൺസൺ, ലോക്കൽ കൺവീനർ ബ്രദർ കുരിയൻ സക്കറിയ, ലോക്കൽ സെക്രട്ടറി ബ്രദർ ബാലൻപിള്ള, ലോക്കൽ ട്രഷറർ ബ്രദർ വർഗീസ് ജോസഫ്, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ & നാഷണൽ റെപ് ബ്രദർ ഫിന്നി എബ്രഹാം, ടെക്നോളജി കോ-ഓർഡിനേറ്റർ & മുൻ നാഷണൽ റെപ് ബ്രദർ നോബി മാത്യു എന്നിവരെ ഏകകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു.

പ്രസ്തുത കൺവെൻഷന്റെ വൻ വിജയത്തിനായുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയതായും ഈ കൺവെൻഷനിലേക്കു എല്ലാ സുമനസ്സുകളുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിക്കുന്നതായും സംഘാടകർ അറിയിച്ചു.

ശങ്കരൻകുട്ടി

# വാഷിംഗ്ടൺ നേരിടുന്ന വൻ സാമ്പത്തിക ഭീഷണികൾ!

(ഒന്നാം പേജ് തുടർച്ച)

ബില്യൺ ഡോളറായി ഇരട്ടിയാക്കാൻ ട്രെഷറി തീരുമാനിച്ചു.

**40 ട്രില്യൺ ഡോളർ കടബാധ്യതയും വെയർഹൗസ് ബജറ്റ് വെല്ലുവിളികളും**

അമേരിക്കൻ സാമ്പത്തിക അടിത്തറയെ ആകെ ഉലയ്ക്കുന്ന രീതിയിലാണ് കഴിഞ്ഞ ഏതാനും മാസങ്ങളായി ഫെഡറൽ കടബാധ്യതകൾ കുതിച്ചുയർന്നത്.

**1. ബൈഡൻട്രംപ് ഭരണകാലത്തെ കടം ഇരട്ടിയാകൽ പ്രക്രിയകൾ**

2017ൽ ഏകദേശം 20 ട്രില്യൺ ഡോളറായിരുന്ന അമേരിക്കൻ കടമാണ് വെറും ഒൻപത് വർഷം കൊണ്ട് 40.047 ട്രില്യണിലേക്ക് എത്തിയത്. ട്രംപ് ആദ്യമായി അധികാരത്തിൽ ഇരുന്നപ്പോഴും പിന്നീട് ജോ ബൈഡന്റെ ഭരണകാലത്തും, അതിനശേഷം ട്രംപിന്റെ പുതിയ ഭരണത്തിലും നടപ്പിലാക്കിയ ലക്ഷക്കണക്കിന് കോടിയുടെ നികുതി വെട്ടിക്കുറയ്ക്കലുകളും സബ്സിഡികളും രാജ്യത്തിന്റെ വരുമാനത്തെ കുത്തനെ ഇല്ലാതാക്കി. വരുമാനത്തേക്കാൾ 2 ട്രില്യൺ ഡോളറിലധികം തുക പ്രതിവർഷം അധികമായി ചെലവഴിക്കുന്നതാണ് ട്രെഷറിയെ കടക്കെണിയിലാക്കിയത്.

**2. നാഷണൽ ഡിഫൻസിനെയും മെഡിക്കെയറിനെയും മറികടക്കുന്ന പലിശ ചിലവുകൾ**

കടബാധ്യത ഉയർന്നതോടെ അമേരിക്ക പ്രതിവർഷം അടയ്ക്കേണ്ടി വരുന്ന വായ്പാ പലിശ തുക മാത്രം 1.1 ട്രില്യൺ ഡോളറായി കുതിച്ചുയർന്നു. രാജ്യത്തിന്റെ പ്രതിരോധ ബജറ്റിനേക്കാളും മുതിർന്ന പൗരന്മാർക്കുള്ള മെഡിക്കെയർ ആരോഗ്യ പദ്ധതികളേക്കാളും വലിയ തുകയാണ് ഇപ്പോൾ അമേരിക്ക വായ്പാ പലിശയായി മാത്രം തിരിച്ചടയ്ക്കുന്നത്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കഴിഞ്ഞാൽ അമേരിക്കൻ ബജറ്റിലെ രണ്ടാമത്തെ ഏറ്റവും വലിയ ചിലവിനമായി കടത്തിന്റെ പലിശ മാറിയിരിക്കുന്നു.

**3. ജൂലൈ മാസത്തിലെ 432 ബില്യൺ ഡോളറിന്റെ ബജറ്റ് കമ്മി**

കഴിഞ്ഞ ഫിസ്കൽ വർഷത്തെ മൊത്തം കമ്മിയെ മറികടന്ന്, ഫിസ്കൽ 2026 ന്റെ ആദ്യ 10 മാസത്തിനുള്ളിൽ തന്നെ അമേരിക്കയുടെ ബജറ്റ് കമ്മി വൻതോതിൽ ഉയർന്നു. 2026 ജൂലൈ മാസത്തിൽ മാത്രം 432 ബില്യൺ ഡോളറിന്റെ ചരിത്രപരമായ ബജറ്റ് കമ്മിയാണ് രേഖപ്പെടുത്തിയത്. ഇറക്കുമതി നികുതികൾക്ക് മേൽ സുപ്രീം കോടതി ഉത്തരവുകളെ തുടർന്ന് കസ്റ്റംസ് ടാക്സ് തിരിച്ചുകൊടക്കേണ്ടി വന്നതും അടിയന്തിര തുക ചോർച്ചയ്ക്ക് വഴിവെച്ചു.

**4. വിദേശ നിക്ഷേപകരുടെ പിന്മാറ്റങ്ങളും ബോണ്ട് വിപണി സമ്മർദ്ദങ്ങളും**

അമേരിക്കൻ ബോണ്ടുകളുടെ പ്രധാന വാങ്ങലുകാരായ വിദേശ രാജ്യങ്ങളും നിക്ഷേപകരും തങ്ങളുടെ പക്കലുള്ള യുഎസ് സെക്യൂരിറ്റികളുടെ വിഹിതം കുറച്ചുകൊണ്ടു വരികയാണ്. മൊത്തം ട്രെഷറി കടത്തിന്റെ മൂന്നിലൊന്ന് കയ്യിൽ വെച്ചിരുന്ന വിദേശ നിക്ഷേപകർ പിന്മാറുന്നത്, ബോണ്ടുകളുടെ വില ഇടിയാനും പലിശ നിരക്കുകൾ കുതിച്ചുയരാനും കാരണമാകുന്നു. ഇത് അമേരിക്കൻ റിയൽ എസ്റ്റേറ്റ്, മോർട്ട്ഗേജ് പലിശ നിരക്കുകളെ കൂടുതൽ ഭാരമുള്ളതാക്കുന്നു.

**ട്രഷറി സെക്രട്ടറി സ്കോട്ട് ബെസന്റിന്റെ ഇരട്ടി ബൈബാക്ക് തന്ത്രങ്ങൾ**

ബോണ്ട് വിപണിയിലെ വൻ വിറ്റൊഴിക്കലും പലിശ വർദ്ധനവും തടയാൻ വാഷിംഗ്ടൺ അടിയന്തിര കടം തിരിച്ചുവാങ്ങൽ നടപടികളിലേക്ക് കടന്നു.

**1. ദീർഘകാല ബോണ്ട് ബൈബാക്കുകൾ 4 ബില്യണിലേക്ക് ഉയർത്തൽ**

10 മുതൽ 30 വർഷം വരെയുള്ള യുഎസ് ട്രഷറി ബോണ്ടുകൾ വിപണിയിൽ നിന്നും തിരികെ വാങ്ങുന്ന ബൈബാക്ക് പരിധി ഓപ്പറേഷൻ ഒന്നിന് 2 ബില്യണിൽ നിന്നും 4 ബില്യൺ ഡോളറായി ഇരട്ടിയാക്കാൻ സ്കോട്ട് ബെസന്റ് ഉത്തരവിട്ടു. സെപ്രംബർ 9 മുതൽ നവംബർ 4 വരെ ഈ വിപുലീകരിച്ച ബൈബാക്കുകൾ വിപണിയിൽ ലഭ്യമാകും. കടപ്പത്ര വിപണിയിലെ പണലഭ്യത കൂട്ടാനും പലിശ നിരക്കുകൾ ശാന്തമാക്കാനുമാണ് ഈ അടിയന്തിര നീക്കം.

**2. ബോണ്ട് ഈൽഡുകളിൽ ഉണ്ടായ അടിയന്തിര ആശ്വാസങ്ങളും മാറ്റങ്ങളും**

ചൊവ്വാഴ്ച 30വർഷ യുഎസ് ട്രഷറി ഈൽഡുകൾ 2007ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കായ 5.34 ശതമാനത്തിലേക്ക് എത്തിയതിനെ തുടർന്ന് ആഗോള വിപണിയിൽ വലിയ പരിഭ്രാന്തി പടർന്നിരുന്നു. എന്നാൽ ബുധനാഴ്ച രാവിലെ ട്രഷറിയുടെ ഇരട്ടി ബൈബാക്ക് പ്രഖ്യാപനം വന്നതോടെ ഈൽഡുകൾ പെട്ടെന്ന് 5.18 ശതമാനത്തിലേക്ക് താഴേക്ക് പതിച്ചു. 10വർഷ ബോണ്ട് ഈൽഡുകളിലും 6 ബേസിസ് പോയിന്റിന്റെ ഇടിവ് രേഖപ്പെടുത്തി.

**3. ഉയർന്ന പലിശ നിരക്കുകളും ഫെഡറൽ റിസർവിലെ ഭിന്നതകളും**

ട്രഷറി ബോണ്ട് ബൈബാക്കുകളിലൂടെ വിപണിയെ ശാന്തമാക്കാൻ ശ്രമിക്കമ്പോഴും ഫെഡറൽ റിസർവ് അടിസ്ഥാന പലിശ നിരക്കുകൾ കുറയ്ക്കാൻ മടിക്കുകയാണ്. ബാങ്ക് പലിശ നിരക്കുകൾ നിലവിലുള്ള 3.5% -3.75% പരിധിയിൽ നിന്നും ഉയർത്തേണ്ടി വരുമെന്ന് ഫെഡ് സമിതിയിലെ ചില അംഗങ്ങൾ ജൂലൈ യോഗ മിനിറ്റ്സിൽ മുന്നറിയിപ്പ് നൽകി. ഇന്ധന പണപ്പെരുപ്പം 3.4 ശതമാനമായി തുടരുന്നത് പലിശ നിരക്കുകൾ വേഗത്തിൽ വെട്ടിച്ചുരുക്കുന്നതിന് തടസ്സമാകുന്നു.

**4. ഓഹരി വിപണി പ്രതിഫലനങ്ങളും സ്വർണ്ണ വിലയിലെ കുതിച്ചുചാട്ടങ്ങളും**

യുഎസ് ട്രഷറിയുടെ ഈ അടിയന്തിര വിപണി ഇടപെടലിനെ തുടർന്ന് യുഎസ് ഡോളറിന്റെ മൂല്യം താൽക്കാലികമായി ഇടിയുകയും സ്വർണ്ണ വില അന്താരാഷ്ട്ര വിപണിയിൽ ശക്തമായി കുതിച്ചുയരുകയും ചെയ്തു. ആഗോളതലത്തിൽ യുകെ, യൂറോപ്യൻ ഗവൺമെന്റ് ബോണ്ട് ഈൽഡുകളിലും നേരിയ ഇടിവ് ദൃശ്യമായി. എഐ മേഖലയിലെ നിക്ഷേപങ്ങൾ മൂലം ഓഹരി വിപണികൾ ഉയർന്നു നിൽക്കുന്നുണ്ടെങ്കിലും ഭാരമേറിയ കടബാധ്യത സാമ്പത്തിക വിദഗ്ദ്ധരിൽ കടുത്ത ഭീതി ഉണർത്തുന്നുണ്ട്.

അമേരിക്കൻ സാമ്പത്തിക രംഗത്തെ പിടിച്ചുകുലുക്കുന്ന രീതിയിൽ കടബാധ്യത 40 ട്രില്യൺ ഡോളറിലേക്ക് ഉയർന്നത് ആഗോള ധനകാര്യ സുരക്ഷയ്ക്ക് വലിയൊരു മുന്നറിയിപ്പാണ്. ബോണ്ട് വിപണിയെ രക്ഷിക്കാൻ ട്രഷറി സെക്രട്ടറി സ്കോട്ട് ബെസന്റ് അടിയന്തിരമായി ബൈബാക്കുകൾ ഇരട്ടിയാക്കിയെങ്കിലും, അനിയന്ത്രിതമായ കമ്മി ചിലവുകൾ തടയാൻ കഴിഞ്ഞില്ലെങ്കിൽ ലോക സാമ്പത്തിക വ്യവസ്ഥ വലിയൊരു അനിശ്ചിതത്വത്തിലേക്ക് വീഴും.

# ഇറാനെ തകർക്കാൻ ചരിത്രത്തിലെ ഏറ്റവും കടുപ്പമേറിയ സാമ്പത്തിക ഉപരോധവുമായി ട്രംപ്

(ഒന്നാം പേജ് തുടർച്ച)

വരാനിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളും മുൻനിർത്തിയാണ് ട്രംപ് ഇത്തരമൊരു കടുത്ത തീരുമാനം കൈക്കൊണ്ടതെന്നാണ് വിദേശ മാധ്യമങ്ങളുടെ വിലയിരുത്തൽ.

കൂടുതൽ സാമ്പത്തിക പ്രഹരമേൽപ്പിച്ച് ഇറാനെ ചർച്ചയ്ക്ക് നിർബന്ധിതരാക്കുക എന്നതാണ് ട്രംപിന്റെ പുതിയ നീക്കം.

യുഎസ് സാമ്പത്തിക വകുപ്പ് ഇറാനെതിരെ മുൻപെങ്ങുമില്ലാത്ത തരത്തിലുള്ള കടുത്ത നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുമെന്ന് ട്രഷറി വൃത്തങ്ങൾ സ്ഥിരീകരിച്ചു.

ഇത് ഇറാന്റെ എണ്ണ വരുമാനത്തെയും സമ്പദ്വ്യവസ്ഥയെയും ഗുരുതരമായി ബാധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

ഗൾഫ് മേഖലയിൽ ഉടലെടുത്തിരിക്കുന്ന ഈ പുതിയ പ്രതിസന്ധി ആഗോള എണ്ണ വിപണിയെയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.

കപ്പലുകൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളും നാവിക ഉപരോധവും അന്താരാഷ്ട്ര തലത്തിൽ വലിയ ആശങ്കയാണ് ഉയർത്തുന്നത്.

വരും ദിവസങ്ങളിൽ ഇരുരാജ്യങ്ങളും സ്വീകരിക്കുന്ന നിലപാടുകൾ വിപണിയിൽ നിർണ്ണായകമാകും.

# ഹൂസ്റ്റൺ ക്നാനായ പള്ളിയിൽ സീനിയർ മിനിസ്റ്റിയുടെ ഓണഘോഷം



ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ ഫെറോനാ ഇടവകയിലെ സീനിയർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഓണഘോഷം വിപുലവുമായ പരിപാടികളോടെ ആഘോഷിച്ചു. ഓഗസ്റ്റ് 19ന് രാവിലെ 9:00 മണിക്ക് അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് ആഘോഷപരിപാടികൾക്ക് തുടക്കമായത്.

വിശുദ്ധ കുർബാനയ്ക്ക് ശേഷം സീനിയർ മിനിസ്ട്രിയുടെ ബുധനാഴ്ചകളിലെ പതിവ് പ്രവർത്തനങ്ങൾ നടന്നു. തുടർന്ന് സംഘടനയിലെ വനിതകൾ അവതരിപ്പിച്ച മനോഹരമായ പരമ്പരാഗത തിരുവാതിരക്കളി ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. സീനിയർ മിനിസ്ട്രി അംഗങ്ങൾതന്നെ തയ്യാറാക്കിയ കേരളീയ തനിമയാർന്ന വിഭവങ്ങൾ അടങ്ങിയ വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾ സമാപിച്ചത്.

ഓണത്തിന്റെ പാരമ്പര്യ തനിമ വിളിച്ചോതുന്ന പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ചാണ് അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തത്. വികാരി ഫാ. എബ്രഹാം മുത്തോലത്ത്, ഫാ. ജോഷി വലിയവീട്ടിൽ, സിസ്റ്റർ റജി SJC, ബിബി തെക്കനാട്ട് എന്നിവരും സീനിയർ മിനിസ്ട്രിയുടെ ഭാരവാഹികളും ചേർന്ന് പരിപാടികൾക്ക് നേതൃത്വം നൽകി.

*ബിബി തെക്കനാട്ട്*

## ഫ്രോസൺ ബ്ലൂബെറികളിൽ ഇ-കോളി ബാധ: ഉൽപ്പന്നം തിരിച്ചുവിളിച്ച് എഫ്.ഡി.എ



ന്യൂയോർക്ക് : യു.എസിലെ പ്രമുഖ ഗ്രോസറി ശൃംഖലയായ പബ്ലിക്സിന്റെ സ്റ്റോറുകളിൽ വിറ്റഴിച്ച ഫ്രോസൺ ബ്ലൂബെറികളുടെയും മിക്സ്ഡ് ബെറികളും എഫ്.ഡി.എ തിരിച്ചുവിളിച്ചു. ഉൽപ്പന്നം ഉപയോഗിക്കുന്നത് വഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കോ ജീവഹാനിക്കോ സാധ്യതയുള്ള സാഹചര്യങ്ങളിലാണ് എഫ്.ഡി.എ ഈ ഉയർന്ന ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിക്കുന്നത്.

ഇ-കോളി ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്ന് ജൂലൈ 29നാണ് നാല് തരം 'ഗ്രീൻ വൈസ് ഓർഗാനിക്' ഫ്രോസൺ ബെറികൾ പബ്ലിക്സ് വിപണിയിൽ നിന്ന് തിരിച്ചെടുക്കാൻ തുടങ്ങിയത്. എട്ട് യു.എസ് സംസ്ഥാനങ്ങളിലായി ഇതിനോടകം 12 പേർക്ക് രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ടെന്ന് സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ വ്യക്തമാക്കി. എന്നാൽ ഇതുവരെ മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

അലബാമ, ഫ്ളോറിഡ, ജോർജ്ജിയ, കെന്റക്കി, നോർത്ത് കരോലിന, സൗത്ത് കരോലിന, ടെന്നസി, വിർജീനിയ എന്നീ സംസ്ഥാനങ്ങളിലെ പബ്ലിക്സ് സ്റ്റോറുകളിൽ വിതരണം ചെയ്ത 10 ഔൺസ്, 48 ഔൺസ് പാക്കറ്റുകളിലുള്ള ഗ്രീൻവൈസ് ഓർഗാനിക് ബ്ലൂബെറി, മിക്സ്ഡ് ബെറി ഉൽപ്പന്നങ്ങളാണ് റീക്കോൾ ചെയ്തിരിക്കുന്നത്. 2028 ഫെബ്രുവരി 9ന് മുൻപ് കാലാവധി പൂർത്തിയാകുന്ന ഈ പാക്കറ്റുകൾ വാങ്ങിയവർ ഉടൻ തന്നെ ഇവ വലിച്ചെറിയുകയോ പബ്ലിക്സ് സ്റ്റോറുകളിൽ തിരികെ നൽകി പണം കൈപ്പറ്റുകയോ ചെയ്യണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

ശക്തമായ വയറുവേദന, വയറിളക്കം, ഛർദ്ദി എന്നിവയ്ക്ക് കാരണമാകുന്ന ബാക്ടീരിയയാണ് ഇ-കോളി. ഗുരുതരമായ സാഹചര്യങ്ങളിൽ ഇത് ഹീമോലിറ്റിക് യുറീമിക് സിൻഡ്രോമിനും അതുവഴി വൃക്കകളുടെ പ്രവർത്തനരഹിതമാകലിനും കാരണമായേക്കാം. കഴിഞ്ഞ ആഴ്ചയും സമാനമായ രീതിയിൽ സാൽമൊണെല്ല ബാധയുടെ പശ്ചാത്തലത്തിൽ വിപണിയിലെത്തിയ മുട്ടകൾ തിരിച്ചു വിളിച്ചിരുന്നു.




## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–744–0046**

#081226

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#081226

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#081226



## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#081226

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#081226




# നൊവേന

## വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എനിക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**സാം ഡേവിഡ്**

#081926

## ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ക്രിസ്റ്റി ഫെർണാണ്ടസ്**

#081926

Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM
To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
For E-Paper reading visit Vachakam.com
Vachakam.com

## പെൻസിൽവാനിയയിൽ പൊലീസ് ഹെലകോപ്റ്ററും ചെറുവിമാനവും ആകാശത്ത് വച്ച് കൂട്ടിയിടിച്ചു



അമേരിക്കയിലെ പെൻസിൽവാനിയയിൽ പൊലീസ് ഹെലികോപ്റ്ററും ചെറുവിമാനവും ആകാശത്ത് വച്ച് കൂട്ടിയിടിച്ചതായി റിപ്പോർട്ട്. ബുധനാഴ്ച വൈകിട്ട് പെൻസിൽവാനിയയിലെ കാർലൈസ് വിമാനത്താവളത്തിന് സമീപം കംബർലാൻഡ് വാലിയിലാണ് അപകടമുണ്ടായത്. ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷനും സംസ്ഥാന അധികൃതരുമാണ് ഇക്കാര്യം അറിയിച്ചത്.

പ്രാദേശിക സമയം വൈകിട്ട് 7.50ഓടെയാണ് സെസ്ന 150 വിമാനവും ബെൽ 407 ഹെലികോപ്റ്ററും ആകാശത്ത് കൂട്ടിയിടിച്ചതെന്ന് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ അറിയിച്ചു.

ഹെലികോപ്റ്ററിൽ രണ്ട് പേരുണ്ടായിരുന്നു എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്. എന്നാൽ വിമാനത്തിൽ എത്ര പേർ ഉണ്ടായിരുന്നുവെന്ന് നിലവിൽ വ്യക്തമല്ലെന്നും എഅഅ അറിയിച്ചു.

അപകടത്തിൽപ്പെട്ടത് പെൻസിൽവാനിയ സ്റ്റേറ്റ് പൊലീസിന്റെ വിമാനമാണെന്ന് സംസ്ഥാന ഗവർണർ ജോഷ് ഷാപിറോ സ്ഥിരീകരിച്ചു.

അതേസമയം കാർലൈസ് വിമാനത്താവളം നിയന്ത്രിത എയർ ട്രാഫിക് ടവർ ഇല്ലാത്ത വിമാനത്താവളമാണ്. അതിനാൽ ഇവിടെ എയർ ട്രാഫിക് കൺട്രോളർമാർ പ്രവർത്തിക്കുന്നില്ല. പകരം വിമാനങ്ങളും ഹെലികോപ്റ്ററുകളും ഒരേ റേഡിയോ ഫ്രീക്വൻസിയിലൂടെ പരസ്പരം ആശയവിനിമയം നടത്തിയാണ് ആകാശത്തെ നീക്കങ്ങൾ ഏകോപിപ്പിക്കുന്നത്.

അപകടത്തെക്കുറിച്ചുള്ള വിശദമായ അന്വേഷണം നാഷണൽ ട്രാൻസ്പോർട്ടേഷൻ സേഫ്റ്റി ബോർഡിന്റെ നേതൃത്വത്തിൽ നടക്കും.



## 72–ാമത് നെഹ്റുട്രോഫി വള്ളംക്കളി മത്സരം ആഗസ്റ്റ് 22 ശനിയാഴ്ച, മാങ്കൊമ്പ് സെന്റ് പയസ് ചുണ്ടൻ & സെന്റ് പയസ് ബോട്ട് ക്ലബ് ക്യാപ്ടനായി കാവാലം സജി

ആലപ്പുഴ പുന്നമട കായലിൽ ആഗസ്റ്റ് 22 ശനിയാഴ്ച നടക്കുന്ന 72-ാമത് നെഹ്റു ട്രോഫി വള്ളിക്കളി മത്സര നടക്കും. ഓണാഘോഷ വേളയിൽ ജലമേള സംഘടിപ്പിക്കുന്നത് പ്രവാസികളടക്കമുള്ള കാണികൾക്കും വിനോദ സഞ്ചാരികൾക്കും സഹായകരമാവും.

വള്ളംകളിയിൽ മാങ്കൊമ്പ് സെന്റ് പയസ് ചുണ്ടൻ & സെന്റ് പയസ് ബോട്ട് ക്ലബ്ബ് ക്യാപ്ടനായി ഹോളിവുഡ് പ്രോഡ്യൂസർ & മലയാള സിനിമാ പ്രൊഡ്യൂസറുമായ കാവാലം സജി (സജി വർഗീസ്) മൂന്നാം തവണയും തിരഞ്ഞെടുത്തു.

മത്സരത്തിൽ 22 ചുണ്ടൻ വള്ളങ്ങൾ ഉൾപ്പെടെ ആകെ 71 വള്ളങ്ങൾ മാറ്റുരയ്ക്കുന്നു. രാവിലെ 11ന് ഹീറ്റ്സ് മത്സരങ്ങളും ഉച്ചയ്ക്ക് 1.30ന് ഉദ്ഘാടന ചടങ്ങും, 2മണിയോടെ പ്രധാന മത്സരങ്ങൾ ആരംഭിക്കും. വള്ളംകളിയോടനുബന്ധിച്ച് പുന്നമടയും പരിസരവും 16 സെക്ടറുകളായി തിരിച്ച് 1700ൽ പരം പോലീസ് ഉദ്യോഗസ്ഥരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്.

# സ്കൂൾ അച്ചടക്ക നയങ്ങളിൽ 'വംശീയ തുല്യത' വരത്തേണ്ടതില്ല: വിവാദ നിർദ്ദേശവുമായി യു.എസ് വിദ്യാഭ്യാസ വകുപ്പ്

വാഷിങ്ടൺ: വിദ്യാർത്ഥികൾക്കെതിരായ ശിക്ഷാനടപടികളിൽ വംശീയ അസമത്വം കുറയ്ക്കുന്നതിനായി നയങ്ങളിൽ മാറ്റം വരുത്തുന്നതിൽ നിന്ന് വിദ്യാലയങ്ങൾ വിട്ടുനിൽക്കണമെന്ന് അമേരിക്കൻ വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകി. വംശീയ അടിസ്ഥാനത്തിലുള്ള അസമത്വം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മാത്രം ശിക്ഷാനയങ്ങളിൽ മാറ്റം വരുത്തുന്നത് വിവേചനമായി കണക്കാക്കാമെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ പൗരാവകാശ വിഭാഗം വ്യക്തമാക്കിയത്.

അമേരിക്കയിലെ ഔദ്യോഗിക പൗരാവകാശ കണക്കുകൾ പ്രകാരം കറുത്ത വർഗക്കാരായ വിദ്യാർത്ഥികൾക്ക് മറ്റു വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ അപേക്ഷിച്ച് അനുപാതാതീതമായി ഉയർന്ന തോതിലാണ് ശിക്ഷാനടപടികൾ നേരിടേണ്ടിവരുന്നത്. രണ്ടായിരത്തി ഇരുപത്തിമൂന്നിലെ വിദ്യാഭ്യാസ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം പൊതുവിദ്യാലയങ്ങളിലെ പ്രീസ്കൂൾ വിദ്യാർത്ഥികളിൽ കറുത്ത വർഗക്കാരായ കുട്ടികൾക്ക് സ്കൂളിൽ നിന്ന് പുറത്താക്കുന്ന തരത്തിലുള്ള സസ്പെൻഷൻ ലഭിച്ച നിരക്ക് ഇരട്ടിയായിരുന്നു.




വംശീയ അസമത്വം കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ മാത്രം ഒരു വിദ്യാലയം ശിക്ഷാനയങ്ങളിൽ മാറ്റം വരുത്തുന്നത് വംശീയ വിവേചനമായി കണക്കാക്കുമെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ പൗരാവകാശ വിഭാഗം കത്തിൽ അറിയിച്ചു. വംശത്തിന്റെ പേരിൽ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത പരിഗണന ലഭിക്കുന്നില്ലെന്ന് വിദ്യാലയങ്ങൾ ഉറപ്പാക്കണമെന്നും നിർദേശത്തിൽ പറയുന്നു.

വംശീയ അസമത്വം പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളെ വംശീയ സന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന ശ്രമമായി കണക്കാക്കുന്നത് തന്നെ വിവേചനമാണെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ നിലപാട്. കഴിഞ്ഞ മാസം ദീർഘകാലമായി നിലവിലുണ്ടായിരുന്ന വ്യത്യസ്ത വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെ അനുപാതാതീതമായി ബാധിക്കുന്ന നയങ്ങളുമായി ബന്ധപ്പെട്ട നിരവധി ചട്ടങ്ങൾ വിദ്യാഭ്യാസ വകുപ്പ് നീക്കം ചെയ്തതിന് പിന്നാലെയാണ് പുതിയ നിർദേശം പുറത്തുവന്നത്.

വൈവിധ്യവും തുല്യതയും ലക്ഷ്യമിട്ടുള്ള നിരവധി പദ്ധതികൾക്കെതിരെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടം നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരം പദ്ധതികൾ വെള്ളക്കാരെയും പുരുഷന്മാരെയും വിവേചനപരമായി ബാധിക്കുന്നുവെന്നാണ് ട്രംപ് ഭരണകൂടത്തിന്റെ വാദം. എന്നാൽ, പിന്നാക്ക വിഭാഗങ്ങളെ സഹായിക്കുന്ന നടപടികൾ ഒഴിവാക്കുന്നതിലൂടെ വർഷങ്ങളായി കൈവരിച്ച സാമൂഹിക പുരോഗതി പിന്നോട്ടുപോകുകയാണെന്ന് പൗരാവകാശ പ്രവർത്തകർ ആരോപിച്ചു.

വിദ്യാഭ്യാസ മേഖലയിലെ തുല്യതയ്ക്കായി പ്രവർത്തിക്കുന്ന എഡ് ട്രസ്റ്റിന്റെ വിദ്യാഭ്യാസ നയ വിഭാഗം ഡയറക്ടർ എറിക് ഡങ്കൻ വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ നിർദേശത്തെ വിമർശിച്ചു. വംശീയ അസമത്വം പരിഹരിക്കേണ്ടതിന് പകരം വംശത്തെ അവഗണിക്കാൻ വിദ്യാലയങ്ങളോട് ആവശ്യപ്പെടുന്നത് പ്രശ്നപരിഹാരമല്ലെന്ന് അദ്ദേഹം പറഞ്ഞു. അമേരിക്കൻ വിദ്യാലയങ്ങളിൽ കറുത്ത വർഗക്കാരായ വിദ്യാർത്ഥികൾ ദീർഘകാലമായി കടുത്ത ശിക്ഷാനടപടികൾ നേരിടുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

രണ്ടായിരത്തി ഇരുപത്തിമൂന്നിലെ റിപ്പോർട്ടിലെ കണക്കുകൾ പ്രകാരം പൊതുവിദ്യാലയങ്ങളിലെ പ്രാഥമിക തലം മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കറുത്ത വർഗക്കാരായ ആൺകുട്ടികൾക്ക് വെള്ളക്കാരായ ആൺകുട്ടികളെ അപേക്ഷിച്ച് സ്കൂളിൽ നിന്ന് പുറത്താക്കുന്ന തരത്തിലുള്ള സസ്പെൻഷനോ പുറത്താക്കലോ ലഭിക്കാനുള്ള സാധ്യത ഏകദേശം ഇരട്ടിയായിരുന്നു. കറുത്ത വർഗക്കാരായ പെൺകുട്ടികൾക്ക് വെള്ളക്കാരായ പെൺകുട്ടികളെ അപേക്ഷിച്ച് സ്കൂളിനകത്തെ സസ്പെൻഷൻ, സ്കൂളിന് പുറത്തുള്ള സസ്പെൻഷൻ, പുറത്താക്കൽ എന്നിവയിൽ ഒന്നോ അതിലധികമോ നേരിടാനുള്ള സാധ്യതയും ഏകദേശം ഇരട്ടിയാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

# കുറഞ്ഞ വിലയ്ക്ക് സ്ട്രോബെറി കയറ്റുമതി ചെയ്തെന്ന യുഎസ് ആരോപണം; നടപടിയിൽ പ്രതിഷേധിച്ച് മെക്സിക്കോ

മെക്സിക്കോ സിറ്റി: മെക്സിക്കോയിൽ നിന്ന് അമേരിക്കയിലേക്ക് ശൈത്യകാലത്ത് കയറ്റുമതി ചെയ്യുന്ന സ്ട്രോബെറി സാധാരണ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിൽക്കുന്നുവെന്ന യുഎസ് വാണിജ്യ വകുപ്പിന്റെ പ്രാഥമിക കണ്ടെത്തലിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി മെക്സിക്കൻ സർക്കാർ.

മെക്സിക്കൻ കമ്പനികൾ സാധാരണ വിലയേക്കാൾ 3.37 ശതമാനം മുതൽ 5.28 ശതമാനം വരെ കുറഞ്ഞ വിലയ്ക്കാണ് സ്ട്രോബെറി അമേരിക്കയിൽ വിൽക്കുന്നതെന്നാണ് യുഎസ് വാണിജ്യ വകുപ്പിന്റെ പ്രാഥമിക കണ്ടെത്തൽ. കമ്പനികളെ ആശ്രയിച്ച് ശരാശരി വിലവ്യത്യാസം 4.83 ശതമാനമാണെന്നും മെക്സിക്കൻ സാമ്പത്തിക മന്ത്രാലയം അറിയിച്ചു.

മെക്സിക്കൻ സ്ട്രോബെറി കയറ്റുമതിക്കെതിരെ 2025 ഡിസംബർ 31നാണ് കേസിന് തുടക്കമായത്. ഫ്ളോറിഡയിലെ സ്ട്രോബെറി കർഷകർ യുഎസ് വാണിജ്യ വകുപ്പിനും അന്താരാഷ്ട്ര വ്യാപാര കമ്മീഷനും പരാതി നൽകുകയായിരുന്നു. മെക്സിക്കോയിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് സ്ട്രോബെറി ഇറക്കുമതി ചെയ്യുന്നതിനെതിരെ അധിക തീരുവ ഏർപ്പെടുത്തണമെന്നായിരുന്നു ആവശ്യം.

യുഎസ് നടപടി മെക്സിക്കോയിലെ ഏകദേശം 5,000 സ്ട്രോബെറി കർഷകരെ ബാധിച്ചേക്കും. ഇവരിൽ 97 ശതമാനവും 10 ഹെക്ടർ (25 ഏക്കർ) വരെ ഭൂമിയുള്ള ചെറുകിട, ഇടത്തരം കർഷകരാണ്. സ്ട്രോബെറി കൃഷിയുമായി ബന്ധപ്പെട്ട ഏകദേശം 1.51 ലക്ഷം തൊഴിലുകളെയും നടപടി ബാധിക്കാനിടയുണ്ട്.



2025ൽ മെക്സിക്കോ 2.63 ലക്ഷം മെട്രിക് ടൺ സ്ട്രോബെറിയാണ് അമേരിക്കയിലേക്ക് കയറ്റുമതി ചെയ്തത്. ഇതിന്റെ ആകെ മൂല്യം ഏകദേശം ഒരു ബില്യൺ ഡോളറായിരുന്നു. അമേരിക്കൻ വാണിജ്യ വകുപ്പിന്റെ നടപടിയെ തുടർന്ന് അന്തിമ തീരുമാനം വരുന്നതുവരെ ഉൽപാദകരുമായും കയറ്റുമതിക്കാരുമായും ചേർന്ന് നടപടികൾ സൂക്ഷ്മമായി നിരീക്ഷിക്കുമെന്ന് മെക്സിക്കൻ സർക്കാർ അറിയിച്ചു.

അന്താരാഷ്ട്ര വ്യാപാര കമ്മീഷന്റെ അന്തിമ തീരുമാനം 2027ന്റെ തുടക്കത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അമേരിക്കൻ വാണിജ്യ വകുപ്പ് ഉപയോഗിച്ച മാനദണ്ഡങ്ങൾ ലോക വ്യാപാര സംഘടനയുടെ ആന്റിഡമ്പിങ് കരാറിനും യുഎസ്മെക്സിക്കോകാനഡ കരാറിലെ വ്യവസ്ഥകൾക്കും യോജിക്കുന്നതല്ലെന്നും മെക്സിക്കൻ സർക്കാർ ആരോപിച്ചു.

കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിലൂടെ അമേരിക്കൻ വിപണിയിലെ പ്രാദേശിക കർഷകർക്ക് ഉണ്ടാകുന്ന ആഘാതം ചൂണ്ടിക്കാട്ടിയാണ് യുഎസ് അധികൃതർ അന്വേഷണം നടത്തുന്നത്. എന്നാൽ യുഎസ് വാണിജ്യ വകുപ്പിന്റെ പ്രാഥമിക കണ്ടെത്തലിനെ മെക്സിക്കോ ശക്തമായി എതിർക്കുകയാണ്.

JAIBU MATHEW KULANGARA, EA
TAX SERVICES FOR PERSONAL & BUSINESS
Enrolled to Practice Before IRS | Free Electronic Filing

Office: 773 792 2117
Home: 847 298 0786
Cell: 312 718 6337
7215 W Touhy, Suite 6
Chicago, Illinois 60631




## യു.എസ്. വ്യാപാര തർക്കം: പ്രതിസന്ധി പരിഹരിക്കാൻ അമേരിക്കൻ മദ്യത്തിനുള്ള നിരോധനം നീക്കാൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നിർദ്ദേശം

ഒട്ടാവ: കാനഡയും അമേരിക്കയും തമ്മിലുള്ള വ്യാപാര നികുതി തർക്കങ്ങൾ പരിഹരിക്കാനുള്ള നിർണായക ശ്രമങ്ങളുടെ ഭാഗമായി, യു.എസ് ഉൽപ്പന്നങ്ങൾക്കും മദ്യത്തിനും ഏർപ്പെടുത്തിയിരുന്ന പ്രവിശ്യാതല വിലക്കുകൾ പിൻവലിക്കാൻ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി രാജ്യത്തെ പ്രവിശ്യാ ഭരണാധികാരികളോട് ആവശ്യപ്പെട്ടു.

കാനഡയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് പ്രഖ്യാപിച്ച 50 ശതമാനം നികുതി താൽക്കാലികമായി നിർത്തിവെക്കാൻ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തയാറായ പശ്ചാത്തലത്തിലാണ് ഈ നീക്കം.

തന്ത്രപ്രധാനമായ ചില വ്യാവസായിക മേഖലകളിലെ തീരുവ കുറയ്ക്കുന്നത് സംബന്ധിച്ച് ഇരുരാജ്യങ്ങളും തമ്മിൽ വാഷിംഗ്ടണിൽ ഇപ്പോഴും ചർച്ചകൾ തുടരുകയാണ്. സ്റ്റീൽ, അലുമിനിയം, വാഹനം, വനം അധിഷ്ഠിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതികളിൽ കാര്യമായ ഇളവ് നൽകണമെന്നാണ് കാനഡ പ്രധാനമായും അമേരിക്കയോട് ആവശ്യപ്പെടുന്നത്.

ഇതിനകം തന്നെ സ്റ്റീൽ നികുതി 50 ശതമാനത്തിൽ നിന്ന് 25 ശതമാനമായി കുറയ്ക്കാൻ ധാരണയായതായി ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

കൂടാതെ ഡെയറി മേഖല ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലെ ഉഭയകക്ഷി തർക്കങ്ങൾ പരിഹരിക്കാനും ഇരുരാജ്യങ്ങളും ശ്രമിക്കുന്നുണ്ട്. ഈ സാമ്പത്തിക ചർച്ചകളിൽ തങ്ങൾക്ക് അനുകൂലമായ കുറവുകൾ കണ്ടാൽ മാത്രമേ അമേരിക്കൻ മദ്യം വീണ്ടും കടകളിൽ ലഭ്യമാക്കൂ എന്ന നിലപാടിലാണ് ഒന്റാറിയോ, ബ്രിട്ടീഷ് കൊളംബിയ തുടങ്ങിയ പ്രധാന പ്രവിശ്യകൾ.

ചർച്ചകൾ പുരോഗമിക്കുന്നത് സാമ്പത്തിക വിപണിയിൽ അനുകൂല തരംഗമാണ് ഉണ്ടാക്കിയിട്ടുള്ളത്. എങ്കിലും അന്തിമ കരാറിന്റെ കൂടുതൽ വിശദാംശങ്ങൾ പുറത്തുവന്നാൽ മാത്രമേ കനേഡിയൻ വ്യവസായ മേഖലയ്ക്ക് ഇതിന്റെ യഥാർത്ഥ പ്രയോജനം വ്യക്തമാകൂ എന്ന് പ്രമുഖ സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

രാജ്യത്തിന്റെ പരമാധികാരവും വ്യാപാര താൽപര്യങ്ങളും സംരക്ഷിച്ചുകൊണ്ട് തന്നെ യു.എസ് നികുതി ഭീഷണി ഒഴിവാക്കാനുള്ള തീവ്ര ശ്രമത്തിലാണ് കനേഡിയൻ സർക്കാർ.

## കാനഡയിൽ വ്യാജ മേപ്പിൾ സിറപ്പ് വിവാദം: പ്രമുഖ സൂപ്പർമാർക്കറ്റ് ശൃംഖലകൾക്കെതിരെ കേസ്

കാനഡയിലെ പ്രമുഖ ഗ്രോസറി ശൃംഖലകൾ വ്യാജവും മായം ചേർത്തതുമായ മേപ്പിൾ സിറപ്പ് വിറ്റഴിച്ചതായി ആരോപണം. ലോകപ്രശസ്തമായ കനേഡിയൻ മേപ്പിൾ സിറപ്പിൽ കരിമ്പിൻ പഞ്ചസാരയും വെള്ളവും ചേർത്ത് മായം കലർത്തി വിറ്റതിനെതിരെ ക്യുബെക് സുപ്പീരിയർ കോടതിയിൽ ഹർജി ഫയൽ ചെയ്തു. ലോബ്ലോസ്, മെട്രോ, സോബീസ് തുടങ്ങിയ വൻകിട സൂപ്പർമാർക്കറ്റ് ശൃംഖലകൾക്കെതിരെയാണ് ഉപഭോക്താക്കൾ നിയമപോരാട്ടത്തിന് ഇറങ്ങിയിരിക്കുന്നത്.

'ശുദ്ധമായ മേപ്പിൾ സിറപ്പ്' എന്ന വ്യാജേന വർഷങ്ങളായി ഗുണനിലവാരമില്ലാത്ത ഉൽപ്പന്നം വിറ്റഴിച്ചതിലൂടെ ഈ കമ്പനികൾ ഉപഭോക്താക്കളുടെ വിശ്വാസം ലംഘിച്ചുവെന്ന് ഹർജിയിൽ ആരോപിക്കുന്നു. മോൺട്രിയൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'എറാബ്ലിയേർ സ്റ്റീവ് ബോർഡ്യൂ' എന്ന നിർമ്മാതാക്കളിൽ നിന്നാണ് സൂപ്പർമാർക്കറ്റുകൾ ഈ സിറപ്പ് വാങ്ങി വിറ്റഴിച്ചത്.

ഉൽപ്പന്നങ്ങളുടെ യഥാർത്ഥ വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ഇവ ലഭ്യമായപ്പോൾ തന്നെ ഇതിൽ



മായം ചേർത്തിട്ടുണ്ടാകാമെന്ന് സംശയിക്കേണ്ടതായിരുന്നുവെന്നും, അത് പരിശോധിക്കാതെ വിപണിയിലെത്തിച്ച സൂപ്പർമാർക്കറ്റുകൾക്ക് ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്നും ഹർജിയിൽ പറയുന്നു.

പ്രശസ്ത മാധ്യമമായ റേഡിയോ കാനഡ നടത്തിയ അന്വേഷണാത്മക റിപ്പോർട്ടിലൂടെയാണ് തട്ടിപ്പ് പുറത്തുവന്നത്. കടകളിൽ നിന്ന് ശേഖരിച്ച സാമ്പിളുകൾ സ്വതന്ത്ര ലാബിൽ പരിശോധിച്ചപ്പോൾ സിറപ്പിൽ 50 ശതമാനത്തോളം കരിമ്പിൻ പഞ്ചസാര ചേർത്തതായി കണ്ടെത്തുകയായിരുന്നു. കൂടാതെ ഒന്റാറിയോയിൽ നിന്ന് വാങ്ങിയ സിറപ്പ് 'ക്യുബെകിന്റെ ഉൽപ്പന്നം' എന്ന വ്യാജ ലേബലൊട്ടിച്ച് വിറ്റതായി നിർമ്മാതാവ് സമ്മതിച്ചതായും റിപ്പോർട്ടിലുണ്ട്.

2010 മുതൽ ഈ വ്യാജ സിറപ്പ് വിപണിയിലുള്ളതിനാൽ ലക്ഷക്കണക്കിന് ആളുകൾ തട്ടിപ്പിനിരയായിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. സ്ലേറ്റർ വെച്ചിയോ എന്ന നിയമസ്ഥാപനം മുഖേന ഫയൽ ചെയ്ത കേസിൽ തട്ടിപ്പിനിരയായ ഓരോ ഉപഭോക്താവിനും നഷ്ടപരിഹാരവും വാങ്ങിയ തുകയുടെ റീഫണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. മുൻപും സമാനമായ രീതിയിൽ ദശലക്ഷക്കണക്കിന് ഡോളറിന്റെ മേപ്പിൾ സിറപ്പ് തട്ടിപ്പ് നടന്ന ചരിത്രം കാനഡയിലുണ്ടായിട്ടുണ്ട്.

## കാനഡയിലേക്ക് യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് ഗോതമ്പിന്റെ തള്ളിക്കയറ്റം: വിപണിക്ക് വൻ ഭീഷണിയെന്ന് കമ്മീഷൻ റിപ്പോർട്ട്

ഒട്ടാവ: യുകെ, ഇറ്റലി, പോളണ്ട് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ഗോതമ്പ് ഗ്ലൂട്ടന്റെ അമിതമായ തള്ളിക്കയറ്റം കാനഡയിലെ പ്രാദേശിക ഗോതമ്പ് വ്യവസായത്തെ സാരമായി ബാധിക്കുന്നതായി റിപ്പോർട്ട്. കനേഡിയൻ ഇന്റർനാഷണൽ ട്രേഡ് ട്രിബ്യൂണൽ നടത്തിയ പ്രാഥമിക പരിശോധനയിലാണ് വിദേശ രാജ്യങ്ങളുടെ ഈ അന്യായമായ വ്യാപാര രീതികൾ പ്രാദേശിക വിപണിക്ക് ഭീഷണിയാകുന്നതായി കണ്ടെത്തിയത്.

ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിലെ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലോ, അല്ലെങ്കിൽ വൻ നഷ്ടത്തിലോ മറ്റു രാജ്യങ്ങളിലേക്ക് സാധനങ്ങൾ വിറ്റഴിക്കുന്ന രീതിയെയാണ് വ്യാപാര മേഖലയിൽ 'ഡംപിംഗ്' എന്ന് വിളിക്കുന്നത്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇത്തരം കുറഞ്ഞ വിലയിലുള്ള ഗോതമ്പിന്റെ ഇറക്കുമതി കാനഡയിലെ പ്രാദേശിക നിർമ്മാതാക്കളുടെ വിപണി വിഹിതത്തെയും ലാഭത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് കാനഡ ബോർഡർ സർവീസ് ഏജൻസി വ്യക്തമാക്കുന്നു.



നേരത്തെ കാനഡയിൽ നിന്നുള്ള ദുറം ഗോതമ്പിന്റെ കയറ്റുമതിയിൽ വൻ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു. ഇറ്റലി ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് കാനഡയിൽ നിന്ന് വലിയ തോതിൽ ഗോതമ്പ് കയറ്റി അയച്ചിരുന്നുവെങ്കിലും, തിരിച്ച് ഇവയിൽ നിന്നുള്ള പ്രൊസസ്സ് ചെയ്ത ഗ്ലൂട്ടൻ ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയിൽ കനേഡിയൻ വിപണിയിലേക്ക് എത്തുന്നത് ആഭ്യന്തര വിപണിക്ക് വലിയ തിരിച്ചടിയായി മാറിയിരിക്കുകയാണ്.

ജൂൺ 19നാണ് ഈ വിഷയത്തിൽ ഔദ്യോഗിക അന്വേഷണം ആരംഭിച്ചത്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇത്തരം അനഭിലഷണീയമായ വ്യാപാര നീക്കങ്ങൾക്കെതിരെ സെപ്തംബർ 17ഓടെ അന്തിമ തീരുമാനമുണ്ടാകുമെന്നാണ് കരുതപ്പെടുന്നത്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാനഡ ഈ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് പ്രത്യേക നികുതിയോ നിയന്ത്രണങ്ങളോ ഏർപ്പെടുത്താൻ സാധ്യതയുണ്ട്.




# ഡിജിറ്റൽ വോൾട്ടുകൾ വിട്ട് പർവ്വതഗുഹകളിലേക്ക്: ആൽപ്സിന്റെ നെഞ്ചുപിളർന്ന് കോടീശ്വരന്മാരുടെ ഭൂഗർഭ സാമ്രാജ്യം

കാലാവസ്ഥാവ്യതിയാനത്തിന്റെരൂക്ഷമായ ആഘാതങ്ങൾ, അതിവേഗം പുകയുന്ന ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, അണബോംബ് ഭീഷണികൾ, എഐ സാങ്കേതികവിദ്യ ഉയർത്തുന്ന പുതിയ സുരക്ഷാ ആശങ്കകൾ എന്നിവയാൽ ലോകം ഇന്ന് സമാനതകളില്ലാത്ത അസ്ഥിരതയിലൂടെയാണ് കടന്നപോകുന്നത്.

ആഗോള സാമ്പത്തിക ക്രമങ്ങൾ പോലും തകർച്ചയുടെ വക്കിലെത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ, വൻകിട നഗരങ്ങളിലെ ബാങ്ക് ലോക്കറുകളിലോ ഡിജിറ്റൽ വോൾട്ടുകളിലോ സ്വന്തം ആസ്തികളും ജീവനും സുരക്ഷിതമല്ലെന്ന തിരിച്ചറിവ് അതിസമ്പന്നരെ ഒരു പഴയകാല പ്രതിരോധ രീതിയിലേക്ക് നയിക്കുകയാണ്. സ്വാഭാവിക പാറക്കെട്ടുകൾക്കുള്ളിലെ ഭൂഗർഭ കോട്ടകൾ. ഒരു ഹോളിവുഡ് സ്പൈ ത്രില്ലർ സിനിമയെ ഓർമ്മിപ്പിക്കുന്ന രീതിയിലാണ് സ്വിറ്റ്സർലൻഡിലെ ആൽപ്സ് പർവ്വതനിരകളിൽ ശതകോടീശ്വരന്മാർക്കായി ഒരു ഭൂഗർഭ സാമ്രാജ്യം ഉദയം ചെയ്യുന്നത്.

### ആൽപൈൻ പാറക്കെട്ടുകൾക്കുള്ളിലെ ഭൂഗർഭ അത്ഭുതം

സ്വിറ്റ്സർലൻഡിലെ മനോഹരമായ ലങ്കേൺ ഗ്രാമത്തിനടുത്തുള്ള ബ്രൂണിഗ് മാസിഫ് പർവ്വതനിര തുരന്നാണ് ബ്രൂണിഗ് മെഗാ സേഫ് എന്ന അതീവ സുരക്ഷിതമായ ഭൂഗർഭ നിലവറ നിർമ്മിക്കുന്നത്. നൂറിലധികം മീറ്ററുകൾ അതായത് മുന്നൂറിലധികം അടി ഉയരമുള്ള കൂറ്റൻ ആൽപൈൻ ചുണ്ണാമ്പുകല്ലുകൾതുരന്ന് എഞ്ചിനീയർമാരുംസാങ്കേതിക വിദഗ്ധരും ചേർന്ന് പണിയുന്ന ഈ പദ്ധതി ഭാഗികമായി അതീവ ആഡംബരനിർമ്മിതിയും,ഭാഗികമായിന്യൂക്ലിയർ ഗ്രേഡ് പ്രതിരോധ ശേഷിയുള്ള ബങ്കറുമാണ്.

രണ്ട് ഡസനോളം വരുന്ന പ്രത്യേക വോൾട്ടുകളിൽ അതിസമ്പന്നർക്ക് തങ്ങളുടെ അമൂല്യമായ കലാസൃഷ്ടികൾ, വിന്റേജ് വൈനുകൾ, അപൂർവ്വ ഫെരാരി കാറുകൾ എന്നിവ ഭദ്രമായി സൂക്ഷിക്കാം. പ്രകൃതിദത്തമായി 13 ഡിഗ്രി സെൽഷ്യസ് താപനില നിലനിൽക്കുന്നതിനാൽ ഇവ കാലങ്ങളോളം കേടുകൂടാതെ സംരക്ഷിക്കപ്പെടും. 99 വർഷത്തെ പാട്ട വ്യവസ്ഥയിൽ നൽകുന്ന ഈ സൗകര്യത്തിന്റെ ഒരു പ്രവേശന കവാടത്തിന് മാത്രം ഏകദേശം 500,000 സ്വിസ് ഫ്രാങ്കുകളോളം ചിലവ് വരുന്നു.

### മൂല്യമുള്ള ആസ്തികൾ മുതൽ അത്യാധുനിക അതിജീവന കേന്ദ്രം വരെ



തുടക്കത്തിൽ മൂല്യമുള്ള വസ്തുക്കൾ സൂക്ഷിക്കാനുള്ള കേന്ദ്രമായി മാത്രമാണ് ഇത് ആസൂത്രണം ചെയ്തതെങ്കിലും, ലോകത്ത് വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇതിനെ മനുഷ്യന്റെ ആത്യന്തിക അതിജീവന കേന്ദ്രമായി പുനർനിർമ്മിക്കുകയായിരുന്നു. ദുരന്തമുഖങ്ങളിൽ നിമിഷനേരം കൊണ്ട് പാറക്കൂട്ടങ്ങളെ ആഡംബര റൂമുകളായും, എക്സിക്യൂട്ടീവ് ബോർഡ് റൂമുകളായും, രഹസ്യ പാനിക് റൂമുകളായും മാറ്റാൻ സാധിക്കുന്ന മോഡുലാർ പ്ലഗ് ഇൻ ലിവിങ് ക്വാർട്ടേഴ്സുകൾ ഇവിടെ സജ്ജീകരിക്കുന്നുണ്ട്.

മൾട്ടിടയർ സുരക്ഷാ സംവിധാനങ്ങൾ മറികടന്നു മാത്രം പ്രവേശിക്കാവുന്ന ഈ സമുച്ചയം ഉപരിതലത്തിൽ എന്തുതന്നെ മഹാദുരന്തമോ യുദ്ധമോ സംഭവിച്ചാലും ഉള്ളിലുള്ളവർക്ക് പൂർണ്ണ സുരക്ഷ ഉറപ്പുനൽകുന്നു. തന്ത്രപരമായ സുരക്ഷാ പരിശീലനങ്ങൾക്കായി ഇവർ ബ്രൂണിഗ് ഇൻസ്റ്റിറ്റ്യൂട്ടുമായും സഹകരിക്കുന്നുണ്ട്.

### ശീതയുദ്ധ ചരിത്രത്തിൽ നിന്ന് ശതകോടീശ്വരന്മാരുടെ സ്വകാര്യ ബങ്കറുകളിലേക്ക്

ശീതയുദ്ധ കാലഘട്ടം മുതൽ രാജ്യത്തെ മുഴുവൻ പൗരന്മാരെയും ഉൾക്കൊള്ളാൻ ശേഷിയുള്ള സൈനിക കോട്ടകളും ബോംബ് ഷെൽട്ടറുകളും നിർമ്മിച്ച് സ്വിറ്റ്സർലൻഡ് കൈവരിച്ച നൂറ്റാണ്ടുകളുടെ ചരിത്രപരമായ അനുഭവ സമ്പത്താണ് ഈ പദ്ധതിക്ക് പിന്നിലുള്ളത്. അന്ന് സാധാരണക്കാരായ ജനങ്ങൾക്കായി നിർമ്മിച്ച സിവിക് ഷെൽട്ടറുകളുടെ ആധുനിക രൂപം ഇന്ന് ആഗോള ശതകോടീശ്വരന്മാർക്ക് മാത്രം പ്രാപ്യമായ സ്വകാര്യ പങ്കാളിത്ത പദ്ധതിയായി പുനരവതരിക്കപ്പെടുന്നു.

ബാങ്ക് അക്കൗണ്ടുകളോ ഡിജിറ്റൽ സാമ്പത്തിക സംവിധാനങ്ങളോ അല്ല, മറിച്ച് നൂറുകണക്കിന് അടി കട്ടിയുള്ള പാറക്കെട്ടുകളാണ് ഏറ്റവും വലിയ സുരക്ഷിത ആസ്തിയെന്ന് ബിസിനസ്സ് ലോകം വിലയിരുത്തുന്നു. പണം കൊണ്ട് ആത്യന്തിക സുരക്ഷയും സമാധാനവും വാങ്ങാമെന്ന പ്രായോഗിക സിദ്ധാന്തത്തിന്റെ ഉത്തമ ഉദാഹരണമായി ഈ ഭൂഗർഭ കോട്ട മാറുന്നു. പ്രകൃതിയുടെ മഹാശക്തിക്കും പ്രഹരശേഷിക്കും മുന്നിൽ അടിയറവ് പറയാതെ, ഏതുവിധത്തിലുള്ള പ്രളയത്തെയും പ്രകൃതിയുടെ വികൃതികളെയും മനുഷ്യനിർമ്മിത ദുരന്തങ്ങളെയും അതിജീവിക്കാൻ മാനവരാശി നടത്തുന്ന നിശ്ചയദാർഢ്യത്തിന്റെ സാക്ഷ്യപത്രമാണ് ഈ ആൽപൈൻ സാമ്രാജ്യം.

ആധുനിക എഞ്ചിനീയറിംഗിന്റെയും സാങ്കേതിക വിദ്യയുടെയും പാരമ്യത്തിൽ നിന്നുകൊണ്ട്, ഭൂമിയുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് സുരക്ഷിതത്വത്തിന്റെ പുതിയ അതിരുകൾ പണിയമ്പോൾ അവിടെ തെളിയുന്നത് മനുഷ്യന്റെ അടങ്ങാത്ത അതിജീവന തൃഷ്ണയും കണ്ടുപിടുത്ത മികവുമാണ്.

വരും തലമുറകൾ ഇതൊരുപക്ഷേ പ്രകൃതിയുടെ വെല്ലുവിളികൾക്കെതിരെ മനുഷ്യബുദ്ധി പടുത്തുയർത്തിയ അത്ഭുതകരമായ പ്രതിരോധ കോട്ടയായി ചരിത്രത്തിൽ അടയാളപ്പെടുത്തും.

# നാസയുടെ സാഹസിക ബഹിരാകാശ ദൗത്യം പരാജയപ്പെട്ടു: 'സ്വിഫ്റ്റ്' ടെലിസ്കോപ്പ് ഭൂമിയിൽ പതിക്കും



വാഷിംഗ്ടൺ: ഭ്രമണപഥത്തിൽ നിന്ന് താഴേക്ക് പതിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ പ്രശസ്തമായ ബഹിരാകാശ ടെലിസ്കോപ്പിനെ രക്ഷിക്കാനുള്ള നാസയുടെ സാഹസിക ദൗത്യം പരാജയപ്പെട്ടു. ബഹിരാകാശ പേടകങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിനായി രൂപകൽപ്പന ചെയ്ത 'ലിങ്ക്' എന്ന പരീക്ഷണാത്മക പേടകത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടതോടെയാണ് ദൗത്യം പരാജയത്തിലേക്ക് വഴിമാറിയത്.

സ്വകാര്യ കമ്പനിയായ കാറ്റലിസ്റ്റ് സ്പേസ് നിർമ്മിച്ച് ജൂലൈയിൽ വിക്ഷേപിച്ച 'ലിങ്ക്' പേടകം ഉപയോഗിച്ച് 2004 മുതൽ പ്രവർത്തിക്കുന്ന 'നീൽ ഗെഹ്റൽസ് സ്വിഫ്റ്റ് ഒബ്സർവേറ്ററി'യുടെ ഭ്രമണപഥം ഉയർത്താനായിരുന്നു നാസയുടെ ലക്ഷ്യം. എന്നാൽ വിക്ഷേപണത്തിന് തൊട്ടുപിന്നാലെ പേടകത്തിന്റെ ദിശ നിയന്ത്രിക്കുന്ന ഹാർഡ്‌വെയറിലും ത്രസ്റ്റർ എഞ്ചിനുകളിലും തകരാറുകൾ സംഭവിക്കുകയും പേടകം കറങ്ങാൻ തുടങ്ങുകയും ചെയ്തതോടെ ഭൂമിയുമായുള്ള ആശയവിനിമയം വിച്ഛേദിക്കപ്പെടുകയായിരുന്നു.

സൗര കൊടുങ്കാറ്റുകളെ തുടർന്ന് സ്വിഫ്റ്റ് ടെലിസ്കോപ്പ് പ്രതീക്ഷിച്ചതിലും വേഗത്തിൽ ഭൂമിയിലേക്ക് പതിക്കാൻ തുടങ്ങിയതോടെയാണ് 30 മില്യൺ ഡോളർ ചെലവഴിച്ച് കാറ്റലിസ്റ്റ് കമ്പനിക്ക് നാസ ഈ കരാർ നൽകിയത്. ഗാമാറേ വികിരണങ്ങളെക്കുറിച്ച് പഠിക്കാൻ 2004ൽ വിക്ഷേപിച്ച സ്വിഫ്റ്റിന് ഏഴ് വർഷത്തെ ആയുസ്സാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 21 വർഷമായി അത് വിജയകരമായി പ്രവർത്തിച്ചുവരികയായിരുന്നു.

ഭ്രമണപഥം ഉയർത്താൻ സാധിക്കാത്ത സാഹചര്യത്തിൽ, ഈ വർഷം അവസാനത്തോടെ സ്വിഫ്റ്റ് ടെലിസ്കോപ്പ് ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് കടക്കുകയും കത്തിയമരുകയും ചെയ്യുമെന്നാണ് നാസ വ്യക്തമാക്കുന്നത്. വളരെ പെട്ടെന്ന് നടപ്പിലാക്കാൻ ശ്രമിച്ച ഈ ദൗത്യം വലിയ റിസ്ക് നിറഞ്ഞതായിരുന്നുവെന്നും, തകരാറുകൾ പരിഹരിച്ച് ലിങ്ക് പേടകത്തെക്കൊണ്ട് മറ്റ് വല്ല ലക്ഷ്യങ്ങളും കൈവരിക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് വരികയാണെന്നും നാസയും കാറ്റലിസ്റ്റും അറിയിച്ചു.






# വഖഫ് ബോർഡ്: അമുസ്ലിം അംഗങ്ങളുടെ അടക്കം ഒഴിവു നികത്തണം: ഹൈക്കോടതി




കൊച്ചി: വഖഫ് ബോർഡിൽ രണ്ട് മുസ്ലിം ഇതര അംഗങ്ങളുടേതടക്കം മൂന്ന് ഒഴിവുകൾ നികത്താൻ സർക്കാർ ആറാഴ്ചയ്ക്കകം നിയമപരമായ നടപടിയെടുക്കണമെന്ന് ഹൈക്കോടതി. ഒഴിവുകൾ നികത്തുന്നതിൽ പ്രത്യേക നിർദ്ദേശം നൽകുന്നില്ലെന്നും ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻബെഞ്ച് വ്യക്തമാക്കി.

ഒഴിവുകൾ നികത്താതെ ബോർഡിന് പ്രവർത്തിക്കാനാകുമോ എന്നതാണ് വിഷയമെന്ന് വാദത്തിനിടെ കോടതി പറഞ്ഞു. പുതിയ നിയമപ്രകാരം വഖഫ് ബോർഡിൽ മുസ്ലിം അല്ലാത്ത രണ്ട് അംഗങ്ങളെയും ഒരു ഷിയ അംഗത്തെയും ഉൾപ്പെടുത്താത്തതിനെ ചോദ്യം ചെയ്യുന്ന ഹർജികളാണ് പരിഗണിച്ചത്. അസംബ്ലി ഓഫ് ക്രിസ്ത്യൻ ട്രസ്റ്റ് സർവ്വീസസ് (ആക്ട്സ്), ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് ഷോൺ ജോർജ് തുടങ്ങിയവരാണ് ഹർജിക്കാർ.

വിഷയം സുപ്രീം കോടതി പരിഗണിക്കുന്നതിനാൽ സാവകാശം വേണമെന്ന് അഡ്വക്കേറ്റ് ജനറൽ ജാജു ബാബു വിശദീകരിച്ചു. വഖഫിൽ മുസ്ലിം ഇതര വിഭാഗങ്ങളുടെ സ്വത്തും ഉൾപ്പെടുന്നതിനാലാണ് അവരെയും ഉൾപ്പെടുത്തണമെന്ന് നിയമത്തിൽ പറയുന്നതെന്ന് ഹർജിക്കാർ ചൂണ്ടിക്കാട്ടി.

### വ്യവഹാരങ്ങൾ ചൂണ്ടിക്കാട്ടി സർക്കാർ

രണ്ട് മുസ്ലിം ഇതര അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന വഖഫ് നിയമത്തിലെ വകുപ്പ് 14(1)നെ ചോദ്യം ചെയ്യുന്ന ഹർജികൾ സുപ്രീംകോടതി ഈ മാസം 25 ന് പരിഗണിക്കുകയാണെന്ന് റവന്യൂ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് നൽകിയ സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടി. മുസ്ലിം ലീഗ് അടക്കമുള്ള പാർട്ടികളും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

മുസ്ലിം ഇതര അംഗങ്ങളില്ലാത്തതിന്റെ പേരിൽ തമിഴ്നാട് വഖഫ് ബോർഡിന്റെ പ്രവർത്തനം വിലക്കിയ മദ്രാസ് ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തതും ചൂണ്ടിക്കാട്ടി. എത്ര പ്രതിനിധികളെ വീതം അനുവദിക്കണമെന്നതിന്റെ അനുപാതം നിർണയിച്ച ശേഷമേ ഷിയ അംഗങ്ങളെയടക്കം ഉൾപ്പെടുത്താനാകൂ എന്നും സത്യവാങ്മൂലത്തിൽ വിശദീകരിച്ചു.

# മാസപ്പടിക്കേസ്: വീണ ഹവാല ഇടപാടുകളും നടത്തിയെന്ന് ഇ.ഡി




കൊച്ചി: മാസപ്പടി കേസിൽ അന്വേഷണം നേരിടുന്ന വീണാ വിജയൻ ഹവാല ഇടപാടുകൾ നടത്തിയതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). വീണയുടെ ഡയറിയിൽ 20.05 കോടിയുടെ ഇടപാടുകളുടെയും, 85 ലക്ഷം രൂപ ദുബായിലേക്ക് അയച്ചതിന്റെയും വിവരങ്ങളുണ്ടെന്ന് ഇ.ഡി വാർത്താക്കുറിപ്പിൽ അറിയിച്ചു.

സി.എം.ആർ.എൽ കമ്പനിയിൽ നിന്ന് നൽകാത്ത സേവനങ്ങൾക്ക് പണം പറ്റിയെന്ന അന്വേഷണത്തിൽ കോഴിക്കോട് ചൊവ്വാഴ്ച 9 കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിനു പിന്നാലെയാണ് ഇ.ഡി വാർത്താക്കുറിപ്പ് ഇറക്കിയത്.

മേയ് 27ന് വീണയിൽ നിന്നു പിടിച്ചെടുത്ത രേഖകളിലാണ് വീണ കൈപ്പടയിലെഴുതിയ കണക്കുകളുള്ളത്. പണം കൈകാര്യം ചെയ്തവരുടെയും ചെലവഴിച്ചവരുടെയും കൈമാറിയവരുടെയും പേരുകളും ദുബായിലേക്ക് അയച്ചതിന്റെ വിവരങ്ങളും ഇതിലുണ്ട്. യു.എ.ഇ, ഇന്ത്യൻ കറൻസികളിലാണ് കണക്കുകൾ. ഇന്റർനെറ്റ് കോളുകൾക്ക് വേണ്ടി വീണ സ്വന്തം പേരിലല്ലാത്ത സിം കാർഡ് വൈഫൈ റൗട്ടറിലൂടെ ഉപയോഗിച്ചു.

വീണയുടെ കുറിപ്പുകളിൽ പറയുന്നവരുടെ വീടുകളിലായിരുന്നു കഴിഞ്ഞ ദിവസത്തെ റെയ്ഡ്. ഈ റെയ്ഡിലും നിരവധി ഡിജിറ്റൽ ഉപകരണങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. 15 വർഷത്തിനിടെ സി.എം.ആർ.എൽ 182കോടിയുടെ ദുരൂഹ ചെലവുകൾ നടത്തിയെന്നായിരുന്നു കണ്ടെത്തൽ. വീണയുടെ കമ്പനിയായ എക്സാലോജിക് സൊല്യൂഷൻസിന് നൽകിയ 2.78 കോടിയും ഇതിൽ ഉൾപ്പെടുന്നു.

### സംശയ നിഴലിൽ നിറുത്താനാണ് ഇ.ഡിയുടെ ശ്രമം: മുഹമ്മദ് റിയാസ്

റെയ്ഡിലൂടെ പുകമറ സൃഷ്ടിച്ച് തന്നെ സംശയ നിഴലിൽ നിറുത്താനാണ് ഇ.ഡിയുടെ ശ്രമമെന്ന് മുഹമ്മദ് റിയാസ് എം.എൽ.എ. സുഹൃത്തുക്കളുടെ വീടുകളിലും മറ്റും നടന്ന റെയ്ഡിനെതിരെ മാദ്ധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. മാന്യമായി ബിസിനസ് ചെയ്യുന്ന തന്റെ കോളേജ്കാല സുഹൃത്തുകളുടെ വീട്ടിലടക്കം രാത്രിവരെ പരിശോധന നടത്തി.

വീണയുടെ ലേക്കർ എന്ന സ്ഥാപനത്തെ കുറിച്ച് തന്റെ നാമനിർദ്ദേശ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതൊരു പുതിയ സ്ഥാപനമെന്ന രീതിയിലുള്ള പ്രചാരണം തെറ്റാണ്. വീണയ്ക്ക് ബിസിനസ് ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. ഉയർന്ന രാഷ്ട്രീയ നേതാവിന്റെ മകളായതുകൊണ്ടാണ് വീണയെ ആക്രമിക്കുന്നത്.

നിയമപരമായും രാഷ്ട്രീയമായും എല്ലാം നേരിടും. ഇ.ഡിയെ പേടിച്ച് കോൺഗ്രസുകാരെ പോലെ താൻ ബി.ജെ.പിയാവില്ല. സേവനത്തിന് എക്സാലോജിക് നികുതി നൽകിയിട്ടുണ്ടെന്നും ഇ.ഡി എല്ലാം പരിശോധിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു.






കേരളം വാചകം

# സോണിയ ഗാന്ധി; ആത്മകഥ നവംബർ 10ന് പുറത്തിറങ്ങും

ന്യൂഡൽഹി: ഇറ്റലിയിലെ ബാല്യകാലം, ഇന്ത്യൻ രാഷ്ട്രീയത്തിലേക്കുള്ള യാത്ര, ആറു പതിറ്റാണ്ടിനിടെ ഇന്ത്യയിലെ സാമൂഹിക, രാഷ്ട്രീയമാറ്റങ്ങൾ, പ്രണയം... എല്ലാം തുറന്നെഴുതി കോൺഗ്രസ് നേതാവ് സോണിയ ഗാന്ധി. ആത്മകഥാംശങ്ങളുള്ള ഓർമക്കുറിപ്പ് 'ബിലോംഗിങ്: എ ജേർണി ഓഫ് ലവ്' നവംബർ 10ന് പുറത്തിറങ്ങും.




1965ൽ കേംബ്രിജിൽ പഠിക്കുമ്പോഴാണ് 19കാരിയായ സോണിയ, രാജീവ് ഗാന്ധിയെ പരിചയപ്പെടുന്നത്. രാജീവുമായുള്ള വിവാഹവും ഇന്ത്യയിലെ ജീവിതവും ഇന്ദിരഗാന്ധിയുടെ മരുമകളായുള്ള കാലവും പുസ്തകത്തിൽ വിശദമായുണ്ട്. ഇന്ദിരഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും വിയോഗവും പ്രതിപാദിക്കുന്നുണ്ട്. രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനം, കോൺഗ്രസ് അദ്ധ്യക്ഷയായത്, കുടുംബത്തിന്റെ രാഷ്ട്രീയ പാരമ്പര്യം എന്നിവയും പ്രധാന ഭാഗങ്ങളാണ്.

2004ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് പിന്നാലെ കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ സർക്കാർ രൂപീകരിച്ചതും രാഷ്ട്രീയ ജീവിതത്തിലെ നിർണായക അദ്ധ്യായങ്ങളും ചേർത്തിട്ടുണ്ട്. പ്രധാനമന്ത്രി പദം ഏറ്റെടുക്കാനുള്ള അവസരം നിരസിച്ചതും ഓർമക്കുറിപ്പിൽ വിശദീകരിക്കുന്നു. സ്നേഹവും നഷ്ടങ്ങളും രാഷ്ട്രീയ ഉത്തരവാദിത്വവും എങ്ങനെ ജീവിതത്തെ സ്വാധീനിച്ചുവെന്നും വ്യക്തിജീവിതത്തിലെ വേദനയും നഷ്ടങ്ങളുമാണ് പൊതുരംഗത്തേക്കും രാഷ്ട്രീയത്തിലേക്കും എത്തിച്ചതെന്നും സോണിയ പറയുന്നു.

'ജീവിതത്തെക്കുറിച്ച് എഴുതുക എളുപ്പമായിരുന്നില്ല. വർഷങ്ങളായി മനസ്സിലുള്ള അനുഭവങ്ങൾ വീണ്ടും തുറന്നുപറയേണ്ടി വന്നു.' അവർ പ്രതികരിച്ചു.

പുസ്തകത്തിന്റെ ആദ്യ അച്ചടി ഒരു ലക്ഷം കോപ്പിയാണെന്നാണ് റിപ്പോർട്ട്. പബ്ലിഷിംഗ് ഹൗസായ ആൽഫ്രഡ് എ. നോഫാണ് പുറത്തിറക്കുന്നത്.

ഇന്ത്യൻ രാഷ്ട്രീയത്തിലെ ആറു പതിറ്റാണ്ടിലേറെ നീണ്ട സാമൂഹികരാഷ്ട്രീയ മാറ്റങ്ങളിലേക്കും പുസ്തകം തിരിഞ്ഞുനോക്കുന്നുണ്ടെന്ന് പ്രസാധകർ വ്യക്തമാക്കുന്നു. ഹാർഡ്കവർ, ഇബുക്ക് പതിപ്പുകൾക്കൊപ്പം പെൻഗ്വിൻ റാൻഡം ഹൗസ് ഓഡിയോ പതിപ്പുമുണ്ടാകും.

# കോൺഗ്രസ് പുന:സംഘടന ഒക്ടോബർ 31ന് മുൻപ് പൂർത്തിയാക്കും

ന്യൂഡൽഹി: കോൺഗ്രസിൽ ബൂത്ത് തലം മുതൽ സംസ്ഥാന തലം വരെയുള്ള പുന:സംഘടന ഒക്ടോബർ 31 മുൻപ് പൂർത്തിയാക്കുമെന്ന് എ.ഐ.സി.സി സംഘടനാ ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ കോൺഗ്രസ് പ്രവർത്തക സമിതി തീരുമാനങ്ങൾ വിശദീകരിച്ച വാർത്താസമ്മേളനത്തിൽ പറഞ്ഞു.

2026-27 വർഷം പുന:സംഘടനകളുടെ കാലമാണ്. പുന:സംഘടന ഏതാണ്ട് പൂർത്തിയായി. 787 ഡി.സി.സികളും 74 ശതമാനം ബ്ളോക്ക് കമ്മിറ്റികളും 52 ശതമാനം മണ്ഡലം കമ്മിറ്റികളും 57 ബൂത്ത് കമ്മിറ്റികളും നിലവിൽ വന്നു.

താഴെത്തട്ട് മുതൽ 15,58,250 ലക്ഷം ഭാരവാഹികളെ തിരഞ്ഞെടുത്തു. കേരളത്തിൽ യു.ഡി.എഫിന് വൻ ഭൂരിപക്ഷത്തിൽ അധികാരത്തിൽ തിരിച്ചു വരാൻ അവസരമൊരുക്കിയ വോട്ടർമാർക്ക് യോഗം നന്ദി രേഖപ്പെടുത്തി. എല്ലാ സംസ്ഥാനങ്ങളിലും താഴെത്തട്ടിൽ പാർട്ടി ശക്തിപ്പെടുത്താനും തീരുമാനിച്ചു. കോൺഗ്രസ് ഭരിക്കുന്ന കേരളമടക്കം നാലു സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താനുള്ള പദ്ധതി തയ്യാറാക്കാൻ പ്രവർത്തക സമിതി മുഖ്യമന്ത്രിമാരോട് ആവശ്യപ്പെട്ടു. രാജ്യത്തെ വിദ്യാർത്ഥി സമൂഹം പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് മല്ലികാർജ്ജുന ഖാർഗെയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഇക്കാര്യം ആവശ്യപ്പെട്ടതെന്ന് കെ.സി. വേണുഗോപാൽ പഞ്ഞു. ഒരു മാസത്തിനുള്ളിൽ പദ്ധതി തയ്യാറാക്കി എ.ഐ.സി.സിക്ക് സമർപ്പിക്കണം.









# ഓണം അരികെ; ഭക്ഷ്യ സുരക്ഷ പ്രധാനം



ബാബു കദളിക്കാട്

കള്ളവും ചതിയുമില്ലാത്ത നല്ല കാലത്തിന്റെ സന്ദേശവുമായി കേരളത്തിൽ ഓണക്കാലം വന്നെത്തുന്നു. പൂക്കളങ്ങളും നാടൻ കളികളും ഓണാഘോഷങ്ങളുമായി നാടും നഗരവും ഉണരുന്ന സമയം. അത്തച്ചമയവും വള്ളംകളികളും വള്ളസദ്യകളും പുലിക്കളിയും കുമ്മാട്ടിയും ഓണത്താറും ഓണവിപണിയും എല്ലാം ചേരുന്ന സമാനതകളില്ലാത്ത സവിശേഷമായ സാംസ്കാരിക വൈവിധ്യത്തിന്റെ കലാ സൗന്ദര്യം തുടിക്കുന്ന വേള. ഇതിനിടെ, ഓണസദ്യയും പൂക്കളവും പോലും വിഷമയമാകുന്നില്ലേയെന്ന ചോദ്യം പൊതുസമൂഹത്തെ വിഷമിപ്പിക്കുന്നു.

മുൻ വർഷങ്ങളിലെന്നതുപോലെതന്നെഓണാഘോഷവുമായിബന്ധപ്പെട്ട് സംസ്ഥാനത്തേക്ക് വൻതോതിലാണ് പച്ചക്കറി പ്രവഹിച്ചുകൊണ്ടിരിക്കുന്നത്. ഉത്സവ സീസണുകളിൽ കേരളത്തിനാവശ്യമായ പച്ചക്കറികളുടെ 70-80 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. തമിഴ്നാട്, കർണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്ന് സാധാരണ ദിനങ്ങളിൽ 300 മുതൽ 400 വരെ ലോഡ് പച്ചക്കറിയാണ് എത്താറുള്ളതെങ്കിൽ ഓണക്കാലത്ത് ഇത് ഇരട്ടിയിലേറെയായി ഉയരുന്നു. 700 മുതൽ 1,000 വരെ ലോഡുകൾ ഓണക്കാലത്ത് അതിർത്തി കടന്നെത്തുന്നുവെന്നാണ് കണക്ക്.

അതേസമയം, ഒട്ടും സുരക്ഷിതമല്ല വിപണികളിലെത്തിക്കൊണ്ടിരിക്കുന്ന ഈ പച്ചക്കറികളിൽ ഗണ്യഭാഗവുമെന്ന കാര്യം ഏവരും തിരിച്ചറിയുന്നു. ഉത്സവവേളകളിൽഡിമാൻഡ്വർധിക്കുന്നതിനാൽ പെട്ടെന്ന് വിളവെടുപ്പ് നടത്താനും കാഴ്ചയിൽ മികവ് തോന്നിപ്പിക്കാനും കർഷകർ മാരകമായ ഓർഗനേഫോസ്ഫേറ്റുകളും മറ്റ് രാസകീടനാശിനികളും ഉപയോഗിക്കുന്നു. കഴിഞ്ഞ വർഷം ഓണത്തിനു മുന്നോടിയായി സംസ്ഥാന കൃഷിവകുപ്പ് നടത്തിയ പരിശോധനകളിൽ പഴം,പച്ചക്കറികളിൽ കൂടിയ തോതിലുള്ള മാരക വിഷാംശങ്ങൾ കണ്ടെത്തിയിരുന്നു. കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ കീഴിൽ നടന്ന പരിശോധനയിലും ഇക്കാര്യം വ്യക്തമായി.

കാഴ്ചയിൽ മൂത്ത് പാകമായതും പഴുത്തതുമെന്ന് തോന്നിപ്പിക്കുന്ന പല പഴങ്ങളും പച്ചക്കറികളും കൃത്രിമമായി പഴുപ്പിക്കുന്നതോ പാകമാക്കുന്നതോ ആണ്. ഉത്സവ സീസണെത്തുമ്പോൾ പഴങ്ങൾ സ്വാഭാവികമായി പഴുക്കുന്നതു വരെ കാത്തുനിൽക്കാൻ കർഷകന് ക്ഷമയുണ്ടാകില്ല. പാകമാകുന്നതിനു മുമ്പേ പറിച്ചെടുത്ത് രാസവസ്തുക്കളുടെ സഹായത്തോടെ കൃത്രിമമായി പഴുപ്പിച്ചാണ് അവർ പഴങ്ങൾ മാർക്കറ്റിലെത്തിക്കുന്നത്. അതീവഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുന്ന എഥിലിൻ, കാത്സ്യം കാർബൈഡ് തുടങ്ങിയ മാരക രാസവസ്തുക്കൾ ഇതിനായുപയോഗിക്കുന്നു.

കേരളത്തിലേക്ക് ഏറ്റവും കൂടുതൽ പഴം, പച്ചക്കറികൾ എത്തുന്ന തമിഴ്നാട്ടിലെസാമ്പിളുകളിൽവൻതോതിലാണ് വിഷാംശത്തിന്റെ അളവ്. ഓണച്ചന്തകളുടെ തിരക്കുപിടിച്ച അന്തരീക്ഷത്തിൽ ഇതൊന്നും കൃത്യമായി പരിശോധിക്കാതെയാണ് മലയാളികളുടെ അടുക്കളയിൽ എത്തുന്നത്. ക്യാൻസർ, വൃക്ക രോഗങ്ങൾ, നാഡീവ്യൂഹ തകരാറുകൾ, കുട്ടികളിൽ വളർച്ചാ വൈകല്യങ്ങൾ തുടങ്ങി മാരക രോഗങ്ങളാണ് അനന്തരഫലം. വിഷരഹിതമായ പച്ചക്കറികളും പഴങ്ങളും ഉറപ്പാക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണെന്നതിൽ ആർക്കുമില്ല രണ്ടഭിപ്രായം. ഇക്കാര്യത്തിൽ സർക്കാരുകൾ എക്കാലവും കനത്ത പരാജയമായിരുന്നു. ഇക്കുറിയും അത്ഭുതങ്ങൾ പ്രതീക്ഷിക്കാവുന്ന സ്ഥിതിയല്ല ഉള്ളത്.




വാളയാർ, തിരുവനന്തപുരം, അമരവിള, മീനാക്ഷിപുരം, മഞ്ചേശ്വരം, കുമളി, മുത്തങ്ങ തുടങ്ങിയ അതിർത്തി ചെക്ക്പോസ്റ്റുകളിൽ മതിയായ പരിശോധന നടത്തി സുരക്ഷിതമെന്ന് ഉറപ്പുള്ള പച്ചക്കറികളും പഴങ്ങളും മാത്രം കടത്തിവിടാനുള്ള സംവിധാനമാണ് ആവശ്യം. വിഷാംശം കണ്ടെത്തിയ പച്ചക്കറികൾ നശിപ്പിക്കുകയും വേണം. പച്ചക്കറിലോറികൾഅതിർത്തിയിൽഎത്തുമ്പോൾ സാമ്പിളുകൾ എടുത്ത് റാപിഡ് ടെസ്റ്റിംഗ് കിറ്റുകൾ ഉപയോഗിച്ച് മിനിട്ടുകൾക്കകം ഫലം കണ്ടെത്താനാകും. ഈ സംവിധാനം പക്ഷേ നമ്മുടെ ചെക്ക്പോസ്റ്റുകളിൽ ഇല്ല. ഈ പരിശോധനയോടൊപ്പം സംസ്ഥാനത്തെ ഹോൾസെയിൽ വിപണിയിലും റീട്ടെയിൽ കടകളിലും തുടർ പരിശോധന ആവശ്യമാണ്.

ഭക്ഷ്യസുരക്ഷ ഏതെങ്കിലുമൊരു സംസ്ഥാനത്തിന്റെ മാത്രം വിഷയമല്ല. പച്ചക്കറികൾ ഉത്പാദിപ്പിച്ച് കയറ്റി അയക്കുന്ന ഇതര സംസ്ഥാനങ്ങൾക്കു കൂടി ഇക്കാര്യത്തിൽ ബാധ്യതയുണ്ട്. തമിഴ്നാട്, കർണാടക സർക്കാരുകളുമായി കേരളം ചർച്ച നടത്തി കേരളത്തിലേക്ക് അയക്കുന്ന പച്ചക്കറികളും പഴങ്ങളും സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് അനിവാര്യം. മൂന്ന് സംസ്ഥാനങ്ങളിലെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത പരിശോധനാ സമിതി രൂപവത്കരിച്ചാൽ ചെക്ക്പോസ്റ്റുകളിലെ പരിശോധനയും ഡാറ്റാ കൈമാറ്റവും ഏകോപിപ്പിക്കാനുമാകും. മയക്കുമരുന്നിനെതിരായ തൂഫാൻ ദൗത്യം പോലെ തന്നെ പ്രധാനമാകണമിതും. ഓണക്കാലത്ത് പൊടിപൊടിക്കുന്ന കാറ്ററിംഗ് ബിസിനസിനു മേലും ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ കർശന ശ്രദ്ധ അനിവാര്യം.

അയൽ സംസ്ഥാനങ്ങളിലെ വിഷപ്പച്ചക്കറികളിൽ നിന്ന് മലയാളി സമൂഹത്തെ രക്ഷിക്കാൻ സംസ്ഥാന കാർഷിക വകുപ്പ് നടപ്പാക്കിയതാണ് ജൈവ പച്ചക്കറി പദ്ധതി. അതിന്റെ പ്രവർത്തനം പക്ഷേ ഭാഗികമയേ മുന്നേറുന്നുള്ളൂ. മാത്രമല്ല, നിലവിലെ സാഹചര്യത്തിൽ കേരളത്തിന് ആവശ്യമായതിന്റെ 20-30 ശതമാനം മാത്രമാണ് ഇതുവഴി ഉത്പാദിപ്പിക്കുന്നത്. കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയും റസിഡന്റ് അസോസിയേഷനുകളും ഒത്തുചേർന്നാൽ ഈ പദ്ധതി വിപുലമാക്കാനും ഉത്പാദനം വർദ്ധിപ്പിക്കാനും സാധിക്കും.

## കൃത്രിമ പാൽ

മഹാരാഷ്ട്രയിൽ പാലിൽ മായം കലർത്തുന്ന ഗൂഢ സംഘത്തെപ്പറ്റി ഞെട്ടിക്കുന്ന വിവരങ്ങളാണ് മഹാരാഷ്ട്ര എഫ്ഡിഎ കമ്മിഷണർ തുക്കാറാം മുണ്ടെ ഫുഡ്ഫാർമർ യൂട്യൂബ് ചാനലിന് നൽകിയ പോഡ്കാസ്റ്റിൽ പങ്കുവച്ചത്. കേരളത്തിലെ ക്ഷീര ക്ഷാമത്തിനു പരിഹാരം തേടി മിൽമ ആശ്രയിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ മഹാരാഷ്ട്രയുമുണ്ടെന്നതിനാൽ അവിടെ നിർമ്മിക്കപ്പെടുന്ന സിന്തെറ്റിക് മിൽക്കിന്റെ കഥ മലയാളികളുടെ അധിക ഉത്ക്കണ്ഠ പിടിച്ചുപറ്റുന്നു. ഭക്ഷ്യസുരക്ഷാ പരിശോധനകളിലൂടെ ഇതിനകം വൈറലാണ് മുണ്ടെ.

സ്കിംഡ് മിൽക്ക് പൗഡർ, കെമിക്കൽസ്, കോസ്റ്റിക് സോഡ, ഷാംപൂ തുടങ്ങിയ പലതും സിന്തെറ്റിക് മിൽക്ക് നിർമാണത്തിനു പയോഗിക്കുന്നുണ്ടെന്ന് മുണ്ടെ പറയുന്നു. ഇവ പ്രത്യേക അനുപാതത്തിൽ കലർത്തുന്നു. പാൽശേഖരണ കേന്ദ്രങ്ങളിലും ശീതീകരണ കേന്ദ്രങ്ങളിലും വിവിധ ഘട്ടങ്ങളായി മായം കലർത്തൽ നടക്കുന്നുണ്ടെന്ന് മുണ്ടെ പറയുന്നു. ഈ പാലാണ് പിന്നീട് ഡെയറികളിലേക്ക് വിതരണം ചെയ്യുന്നതും പാലുൽപ്പന്നങ്ങൾ നിർമിക്കാനായി ഉപയോഗിക്കുന്നതും. പശുവിൻ പാലിനോട് സാമ്യമുള്ള കൃത്രിമ പാൽ സൃഷ്ടിക്കുന്നതിനായി ലിറ്ററിന് ഏകദേശം 15 രൂപയും എരുമപ്പാലിന്റേതിന് സമാനമായ പാൽ നിർമിക്കാൻ 30 രൂപയും മാത്രമേ ചെലവാകൂ എന്ന് മുണ്ടെ ചൂണ്ടിക്കാണിക്കുന്നു. ലിറ്ററിന് 40 രൂപ മുതൽ 50 രൂപ വരെയാണ് പശുവിൻ പാലിന് സാധാരണ ഈടാക്കാറുള്ളത്. യഥാർഥ പാലിലേക്ക് കൃത്രിമ പാൽ കൂട്ടിച്ചേർത്താലും വൻലാഭം ഉണ്ടാക്കാൻ സാധിക്കും.

സിന്തെറ്റിക് മിൽക്ക് നിർമാണ റാക്കറ്റുകളുടെ ഉറവിടങ്ങൾ കണ്ടെത്താൻ സാധിച്ചെങ്കിൽ മാത്രമേ മായം കലർത്തൽ തടയാൻ സാധിക്കൂവെന്ന് മുണ്ടെ പറയുന്നു. പാൽ ശേഖരണ കേന്ദ്രങ്ങൾക്ക് ഏത് കർഷകനാണ് പാൽ നൽകിയതെന്നും, കർഷകന് എത്ര പശുക്കൾ അല്ലെങ്കിൽ എരുമകൾ ഉണ്ട്, എത്ര പാൽ ശേഖരിച്ചു എന്ന് അറിയണം. മഹാരാഷ്ട്ര കർശനമായി രേഖകൾ പരിശോധിച്ചുവരികയാണത്രേ. സംശയാസ്പദമായ പാൽ വിതരണം ഡിജിറ്റൽ ട്രാക്കിംഗ് വഴി വേഗത്തിൽ കണ്ടെത്താൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

## പൂവിലും വിഷം

പൂക്കളമൊരുക്കാനും അയൽസംസ്ഥാനങ്ങൾ തന്നെ കേരളത്തിനു തുണ. യാതൊരു നിഷ്കർഷയുമില്ലാതെയുള്ള കീടനാശിനി പ്രയോഗത്തിന്റെ ഫലമായാണ് ഈ പൂക്കൾ വർണ്ണ ശബളിമ നിലനിർത്തി ദിവസങ്ങളോളം വാടാത്ത പരുവത്തിൽ എത്തുന്നതെന്ന കാര്യം അധികമാരും ഓർമ്മിക്കുന്നില്ല. പൂക്കളങ്ങളും സുന്ദരിമാർ മുടിയിലണിയുന്ന പൂമാലകളും വിഷമയമാകാറുണ്ടെന്നതാണു യാഥാർത്ഥ്യം. യുഎസിലെ കാലിഫോർണിയ സർവകലാശാലയ്ക്കു കീഴിൽ സാൻ ഡീഗോയിൽ നടത്തിയ ഗവേഷണത്തിലെ കണ്ടെത്തൽ ഓണക്കാലത്തെങ്കിലും കേരളം ഓർമ്മിക്കേണ്ടിയിരിക്കുന്നു.

കുട്ടികളിലെ ഉയർന്ന രക്തസമ്മർദ്ദവും കീടനാശിനികളുടെ ഉപയോഗവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയായിരുന്നു ഗവേഷകരുടെ അന്വേഷണം. മദേഴ്സ് ഡേ പുഷ്പ വിളവെടുപ്പിനോട് അനുബന്ധിച്ചുള്ള ഉയർന്ന കീടനാശിനി തളിക്കൽ കാലഘട്ടത്തിലാണ് ഈ പ്രശ്നം ഏറ്റവും രൂക്ഷമെന്നു തെളിഞ്ഞു. കയറ്റുമതി ചെയ്യുന്നതിന് മുമ്പ് പൂക്കളിൽ കീടങ്ങളെ അമർച്ച ചെയ്യാനും പ്രതിരോധിക്കാനും ഓർഗനേഫോസ്ഫേറ്റുകളും മറ്റ് നിരവധി തരം കീടനാശിനികളും കുമിൾനാശിനികളും വൻതോതിൽ ഉപയോഗിക്കുന്നു.

അമേരിക്കയിൽ ഏറ്റവും കൂടുതൽ പൂക്കൾ വിൽക്കുന്നത് ഈ അവധിക്കാലത്താണ്. ഇക്വഡോറിലെ പുഷ്പവിളകൾക്ക് സമീപം താമസിക്കുന്ന ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തി നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് എൻവയോൺമെന്റൽ റിസർച്ച് ജേണലിൽ പ്രസിദ്ധീകരിച്ചിരുന്നു.

ഗവേഷകരുടെഅഭിപ്രായത്തിൽ കീടനാശിനികൾ, കുമിൾനാശിനികൾ, മറ്റ് കീട നിയന്ത്രണങ്ങൾ എന്നിവയുടെ ഉപയോഗത്തെ ആശ്രയിച്ചിരിക്കുന്നു വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പ കൃഷി. പക്ഷേ അവ മൂലം മനുഷ്യനിലുണ്ടാകുന്ന ആരോഗ്യപരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് വളരെക്കുറച്ചേ ജനങ്ങൾക്കറിയൂ - ഗവേഷണത്തിനു നേതൃത്വം നൽകിയ അസിസ്റ്റന്റ് പ്രൊഫസർ ജോസ് ആർ സുവാരസ് പറഞ്ഞു.

ഇക്വഡോറിലെ പുഷ്പകൃഷി സമൂഹങ്ങളിൽ താമസിക്കുന്ന നാല് മുതൽ ഒമ്പത് വയസ്സ് വരെ പ്രായമുള്ള 313 ആൺകുട്ടികളെയും പെൺകുട്ടികളെയും മദേഴ്സ് ഡേ പുഷ്പ വിളവെടുപ്പിനോടനുബന്ധിച്ച് 100 ദിവസം വരെ സംഘം പരിശോധിച്ചു. 'വിളവെടുപ്പിന്തൊട്ടുമുമ്പ് പരിശോധിച്ച കുട്ടികളിൽ പിന്നീട് പരിശോധിച്ചകുട്ടികളെഅപേക്ഷിച്ച് മൂന്നിരട്ടി കൂടുതൽ കീടനാശിനികളുടെ സാന്നിധ്യവും സിസ്റ്റോളിക്, ഡയസ്റ്റോളിക് രക്തസമ്മർദ്ദവും കൂടുതലാണെന്ന് തെളിഞ്ഞു.' ഓർഗനേഫോസ്ഫേറ്റുകൾ പോലുള്ള കീടനാശിനികൾക്ക് രക്തസമ്മർദ്ദം വർദ്ധിപ്പിക്കാൻ കഴിയുമെന്നതിന് ശക്തമായ തെളിവുകളുണ്ടെന്നും സുവാരസ് പറയുന്നു. ഇത്തരം മുന്നറിയിപ്പുകൾ കേരളം ഗൗനിക്കുന്നതേയില്ല.



# സുന്ദര ദേവന്മാർ ഇറങ്ങിപ്പോകുന്ന വേദികൾ...

കേരള പീപ്പിൾസ് പാർട്ടി ഉണ്ടാക്കി രാഷ്ട്രീയ പ്രവേശം നടത്താൻ സെല്ലുലോയ്ഡിൽ നിന്ന് ഇറങ്ങി വന്ന സുന്ദരനാണ് ദേവൻ എന്ന ചലച്ചിത്ര നടൻ. ദേവൻ ബി.ജെ.പി വിടുന്നു എന്ന് പ്രഖ്യാപിച്ചത് ഒരു പൊതുയോഗത്തിലെ പ്രസംഗത്തിലൂടെയാണ്. അത് ആരിലും വലിയ ഞെട്ടലൊന്നും ഉണ്ടാക്കിയില്ല. കാരണം സെലിബ്രിറ്റികൾ എന്നും ബി.ജെ.പിയുടെ ഒരു ദൗർബല്യമാണ്. അത്തരക്കാരെ പാർട്ടിയിലേക്ക് ആകർഷിക്കുകയും സമയാസമയം അവരുടെ പ്രശസ്തി വോട്ടാക്കി മാറ്റാൻ കഴിയുമോ എന്ന് ചിന്തിക്കുകയും ചെയ്യുന്ന ഒരു ഘടകമാണ് ബി.ജെ.പിക്ക് കേരളത്തിലുള്ളത്.

ഒരു സംവരണ ഒഴിവ് എന്ന നിലയിൽ പാർട്ടിയിൽ ഇങ്ങനെ വരുന്നവർക്ക് ഒരു ഉപാധ്യക്ഷ പദവി നൽകുക പതിവാണ്. അതുകണ്ടു മോഹിച്ച് വന്നാലും കാവി രാഷ്ട്രീയത്തിന്റെ ചുവരെഴുത്തുകളിൽ തങ്ങളുടെ പേര് അൽപനാൾക്കകം മങ്ങിപോവുകയോ മാഞ്ഞു പോവുകയോ ചെയ്യാമെന്ന് അവർ കരുതുകയില്ല.

പരസ്യപ്രഖ്യാപനം നടത്തണമെങ്കിൽ ദേവൻ അവിടെ എത്രമാത്രം അസ്വസ്ഥനായിരുന്നു എന്ന് നാം തിരിച്ചറിയണം. ആ തിരിച്ചറിവ് ബി.ജെ.പി നേതൃത്വത്തിന് ഉണ്ടോയെന്ന് പരിശോധിക്കാൻ കേന്ദ്ര നേതൃത്വത്തിന് സമയവുമില്ല.

എന്നാൽ കോൺഗ്രസിന്റെ ദേശീയ നേതൃത്വത്തിൽ സോണിയ ഗാന്ധി കഴിഞ്ഞാൽ രണ്ടാമനായിരുന്ന സാക്ഷാൽ എ.കെ. ആന്റണിയുടെ പുത്രൻ അനിൽ ആന്റണിയെ എടുത്തുയർത്തി കൊണ്ടാണ് ബി.ജെ.പി വീണ്ടും കേരള രാഷ്ട്രീയത്തിൽ അവരുടെ പതിവ് പ്രീണനം കാഴ്ചവെക്കുന്നത്.

പുനഃസംഘടനപൂർത്തിയാവുമ്പോൾ അനിൽ ആന്റണി ദേശീയ നിർവാഹക സമിതിയിൽ എത്തുന്നത് തൽക്കാലം വലിയ വാർത്തയാണ്. രാഷ്ട്രീയ എതിരാളിയുടെ മകനെ വാരിപ്പുനൽകുക എന്ന ആ ദൗത്യം ഇത്തവണയും കൃത്യമായി നിർവഹിക്കുകയാണ് ദേശീയ കക്ഷി.

## മങ്ങുന്ന ദൃശ്യങ്ങൾ

സ്നേഹയാത്ര, ക്രിസ്ത്യൻ ഭവന സന്ദർശനങ്ങൾ, വിവിധ ഔദ്യോഗിക പദവികൾ നൽകൽ എന്നിവയിലൂടെ ന്യൂനപക്ഷ സമൂഹങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻസംഘടനാപരമായിഅവർശ്രമിക്കുന്നുണ്ടെങ്കിലും അതിന്റെ പര്യവസാനം പലപ്പോഴും ദൃശ്യം കാണാതെ പോവുകയാണ്. ക്രൈസ്തവ മതമേലധ്യക്ഷന്മാരെയും ക്രിസ്ത്യൻ വീടുകളും സന്ദർശിച്ച് ആശംസകൾ കൈമാറുന്നത് അവരുടെ ഇത്തരം ആഗ്രഹങ്ങളുടെ ഒരു പുറം കാഴ്ചയാണ്.

കേരളത്തിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഒരു ചെറിയ ഘടകമായ ബി.ജെ.പി, 2016 ൽ നേമത്ത് വിജയിച്ചു കൊണ്ട് അവരുടെ ആദ്യ നിയമസഭാ മണ്ഡലം നേടി, 2024 ൽ കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ബി.ജെ.പി എംപിയായി സുരേഷ് ഗോപിയും നിറഞ്ഞുനിൽക്കുന്നു.

വളർച്ചയുടെ വേഗതയിൽ ഒരുപക്ഷേ ബി.ജെ.പി നേതൃത്വം കണക്ക് കൂട്ടിയ ഒന്ന് കേരളത്തിൽ സംഭവിച്ചില്ല. അതിനുള്ള പ്രധാന കാരണം അവർ മനസ്സിൽ കണ്ട് കേരളമല്ല യഥാർത്ഥ കേരളം എന്നതാണ്.

ഒരു ന്യൂനപക്ഷക്കാരന്റെ പേരോ പദവിയോ കേട്ടാൽ ഉടനെ മാറി ചിന്തിക്കും എന്ന് കരുതുന്ന മൗഢ്യം ഇപ്പോഴും അവർ വച്ച് പുലർത്തുന്നു എന്നത് കണേണ്ടത് തന്നെ.




ദേശീയ പ്രവർത്തക സമിതിയിലേക്ക് കേരളത്തിൽ നിന്ന് മൂന്ന് പ്രധാന നേതാക്കളുടെ പേരുകളാണ് മുൻഗണനാ പട്ടികയിലുള്ളത്. ദേശീയ നേതൃത്വത്തിലേക്ക് പുതുമുഖമായി പ്രതീക്ഷിക്കപ്പെടുന്ന അനൂപ് ആന്റണിക്ക് യുവമോർച്ച പ്രഭാരി സ്ഥാനം ഒഴിഞ്ഞ ശേഷം മറ്റ് കാര്യമായ ചുമതലകൾ നൽകിയിരുന്നില്ല. പുതിയ പട്ടികയിലാണ് പ്രതീക്ഷ.

നിലവിലെ ദേശീയ സെക്രട്ടറിയായ അനിൽ ആന്റണിക്ക് പുതിയ ദേശീയ നേതൃനിരയിലും സ്ഥാനം തുടർന്നുകിട്ടാനുള്ള സാധ്യതയേറെയാണ്. അവസാനഘട്ട സാധ്യതാ പട്ടികയിലുള്ള മുൻ സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രന് പ്രായപരിധിയിൽ കടുംപിടുത്തമില്ലെങ്കിൽ ദേശീയ രാഷ്ട്രീയത്തിൽ സജീവമായ ചുമതല ലഭിച്ചേക്കും.

ഭരണം നഷ്ടപ്പെട്ട കർണാടകയിൽ അധികാരം തിരിച്ചുപിടിക്കാൻ അവിടെ ഒരു മുതിർന്ന നേതാവിന് തന്നെ ചുമതല നൽകാനാണ് ബി.ജെ.പി പദ്ധതിയിടുന്നത്. അടുത്ത വർഷം ആദ്യം നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഉത്തർപ്രദേശിൽ വിദ്യാർത്ഥി സമരങ്ങളും രാമക്ഷേത്ര കൊള്ളയും പാർട്ടിയുടെ പ്രതിച്ഛായയ്ക്ക് വലിയ കോട്ടമുണ്ടാക്കിയിട്ടുണ്ട്. നഷ്ടപ്പെട്ട പ്രതിച്ഛായ തിരിച്ചുപിടിക്കാൻ ലക്ഷ്യമിട്ടുള്ളതാകും പുതിയ ദേശീയ ഭാരവാഹി പട്ടിക.

അൽഫോൻസ് കണ്ണന്താനം മുതൽ ദേവൻവരെയുള്ള ആളുകളെ മുൻനിർത്തി പൊതു മനസ് തങ്ങൾക്കൊപ്പം കൊണ്ടുവരാമെന്ന് കരുതുന്നത് തെറ്റല്ല. എന്നാൽ അതിനുള്ള കളം ഇവിടെ ഒരുങ്ങിയിട്ടുണ്ടോ എന്നുകൂടി പരിശോധിക്കാൻ സംസ്ഥാന ബി.ജെ.പി ആർക്കാണ് നേരം?

കാലാകാലങ്ങളിൽ പ്രശസ്തരുടെ കൈപിടിച്ച് നിന്നാൽ രാഷ്ട്രീയ മനസ്സ് മാറും എന്ന് കരുതുന്നതാണ് പ്രശ്നം. എക്കാലത്തും അത്തരം പരീക്ഷണങ്ങൾ ബി.ജെ.പി നടത്തുകയും പിന്നീട് ആ ഭാഗത്തേക്ക് തിരിഞ്ഞ് നോക്കാതിരിക്കുകയും ചെയ്ത ചരിത്രമാണ് ഉള്ളത്. ആ പ്രഭയിൽ താൽക്കാലികമായി ചെന്ന് പതിച്ച പ്രശസ്തർ ഇപ്പോൾ ഏറെക്കുറെ വിസ്മൃതരാണ്.

കൊച്ചിയിൽ മേയറായിരുന്ന പ്രൊഫ.മാത്യു പൈലിയെ ബി.ജെ.പി ആകർഷിച്ചതും ഒരു ന്യൂനപക്ഷ പ്രീണനത്തിന്റെ ഭാഗമായിരുന്നു. പാർട്ടിയിൽ ദേശീയ എക്സിക്യൂട്ടീവ് അംഗത്വം വരെ നൽകിയെങ്കിലും ഒരു രാഷ്ട്രീയ അസ്ഥിത്വം അവിടെ കണ്ടെത്താൻ അദ്ദേഹത്തിന് ഇടം കിട്ടിയില്ല.

എറണാകുളം സെന്റ് ആൽബർട്ട്സ് കേളേജിലെ പ്രൊഫസററായിരുന്ന മാത്യു പൈലി 90 കളുടെ അവസാനമാണ് ബി.ജെ.പി ക്യാമ്പിൽ എത്തുന്നത്. എന്നാൽ പാർട്ടി അദ്ദേഹത്തിന് അന്നത്തെ നിലയിൽ ന്യായമായ സ്ഥാനം നൽകുകയും മട്ടാഞ്ചേരി സീറ്റിൽ മത്സരിക്കാൻ അവസരം ഒരുക്കുകയും ചെയ്തു. 4,000 ത്തോളം വോട്ടുകൾ അദ്ദേഹം നേടി. അവിടെ കഴിഞ്ഞു!

ക്ഷണിച്ച് കൊണ്ടുവന്ന ക്രൈസ്തവ നാമമുള്ള ഒരു നഗരസഭാ അധ്യക്ഷൻ, അദ്ദേഹത്തിന്റെ രാഷ്ട്രീയ മോഹങ്ങൾ എന്തായാലും, ഒരു അസംബ്ലിതിരഞ്ഞെടുപ്പു പരാജയത്തോടെ ബി.ജെ.പിയുടെ ലേബലിൽ മറ്റൊരു അവസരം കിട്ടാതെ പൊതുജീവിതത്തിന്റെ അണിയറയിലേക്ക് ഒതുക്കപ്പെട്ടു.

ഏതെങ്കിലും ദേശീയ സംസ്ഥാന നേതാക്കൾ ബി.ജെ.പിയുടെ പേരിൽ അദ്ദേഹത്തെ കൈപിടിച്ച് ഉയർത്താൻ വന്നതായി കേട്ടറിവില്ല.

അന്ന് പാർട്ടിക്ക് ആവശ്യം മാത്യു പൈലി എന്ന ആ പേര് മാത്രമായിരുന്നു.

ബി.ജെ.പി എക്കാലത്തും ലക്ഷ്യമിട്ടത് ഇങ്ങനെ കൊണ്ടുവരുന്ന ആളുകളെ ഉന്നത പദവിയിൽ എത്തിക്കുക എന്നതല്ല പകരം എതിരാളികൾക്ക് ഒരു ഷോക്ക് ട്രീറ്റ്മെന്റ് നൽകുക എന്നത് മാത്രമാണ്. അതറിയാതെ ഈയാം പാറ്റകളെ പോലെ വന്നു വീഴുന്ന പ്രശസ്തർ വളരെ പെട്ടെന്ന് മറവിയിലേക്ക് മറയുന്ന കാഴ്ച രണ്ടു പതിറ്റാണ്ടായി കേരളം കണ്ടുവരുന്നതാണ്.

ദീർഘകാലം കോൺഗ്രസിന്റെയും എ.ഐ.സി.സിയുടെയും പ്രമുഖ മുഖങ്ങളിൽ ഒരാളായിരുന്നു ദൃശ്യ മാധ്യമങ്ങളുടെ പ്രിയ തോഴനായിരുന്ന ടോം വടക്കൻ. കോൺഗ്രസിലെ കുടുംബരാഷ്ട്രീയ ആരോപണങ്ങൾ ഉന്നയിച്ച് അദ്ദേഹം കോൺഗ്രസ് വിട്ടു. 2019 മാർച്ചിൽ ഔദ്യോഗികമായി ബി.ജെ.പിയിൽ അംഗമായി.

ബി.ജെ.പിയുടെ ദേശീയ വക്താവായും ദേശീയ നിർവാഹകസമിതി അംഗമായും സേവനം അനുഷ്ഠിച്ചു. എന്നാൽ പ്രതീക്ഷിച്ച പദവികളിൽ ഒന്നും എത്താതെ തെക്ക് വടക്ക് കറങ്ങിയ ടോമിനെ ഇന്ന് ആരും ഓർക്കുന്നില്ല. മറ്റൊരു ക്രൈസ്തവ നാമം ആയിരുന്നു അൽഫോൻസ് കണ്ണന്താനം.

ബി.ജെ.പിക്ക് ഒരു സീറ്റ് പോലും ലോക്സഭ തെരഞ്ഞെടുപ്പിലും നൽകിയില്ലെങ്കിലും കേരളത്തിൽ നിന്നുള്ള അൽഫോൺസ് കണ്ണന്താനത്തെ രാജ്യസഭ എംപിയാക്കി കേന്ദ്ര മന്ത്രി സ്ഥാനം ബി.ജെ.പി നൽകി. കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് ഇടയിലേക്ക് ആഴ്ന്നിറങ്ങാനും തെരഞ്ഞെടുപ്പിൽ അക്കൗണ്ട് തുറക്കാനും. ലക്ഷ്യമിട്ടായിരുന്നു ബി.ജെ.പി ഇറങ്ങിയത്. അൽഫോൺസ് കണ്ണന്താനത്തെ എറണാകുളത്ത് ഇറക്കി വിജയമെന്നതിലുപരി മികച്ച പ്രകടനമാണ് ബി.ജെ.പി ലക്ഷ്യം വച്ചത്.

എന്നാൽ, ഫലം വന്നപ്പോൾ അൽഫോൺസ് കണ്ണന്താനത്തിന് പ്രത്യേകിച്ച് ഒരു നേട്ടവും എറണാകുളത്ത് ഉണ്ടാക്കാനായില്ല. യു.ഡി.എഫ് തരംഗം ആഞ്ഞടിച്ച് കേരളത്തിൽ എൽ.ഡി.എഫിന്റെ കരുത്തനായ സ്ഥാനാർത്ഥി പി. രാജീവിനെ പോലും അപ്രസക്തനാക്കിയാണ് ഹൈബി ഈഡൻ അന്ന് വിജയം നേടിയത്.

ഒരു ലക്ഷത്തിന് മേൽ വോട്ട് നേടാൻ അൽഫോൺസ് കണ്ണന്താനത്തിന് സാധിച്ചെങ്കിലും അതൊന്നും ദേശീയ ബി.ജെ.പി നേതൃത്വത്തെ സന്തോഷിപ്പിച്ചില്ല.

കേരളത്തിലെ ബി.ജെ.പി നേതാക്കൾക്ക് കണ്ണന്താനത്തോടുള്ള താത്പര്യക്കുറവ് കൂടിയാകുമ്പോൾ തിരിച്ചടി പൂർണമായി. ഒരു കേന്ദ്ര മന്ത്രി എന്ന ലേബലോടെ മത്സരിച്ചിട്ട് പോലും രണ്ടാം സ്ഥാനത്തിന്റെ അടുത്ത് പോലും കണ്ണന്താനത്തിന് എത്താൻ സാധിച്ചില്ലെന്നുള്ളതാണ് ബി.ജെ.പിയെ ഞെട്ടിച്ച ഘടകം.

രാഷ്ട്രീയത്തിൽ കാലുറപ്പിക്കാൻ ഒരു ദേശീയ പാർട്ടിക്ക് കേരളം പോലുള്ള സവിശേഷമായ ഒരു ഭൂപ്രദേശത്ത് കഴിയണമെങ്കിൽ കേവലം ന്യൂനപക്ഷക്കാരന്റെ പേരും പ്രശസ്തിയും മാത്രം പോരെ ബി.ജെ.പി തിരിച്ചറിയുക തന്നെ ചെയ്യും.

തങ്ങൾക്കുമേൽ മുദ്രയടിക്കപ്പെട്ട ഭൂരിപക്ഷ വർഗീയതയുടെ ചാപ്പ ഇവിടുത്തെ ജനമനസ്സിൽ നിലനിൽക്കുന്ന കാലത്തോളം ആക്ഷൻ ഹീറോ സുരേഷ് ഗോപി വിചാരിച്ചാലും സമദൂരം ചിന്തിക്കുന്ന പുതിയ വോട്ടർമാരുടെ മനസ്സിലേക്ക് കടന്നു കയറാൻ അല്പം ബുദ്ധിമുട്ടാണെന്ന് അവർ തിരിച്ചറിയും.

അതിനാൽ മാത്യു എന്നോ ടോം എന്നോ അൽഫോൺസ് എന്നോ പേരുണ്ടായാൽ മാത്രം അവർക്ക് പിന്നാലെ ന്യൂനപക്ഷ വോട്ടർമാർ വാലെ വാലെ വന്നുകൊള്ളും എന്ന് കരുതുന്നത് മൗഢ്യമാണ്.

ഇനിയെങ്കിലും തെറ്റുകൾ തിരുത്തപ്പെടട്ടെ!

◗ *പ്രിജിത് രാജ്*



# ജനസംഖ്യാ നിയന്ത്രണം നടപ്പിലാക്കിയവർക്ക് ശിക്ഷയോ? വടക്ക് തെക്ക് രാഷ്ട്രീയ ഭിന്നതകളും 816 സീറ്റുകളിലേക്ക് മാറുന്ന പാർലമെന്റിന്റെ പുതിയ സമവാക്യങ്ങളും!

വരാനിരിക്കുന്ന മണ്ഡല പുനർനിർണ്ണയ പ്രക്രിയകളിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ലോക്സഭാ പ്രാതിനിധ്യം കുറയില്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെയും ബിജെപിയുടെയും ആവർത്തിച്ചുള്ള വാഗ്ദാനങ്ങൾ വലിയ രാഷ്ട്രീയ പ്രതിസന്ധികളെയാണ് നേരിടുന്നത്. പാർലമെന്റിലെ ലോക്സഭാ സീറ്റുകളുടെ എണ്ണം നിലവിലുള്ള 543ൽ നിന്നും 816 ആയി കൂട്ടുമെന്നും, ഇതിലൂടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സീറ്റുകൾ 129ൽ നിന്നും 195 ആയി ഉയരുമെന്നും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു.

എന്നാൽ കേവലം സീറ്റുകളുടെ എണ്ണം കൂട്ടുന്നത് കൊണ്ട് മാത്രം പരിഹരിക്കപ്പെടുന്നതല്ല തങ്ങളുടെ രാഷ്ട്രീയ ആശങ്കകൾ എന്നാണ് തമിഴ്നാട്, കേരളം, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ രാഷ്ട്രീയ പാർട്ടികൾ ചൂണ്ടിക്കാണിക്കുന്നത്.

കുടുംബസൂത്രണവും ജനസംഖ്യാ നിയന്ത്രണ പദ്ധതികളും കൃത്യമായി നടപ്പിലാക്കി വിജയിപ്പിച്ച ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക്, അത് നടപ്പിലാക്കാത്ത വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് സഭയിലെ ആകെ 'പ്രതിനിധ്യ അനുപാതം' കുത്തനെ ഇടിയുമെന്ന ഭയമാണ് പ്രശ്നം വടക്ക്-തെക്ക് തർക്കങ്ങളിലേക്ക് എത്തിക്കുന്നത്. ഈ വിഷയത്തിലെ കാതലായ വശങ്ങളും പുതിയ സമവാക്യങ്ങളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്തുന്നു:



## ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ജനസംഖ്യാ പുഷ് പോളിസികളും ബി.ജെ.പി വാഗ്ദാനങ്ങളും

ദേശീയ താല്പര്യം മുൻനിർത്തി ജനസംഖ്യ നിയന്ത്രിച്ചതാണ് ഇപ്പോഴത്തെ രാഷ്ട്രീയ തിരിച്ചടിക്ക് കാരണമെന്നാണ് തെക്കൻ സംസ്ഥാനങ്ങളുടെ പൊതുവായ പരാതി.

**1. ജനസംഖ്യാ നിയന്ത്രണ വിജയങ്ങളും രാഷ്ട്രീയ തിരിച്ചടികളും**

1971ലെ മണ്ഡല പുനർനിർണ്ണയത്തിന് ശേഷം, സാക്ഷരതയും സാമൂഹിക പുരോഗതിയും കൈവരിച്ച തെക്കൻ സംസ്ഥാനങ്ങൾ ജനസംഖ്യാ വളർച്ചാ നിരക്ക് വിജയകരമായി നിയന്ത്രിച്ചു. എന്നാൽ ഉത്തരപ്രദേശ്, ബിഹാർ, മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ വടക്കൻ സംസ്ഥാനങ്ങളിൽ ജനസംഖ്യ അതിവേഗം പെരുകി. കേവലം ജനസംഖ്യാ കണക്കുകൾ മാത്രം മാനദണ്ഡമാക്കി ലോക്സഭാ സീറ്റുകൾ പുനർനിർണ്ണയിച്ചാൽ, ദേശീയ താല്പര്യത്തിനായി പ്രവർത്തിച്ച തെക്കൻ സംസ്ഥാനങ്ങൾക്ക് പാർലമെന്റിലെ ശബ്ദം നഷ്ടപ്പെടും എന്നതാണ് പ്രധാന ഭയം.

**2. 816 ലോക്സഭാ സീറ്റുകളിലേക്കുള്ള കേന്ദ്ര നിർദ്ദേശങ്ങൾ**

ദക്ഷിണേന്ത്യയിലെ രാഷ്ട്രീയ അമർഷം തണുപ്പിക്കുന്നതിനായി, ലോക്സഭാ സീറ്റുകൾ കുറയ്ക്കുന്നതിന് പകരം ആകെ സീറ്റുകൾ 816 ആയി ഉയർത്താമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഔദ്യോഗികമായി വാഗ്ദാനം ചെയ്തു. ഇതനുസരിച്ച് തമിഴ്നാടിന്റെ സീറ്റുകൾ 39ൽ നിന്ന് 59 ആയും, കർണ്ണാടകയുടേത് 28ൽ നിന്ന് 42 ആയും, കേരളത്തിന്റേത് 20ൽ നിന്ന് 30 ആയും, ആന്ധ്രയുടേത് 25ൽ നിന്ന് 38 ആയും, തെലങ്കാനയുടേത് 17ൽ നിന്ന് 26 ആയും ഉയരും. തെക്കൻ സംസ്ഥാനങ്ങളുടെ ആകെ സീറ്റ് വിഹിതം നിലവിലെ 23.76 ശതമാനത്തിൽ നിന്നും 23.87 ശതമാനമായി തുടരുമെന്ന് കേന്ദ്രം ഉറപ്പുനൽകുന്നു.

**3. കേന്ദ്ര വാഗ്ദാനങ്ങളിലെ വ്യാപ്തികളും പ്രതിപക്ഷ എതിർപ്പുകളും**

കേന്ദ്രത്തിന്റെ ഈ കണക്കുകൾ താത്കാലിക ആശ്വാസം നൽകുമെങ്കിലും, അടുത്ത ഘട്ടങ്ങളിലെ സെൻസസ് കണക്കെടുപ്പുകൾ പൂർത്തിയാകുമ്പോൾ വടക്കൻ സംസ്ഥാനങ്ങളിലെ സീറ്റുകൾ അതിശക്തമായി വർദ്ധിക്കുമെന്ന് പ്രതിപക്ഷം ആരോപിക്കുന്നു.

യുപി, ബിഹാർ പോലുള്ള സംസ്ഥാനങ്ങളിൽ ഒറ്റയടിക്ക് സീറ്റുകൾ അമ്പത് ശതമാനത്തിലധികം കൂടുമ്പോൾ ദക്ഷിണേന്ത്യ രാഷ്ട്രീയമായി പൂർണ്ണമായും പാർശ്വവൽക്കരിക്കപ്പെടുമെന്ന് തമിഴ്നാട് മുൻ മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഉൾപ്പെടെയുള്ള നേതാക്കൾ മുന്നറിയിപ്പ് നൽകുന്നു.

**4. കൂടുതൽ കുട്ടികളുണ്ടാകാൻ ദക്ഷിണേന്ത്യൻ നേതാക്കളുടെ ആഹ്വാനങ്ങൾ**

മണ്ഡല പുനർനിർണ്ണയം തങ്ങളുടെ രാഷ്ട്രീയ മുൻതൂക്കം കവരുമെന്ന ഭീതി മൂലം, ജനസംഖ്യ കൂട്ടാൻ ആവശ്യപ്പെട്ടുകൊണ്ട് എൻഡിഎ സഖ്യകക്ഷിയായ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവും മറ്റ് ചില തെക്കൻ നേതാക്കളും രംഗത്തെത്തിയത് വലിയ വാദപ്രതിവാദങ്ങൾക്ക് വഴിവെച്ചു. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്ന അവസ്ഥ വരെ ഉണ്ടായി. ജനസംഖ്യാ നിയന്ത്രണ നയങ്ങളിൽ നിന്നും പിന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്ന രാഷ്ട്രീയ അനിശ്ചിതത്വമാണ് ദൃശ്യമാകുന്നത്.

## പാർലമെന്ററി ഭേദഗതികളും വടക്ക് തെക്ക് രാഷ്ട്രീയ ചേരിതിരിവുകളും

ഭാരതീയ ഭരണഘടനയിലെ നിർണ്ണായക വകുപ്പുകളും അതിൻമേൽ കൊണ്ടുപോകുന്ന നിയമ നിർമ്മാണങ്ങളുമാണ് തർക്കങ്ങളുടെ കാതൽ.

**1. ഭരണഘടനാ ഭേദഗതികളും 2026 പരിധികളും**

1976ലെ ഇന്ദിരാഗാന്ധി ഭരണകൂടവും പിന്നീട് 2002ലെ വാജ്പേയി ഗവൺമെന്റും ചേർന്നാണ് ജനസംഖ്യാ പ്രാതിനിധ്യ തർക്കങ്ങൾ ഒഴിവാക്കാൻ മണ്ഡല പുനർനിർണ്ണയം 2026 വരെയുള്ള സെൻസസ് വരെ മരവിപ്പിച്ച് നിർത്തിയത്. എന്നാൽ 2026 എന്ന നിശ്ചിത കാലാവധി അവസാനിച്ചതോടെ, 2026ന് ശേഷമുള്ള ആദ്യ സെൻസസ് അടിസ്ഥാനമാക്കി വിഭജനം നടത്തേണ്ടി വരും. ഇതിനായി കൊണ്ടുവരുന്ന 131-ാം ഭരണഘടനാ ഭേദഗതി ബില്ലിലാണ് പാർലമെന്റിൽ വൻ തർക്കങ്ങൾ നടക്കുന്നത്.

**2. ബി.ജെ.പിയുടെയും എൻഡിഎ സഖ്യകക്ഷികളുടെയും വാദങ്ങൾ**

ഇന്ത്യൻ ഭരണഘടനയുടെ 81, 82 വകുപ്പുകൾ അനുസരിച്ച് 'ഒരു പൗരന് ഒരു വോട്ട്, ഒരേ മൂല്യം' എന്ന ജനാധിപത്യ തത്വം നടപ്പിലാക്കാൻ കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്ക് കൂടുതൽ പ്രതിനിധികളെ നൽകണമെന്ന് ബി.ജെ.പി ഘടകകക്ഷികൾ വാദിക്കുന്നു. ബിഹാറിലെയും യുപിയിലെയും ജനങ്ങൾ പതിറ്റാണ്ടുകളായി കുറഞ്ഞ പ്രാതിനിധ്യമാണ് അനുഭവിക്കുന്നതെന്നും, ജനാധിപത്യപരമായ ഭൂരിപക്ഷ അവകാശങ്ങൾ അവർക്ക് നിഷേധിക്കരുതെന്നും എൻഡിഎ മുന്നണി നേതാവ് ഉപേന്ദ്ര കുശ്വാഹയെ പോലുള്ളവർ വ്യക്തമാക്കുന്നു.

**3. സാമ്പത്തിക വിഹിതങ്ങളും ജിഎസ്ടി തർക്കങ്ങളും**

കേന്ദ്ര നികുതി വിഹിതങ്ങൾ വിതരണം ചെയ്യുമ്പോൾ കൂടുതൽ തുക നൽകുന്നത് തെക്കൻ സംസ്ഥാനങ്ങളാണെങ്കിലും, തിരികെ പണം ലഭിക്കുന്നത് വടക്കൻ സംസ്ഥാനങ്ങൾക്കാണെന്ന പരാതി നിലവിലുണ്ട്. ഇതിന് പുറമെ രാഷ്ട്രീയ അധികാരവും വടക്കൻ സംസ്ഥാനങ്ങളുടെ കൈകളിലേക്ക് പൂർണ്ണമായി മാറിയാൽ ദക്ഷിണേന്ത്യയുടെ ശബ്ദം ന്യൂഡൽഹിയിൽ ആരും കേൾക്കാതാകുമെന്ന ശക്തമായ ഭയം നിലനിൽക്കുന്നുണ്ട്.

**4. വുമൺസ് റിസർവേഷൻ ബില്ലുമായുള്ള കൂട്ടിച്ചേർക്കലുകൾ**

പാർലമെന്റിലെ 33 ശതമാനം വനിതാ സംവരണം നടപ്പിലാക്കാൻ മണ്ഡല പുനർനിർണ്ണയം അത്യാവശ്യമാണെന്ന തന്ത്രപരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വനിതാ സംവരണത്തിന്റെ പേരിൽ മണ്ഡല പുനർനിർണ്ണയം വേഗത്തിലാക്കാൻ ശ്രമിക്കുമ്പോൾ, അതിനെ എതിർക്കാൻ പ്രതിപക്ഷത്തിന് സാങ്കേതികമായി തടസ്സങ്ങൾ അനുഭവപ്പെടുന്നുണ്ട്. എങ്കിലും ദക്ഷിണേന്ത്യയോടുള്ള വിവേചനം അവസാനിപ്പിക്കാതെ മുന്നോട്ട് പോകാൻ അനുവദിക്കില്ലെന്ന് ഇന്ത്യാ മുന്നണി വ്യക്തമാക്കുന്നു.

## ഇന്ത്യൻ ഫെഡറലിസത്തിലെ ഭാവി വെല്ലുവിളികളും അടിയന്തിര പരിഹാരങ്ങളും

രാജ്യത്തിന്റെ ഐക്യം തകരാതെ ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാറും തെരഞ്ഞെടുപ്പ് കമ്മീഷനും പുതിയ വഴികൾ തേടേണ്ടതുണ്ട്.

**1. സാമ്പത്തികസാംസ്കാരിക സൂചകങ്ങൾ അടിസ്ഥാനമാക്കിയുള്ള പുനർനിർണ്ണയങ്ങൾ**

കേവലം ജനസംഖ്യ മാത്രം മാനദണ്ഡമാക്കാതെ, സംസ്ഥാനങ്ങൾ കൈവരിച്ച ജിഡിപി സംഭാവനകൾ, സാക്ഷരതാ നിരക്കുകൾ, സാമൂഹിക സുരക്ഷാ സൂചികകൾ എന്നിവ കൂടി കണക്കിലെടുത്ത് സീറ്റുകൾ വിഭജിക്കുന്ന പുതിയ ഫോർമുലകൾ വിദഗ്ദ്ധർ നിർദ്ദേശിക്കുന്നുണ്ട്. ഇത് സന്തുലിതമായ ഒരു ഫെഡറൽ ഭരണസംവിധാനം കാത്തുസൂക്ഷിക്കാൻ സഹായിക്കും.

**2. രാജ്യസഭാ അധികാരങ്ങളുടെ വിപുലീകരണങ്ങൾ**

ലോക്സഭയിൽ ജനസംഖ്യ അനുസരിച്ച് വടക്കൻ സംസ്ഥാനങ്ങൾക്ക് സീറ്റുകൾ കൂടിയാൽ, അതിന് സന്തുലിതാവസ്ഥ കൊണ്ടുവരാൻ ഉപരിസഭയായ രാജ്യസഭയ്ക്ക് അമേരിക്കൻ സെനറ്റിന് സമാനമായ കൂടുതൽ അധികാരങ്ങൾ നൽകണമെന്ന നിർദ്ദേശമുണ്ട്. സംസ്ഥാനങ്ങളുടെ തുല്യത കാത്തുസൂക്ഷിക്കുന്ന ഉപരിസഭ ശക്തമായാൽ ലോക്സഭയിലെ ഭൂരിപക്ഷം കൊണ്ട് മാത്രം തെക്കൻ സംസ്ഥാനങ്ങളുടെ താല്പര്യങ്ങൾ അടിച്ചമർത്താൻ സാധിക്കില്ല.

**3. ആഭ്യന്തര സമാധാനവും സവിശേഷ പദവികളും**

വടക്ക്-തെക്ക് മേഖലകൾ തമ്മിലുള്ള ഈ ആശയവിനിമയ ഭിന്നതകൾ രാജ്യത്തിന്റെ ആഭ്യന്തര ഐക്യത്തിന് ഭീഷണിയാകാതിരിക്കാൻ രാഷ്ട്രീയ ധാരണകൾ അത്യാവശ്യമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് പ്രത്യേക നികുതി ആനുകൂല്യങ്ങളോ സാമ്പത്തിക സ്വയംഭരണ അവകാശങ്ങളോ നൽകി പാർലമെന്ററി സീറ്റുകളിലെ നഷ്ടം നികത്താൻ സാധിക്കുമോ എന്നും ചിന്തകളുണ്ട്.

**4. വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിലെ സ്വാധീനങ്ങൾ**

2029ഓടെ പ്രാബല്യത്തിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്ന ഈ മണ്ഡല പുനർനിർണ്ണയ തർക്കങ്ങൾ, വരാനിരിക്കുന്ന സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളിലും ദക്ഷിണേന്ത്യയിലെ ബി.ജെ.പിയുടെ വളർച്ചയിലും നിർണ്ണായകമായ സ്വാധീനം ചെലുത്തും. തെക്കൻ പൗരന്മാരുടെ ആശങ്കകൾ കൃത്യമായി പരിഹരിക്കാൻ സാധിച്ചില്ലെങ്കിൽ വലിയ രാഷ്ട്രീയ തിരിച്ചടികൾ ഉണ്ടാകുമെന്ന് ഉറപ്പാണ്.

ജനസംഖ്യാ നിയന്ത്രണം വിജയകരമായി നടപ്പിലാക്കിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് പാർലമെന്ററി പ്രാതിനിധ്യത്തിൽ നഷ്ടമുണ്ടാകില്ലെന്ന കേന്ദ്ര ഉറപ്പുകൾക്കിടയിലും തർക്കങ്ങൾ അവസാനിക്കുന്നില്ല. സീറ്റുകളുടെ എണ്ണം 816 ആക്കി ഉയർത്തിയാലും ഭാവിയിൽ രാഷ്ട്രീയ മേൽക്കോയ്മ വടക്കൻ സംസ്ഥാനങ്ങളുടെ കൈകളിലേക്ക് മാറുമോ എന്ന ആശങ്ക ഫെഡറലിസത്തിന് വലിയ വെല്ലുവിളിയാണ്.



# പശ്ചിമേഷ്യയിൽ ഇളകുന്ന അമേരിക്കൻ മേൽക്കോയ്മ

പതിറ്റാണ്ടുകളായി അമേരിക്കയുടെ അടിയന്തിര സുരക്ഷാ കവചത്തിൽ കഴിഞ്ഞിരുന്ന മുൻനിര ഗൾഫ് അറബ് രാഷ്ട്രങ്ങൾ വാഷിംഗ്ടണിലെ ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിൽ നിന്നും തന്ത്രപ്രധാനമായ അകലം പാലിക്കാൻ തുടങ്ങിയിരിക്കുകയാണ്. സൗദി അറേബ്യ, യു.എ.ഇ, ഖത്തർ, കുവൈത്ത്, ബഹ്റൈൻ തുടങ്ങിയ പരമ്പരാഗത യു.എസ് സഖ്യരാജ്യങ്ങൾ വാഷിംഗ്ടണിന്റെ അസ്ഥിരവും പ്രവചനാതീതവുമായ പശ്ചിമേഷ്യൻ നയങ്ങളിൽ കടുത്ത നിരാശയും അമർഷവും പരസ്യമായി പ്രകടിപ്പിക്കാൻ തുടങ്ങി.

ഇറാനുമായുള്ള സായുധ പോരാട്ടങ്ങൾ മാസങ്ങളായി അനിശ്ചിതത്വത്തിൽ തുടരുന്നതും, ഹോർമുസ് കടലിടുക്കിലെ എണ്ണ കപ്പൽ പാതകളിൽ കൃത്യമായ സുരക്ഷ ഒരുക്കാൻ അമേരിക്കയ്ക്ക് സാധിക്കാത്തതുമാണ് അറബ് രാഷ്ട്രങ്ങളെ അടിയന്തിര ബദൽ സുരക്ഷാ വഴികൾ തേടാൻ നിർബന്ധിതരാക്കുന്നത്. 'അമേരിക്ക തടിയൂരുമ്പോൾ ഈ പ്രദേശത്ത് അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നത് ഞങ്ങൾ പൗരന്മാരാണ്' എന്ന വികാരമാണ് ഗൾഫ് ഭരണാധികാരികൾ പങ്കുവെക്കുന്നത്.



## ട്രംപിന്റെ വിദേശ നയങ്ങളിലെ ഭിന്നതകളും ഗൾഫ് രാഷ്ട്രങ്ങളുടെ അമർഷങ്ങളും

അമേരിക്കൻ പ്രസിഡന്റിന്റെ അപ്രതീക്ഷിത തീരുമാനങ്ങൾ തങ്ങളുടെ ദേശീയ സുരക്ഷയ്ക്ക് തന്നെ ഭീഷണിയാകുന്നു എന്ന തിരിച്ചറിവിലാണ് അറബ് ഭരണാധികാരികൾ.

**1. പ്രവചനാതീതമായ നയതന്ത്രങ്ങളും തെറ്റുന്ന വാഗ്ദാനങ്ങളും**

ഇറാനെതിരെ ഒരു ഘട്ടത്തിൽ കടുത്ത സൈനിക ഭീഷണികൾ മുഴക്കുകയും, അടുത്ത നിമിഷം ഏകപക്ഷീയമായി ചർച്ചകളിലേക്ക് മാറുകയും ചെയ്യുന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ രീതികളാണ് ഗൾഫ് രാജ്യങ്ങളെ ചൊടിപ്പിച്ചത്. വാഷിംഗ്ടണിലെ ഭരണകൂടത്തിൽ തങ്ങൾക്ക് മുൻപുണ്ടായിരുന്ന പൂർണ്ണ വിശ്വാസ്യത നഷ്ടപ്പെട്ടതായി പ്രമുഖ തിങ്ക് ടാങ്കുകൾ വിലയിരുത്തുന്നു. നയതന്ത്രപരമായി കൃത്യമായൊരു അവസാനത്തിലേക്ക് കാര്യങ്ങൾ എത്തിക്കാൻ കഴിയാത്തത് മേഖലയിലെ സുരക്ഷാ അപകടങ്ങൾ ഇരട്ടിയാക്കി.

**2. യു.എസ് സൈനിക താവളങ്ങളുടെ വിന്യാസങ്ങളിലെ സുരക്ഷാ ചോദ്യങ്ങൾ**

സ്വന്തം രാജ്യങ്ങളിൽ ശതകോടികൾ ചെലവിട്ട് നിർമ്മിച്ച് നൽകിയിട്ടുള്ള വൻകിട അമേരിക്കൻ സൈനിക താവളങ്ങൾ തങ്ങൾക്ക് സംരക്ഷണം നൽകുന്നതിന് പകരം, ശത്രു രാജ്യങ്ങളുടെ ഡ്രോൺമിസൈൽ ലക്ഷ്യസ്ഥാനങ്ങളായി മാറുന്നുവോ എന്ന സംശയം ഗൾഫ് രാഷ്ട്രങ്ങളിൽ ശക്തമാണ്. യു.എസ് താവളങ്ങൾ സ്ഥിതി ചെയ്യുന്നത് കൊണ്ട് തങ്ങൾ അനാവശ്യമായി യുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയാണെന്ന് സൗദിയും യു.എ.ഇയും കരുതുന്നു. ചില രാജ്യങ്ങൾ യു.എസ് താവളങ്ങളുടെ അനുമതികൾ പുനഃപരിശോധിക്കാൻ വരെ തയ്യാറെടുക്കുന്നതായി വിവരമുണ്ട്.

**3. ഹോർമുസ് സമുദ്ര പാതയിലെ തടസ്സങ്ങളും എണ്ണ വ്യാപാര നഷ്ടങ്ങളും**

ലോകത്തിലെ ആകെ ക്രൂഡ് ഓയിൽ നീക്കത്തിന്റെ കാതലായ ഹോർമുസ് കടലിടുക്കിൽ ചരക്ക് ടാങ്കറുകൾക്ക് സുരക്ഷ ഉറപ്പാക്കാൻ അമേരിക്കയ്ക്ക് കഴിയാതെ പോയത് സൗദിയുടെയും യു.എ.ഇയുടെയും സാമ്പത്തിക അടിത്തറയെ ബാധിച്ചു.

അമേരിക്കയുടെ വെടിനിർത്തൽ ചർച്ചകൾ നീണ്ടുപോകുമ്പോൾ അന്താരാഷ്ട്ര എണ്ണ വിപണിയിൽ പ്രവചനാതീതമായ വില വ്യതിയാനങ്ങൾ ഉണ്ടാകുന്നത് തങ്ങളുടെ ബജറ്റ് ആസൂത്രണങ്ങളെ തകിടം മറിക്കുന്നു. ഇതോടെ ട്രംപിന്റെ സാമ്പത്തിക തന്ത്രങ്ങൾ അറബ് സാമ്പത്തിക അജണ്ടകൾക്ക് എതിരായി മാറിയിരിക്കുന്നു.

**4. പശ്ചിമേഷ്യൻ പ്രതിസന്ധിയിലെ ഭാരമേറിയ അനുഭവങ്ങൾ**

അമേരിക്കയുടെയും ഇസ്രായേലിന്റെയും ഏകപക്ഷീയ ആക്രമണങ്ങൾ തങ്ങളുടെ വാണിജ്യ പാതകളെയും അടിസ്ഥാന സൗകര്യങ്ങളെയും കനത്ത അപകടത്തിലാഴ്ത്തിയെന്ന വികാരമാണ് അറബ് ഭരണകർത്താക്കൾക്കുള്ളത്. അമേരിക്ക പ്രകോപിപ്പിച്ച യുദ്ധത്തിൽ തങ്ങൾ ഇരകളാകേണ്ടി വരുന്നു എന്നത് സഹിക്കാവുന്നതിലും അപ്പുറമാണെന്ന് പേര് വെളിപ്പെടുത്താത്ത ഉന്നത ഗൾഫ് പ്രതിനിധി അന്താരാഷ്ട്ര മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ ചൂണ്ടിക്കാണിച്ചു.

## പുതിയ പ്രാദേശിക സുരക്ഷാ സഖ്യങ്ങളും നയതന്ത്ര മാറ്റങ്ങളും

അമേരിക്കൻ ഏകാധിപത്യത്തിന് പകരമായി പ്രാദേശിക വൻശക്തികളെ കൂട്ടിയിണക്കി പുതിയ സംരക്ഷണം ഒരുക്കുകയാണ് അറബ് രാജ്യങ്ങൾ.

**1. സൗദി–പാകിസ്താൻ–തുർക്കി സംയുക്ത പ്രതിരോധ കരാറുകൾ**

അമേരിക്കയുടെ സംരക്ഷണ വാഗ്ദാനങ്ങളിൽ വിള്ളൽ വീതോടെ സൗദി അറേബ്യ, പാകിസ്താൻ, നാറ്റോ അംഗമായ തുർക്കി എന്നീ രാജ്യങ്ങളുമായി ചേർന്ന് പുതിയ ഇസ്ലാമിക പ്രതിരോധ അച്ചുതണ്ടിന് രൂപം നൽകി. നാറ്റോയുടെ അഞ്ചാം വകുപ്പിന് സമാനമായി, ഒരു രാജ്യത്തിന് നേരെ ആക്രമണം ഉണ്ടായാൽ മൂന്നുപേരും ഒന്നിച്ച് നേരിടും എന്ന കരാർ അമേരിക്കൻ സഹായങ്ങളെ മാത്രം ആശ്രയിക്കുന്ന ശൈലി അവസാനിപ്പിക്കാനുള്ള കൃത്യമായ സന്ദേശമാണ്.

**2. ഇറാനുമായുള്ള നേരിട്ടുള്ള സമുദ്ര സുരക്ഷാ ചർച്ചകൾ**

അമേരിക്കയുടെ ഉപാധികൾ മറികടന്ന്, ഒമാൻ മധ്യസ്ഥതയിൽ ഇറാനുമായി നേരിട്ട് സുരക്ഷിത സമുദ്ര ഗതാഗതത്തിനായി സൗദിയും മറ്റ് രാജ്യങ്ങളും ചർച്ചകൾ നടത്തിവരികയാണ്. അമേരിക്കയെ മാറ്റിനിർത്തി പ്രാദേശിക സമാധാനം കൊണ്ടുവരാൻ തങ്ങൾക്ക് സാധിക്കുമെന്ന് തെളിയിക്കാനാണ് ഗൾഫ് രാജ്യങ്ങളുടെ ശ്രമം. ഇത് അമേരിക്കൻ വിദേശ നയത്തിന് കനത്ത പ്രഹരമായി മാറി.

**3. ഇസ്രായേൽ നയതന്ത്ര സ്വാഭാവികവൽക്കരണത്തിൽ നിന്നുള്ള പിന്മാറ്റങ്ങൾ**

അമേരിക്ക മുൻകൈയെടുത്ത് കൊണ്ടുവന്ന അബ്രഹാം കരാറുകളുടെ ഭാഗമായി ഇസ്രായേലുമായി നയതന്ത്ര ബന്ധം സ്ഥാപിക്കാനുള്ള ശ്രമങ്ങളിൽ നിന്നും സൗദി അറേബ്യ പൂർണ്ണമായി പിന്നോട്ട് പോയി. പലസ്തീൻ വിഷയം പരിഹരിക്കാതെയും, പ്രാദേശിക സമാധാനം ഉറപ്പാക്കാതെയും ഇസ്രായേലുമായി കരാറുകളിൽ എത്തുന്നതിനെതിരെ ആഭ്യന്തര പൗരന്മാരിൽ നിന്നും കടുത്ത പ്രതിഷേധമുണ്ട്. അമേരിക്കൻ അജണ്ടകളെ നിരസിക്കുന്നതിൽ സൗദി കാണിക്കുന്ന ഈ ധൈര്യം മാറ്റങ്ങളുടെ തെളിവാണ്.

**4. ചൈനീസ് റഷ്യൻ നയതന്ത്ര സ്വാധീനങ്ങളുടെ വികാസം**

അമേരിക്ക വിശ്വസ്തനായ പങ്കാളിയല്ലെന്ന് തിരിച്ചറിഞ്ഞതോടെ, ബി.ആർ.ഐ.സി.എസ് മാതൃകകളിലും ചൈനയുടെ നയതന്ത്ര മധ്യസ്ഥതകളിലും ഗൾഫ് രാഷ്ട്രങ്ങൾക്ക് താല്പര്യം ഏറിവരികയാണ്. എണ്ണ വ്യാപാരത്തിൽ ഡോളറിന് പകരം തദ്ദേശീയ കറൻസികൾ ഉപയോഗിക്കുന്ന രീതി പ്രോത്സാഹിപ്പിക്കപ്പെടുന്നത് ഡോളറിന്റെ ആഗോള ആധിപത്യത്തെ തളർത്താം.

## ഭാരതത്തിന്റെ സമുദ്രസാമ്പത്തിക സുരക്ഷയിലെ പ്രത്യാഘാതങ്ങൾ

ആഗോളതലത്തിൽ അമേരിക്കൻ ആധിപത്യം മങ്ങുകയും ഗൾഫ് രാഷ്ട്രങ്ങൾ പുതിയ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുമ്പോൾ ഭാരതം അതീവ ജാഗ്രതയിലാണ്.

**1. ഗൾഫ് പ്രവാസി മലയാളികളുടെ തൊഴിൽ ഭദ്രതയും സുരക്ഷയും**

സൗദിയിലും യു.എ.ഇയിലും അധ്വാനിക്കുന്ന ലക്ഷക്കണക്കിന് പ്രവാസി മലയാളികളുടെ ക്ഷേമം ഭാരതീയ സാമ്പത്തിക രംഗത്തിന് അതീവ പ്രാധാന്യമുള്ളതാണ്. അമേരിക്കയുടെ പ്രകോപനങ്ങൾ മേഖലയിൽ യുദ്ധം സൃഷ്ടിച്ചാൽ പ്രവാസികളുടെ തൊഴിലിനെയും നാട്ടിലേക്കുള്ള റെമിറ്റൻസ് തുകകളെയും അത് നേരിട്ട് ബാധിക്കും. അതിനാൽ വിദേശകാര്യ മന്ത്രാലയം ഗൾഫ് ഭരണാധികാരികളുമായി നിരന്തരം ആശയവിനിമയം നടത്തുന്നുണ്ട്.

**2. ക്രൂഡ് ഓയിൽ വിതരണ ശൃംഖലകളും ഇന്ധന സുരക്ഷിതത്വവും**

ഹോർമുസ് സമുദ്ര പാതയിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ഭാരതത്തിന്റെ എണ്ണ ഇറക്കുമതിച്ചെലവ് കുത്തനെ ഉയരാം. എന്നാൽ റഷ്യയിൽ നിന്നും മറ്റ് ഇതര സ്രോതസ്സുകളിൽ നിന്നും എണ്ണ വാങ്ങി തങ്ങളുടെ കരുതൽ ശേഖരം നിലനിർത്താൻ ഭാരതത്തിന് സാധിക്കുന്നുണ്ട്. ഗൾഫ് രാജ്യങ്ങൾ നേരിട്ട് ഇറാനുമായി സമാധാന ചർച്ചകളിൽ ഏർപ്പെടുന്നത് ഭാരതീയ സമുദ്ര ട്രേഡിംഗിന് അനുകൂലമായ കാര്യമാണ്.

**3. ഐ.എം.ഇ.സി ഇടനാഴിയുടെ അനിശ്ചിതത്വങ്ങൾ**

അമേരിക്കയുടെ പിന്തുണയോടെ ഭാരതത്തിൽ നിന്നും ഗൾഫ് വഴി യൂറോപ്പിലേക്ക് പ്ലാൻ ചെയ്ത ഇന്ത്യമിഡിൽ ഈസ്റ്റ് യൂറോപ്പ് ഇക്കണോമിക് കോറിഡോർ പദ്ധതികൾ മേഖലയിലെ ഭൗമരാഷ്ട്രീയ ഭിന്നതകൾ മൂലം മന്ദഗതിയിലാണ്. അമേരിക്കയുടെ വിശ്വാസ്യത ഗൾഫ് രാജ്യങ്ങളിൽ കുറയുന്നത് ഇത്തരം വൻകിട വാണിജ്യ പദ്ധതികളുടെ പൂർത്തീകരണത്തിന് വെല്ലുവിളിയാണ്.

**4. സന്തുലിത വിദേശനയവും ഭാരതീയ പ്രാദേശിക മേൽക്കോയ്മയും**

ഗൾഫ് രാഷ്ട്രങ്ങളുമായും അമേരിക്കയുമായും ഒരേസമയം മികച്ച നയതന്ത്ര ബന്ധം പുലർത്തുന്ന ഭാരതത്തിന് ഒരു നിഷ്പക്ഷ ശക്തിയായി ഈ തർക്കങ്ങളിൽ ഇടപെടാൻ സാധിക്കും. അമേരിക്കൻ സ്വാധീനം ഗൾഫിൽ കുറയുമ്പോൾ ഭാരതം പോലുള്ള വികസ്വര സാമ്പത്തിക ശക്തികൾക്ക് അറബ് ലോകത്തു കൂടുതൽ വാണിജ്യസുരക്ഷാ വാതിലുകൾ തുറക്കപ്പെടും.

സ്വന്തം സുരക്ഷയ്ക്കായി അമേരിക്കയെ മാത്രം അന്ധമായി ആശ്രയിച്ചിരുന്ന കാലം കഴിഞ്ഞുവെന്ന ശക്തമായ മുന്നറിയിപ്പാണ് ഗൾഫ് രാഷ്ട്രങ്ങൾ നൽകുന്നത്. ഡൊണാൾഡ് ട്രംപിന്റെ പ്രവചനാതീതമായ നിലപാടുകളും എണ്ണ പാതകളിലെ തടസ്സങ്ങളും വൻകിട അറബ് സമ്പദ്വ്യവസ്ഥകളെ സ്വന്തം പ്രതിരോധ കവചങ്ങൾ പണിയാൻ പ്രേരിപ്പിച്ചിരിക്കുകയാണ്.






# വരുന്നു മുംബയ് 3.0, 124 ഗ്രാമങ്ങൾ ചേർന്ന് മെഗാ സിറ്റി




മുംബയ്: രാജ്യത്തിന്റെ തിരക്കേറിയ നഗരങ്ങളിലൊന്ന്. വർദ്ധിച്ചുവരുന്ന ജനസംഖ്യയും തിരക്കും സ്ഥലപരിമിതിയും വിലയും കൊണ്ട് വീർപ്പുമുട്ടുന്ന മുംബയ് നഗരം. റോഡ്, പാർപ്പിടം, വെള്ളം തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾക്കായി സമ്മർദ്ദം ശക്തമാകുന്ന സാഹചര്യം. മുംബയ്‌യുടെ ഈ ശ്വാസം മുട്ടുന്ന അവസ്ഥയ്ക്ക് പരിഹാരമാകാൻ പുതിയ പദ്ധതി അവതരിപ്പിച്ചിരിക്കുകയാണ് മഹാരാഷ്ട്ര സർക്കാർ. 'മുംബയ് 3.0' എന്ന് പേരിട്ടിരിക്കുന്ന നഗരവികസന പദ്ധതി. 2026-27 സാമ്പത്തിക വർഷത്തേക്ക് 'കർണാലസായിചിർനർ ന്യൂ ടൗൺ പദ്ധതി'ക്കായി 4,000 കോടി രൂപ വകയിരുത്തി.

റായ്ഗഡ് ജില്ലയിലെ ഉറാൻ, പൻവേൽ, പെൻ താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്ന 124 ഗ്രാമങ്ങളെ ഉൾപ്പെടുത്തിയാണ് പുതിയ നഗരം വിഭാവനം ചെയ്തിരിക്കുന്നത്. 323.44 ചതുരശ്ര കിലോമീറ്ററോളം വിസ്തൃതിയിലുള്ള ഈ പ്രദേശം ആസൂത്രിത നഗരമായി വികസിപ്പിക്കും. മുംബയ് മെട്രോപൊളിറ്റൻ റീജിയണൽ ഡെവലപ്മെന്റ് അതോറിട്ടിക്കാണ് (എം.എം.ആർ.ഡി.എ.) വികസന ചുമതല. അടൽസേതുവിനും അന്താരാഷ്ട്രവിമാനത്താവളത്തിനും സമീപമാണ് പുതിയ നഗരം വരുന്നത്. പൻവേൽകർജത്ത് റെയിൽവേ ഇടനാഴി, വിരാർഅലിബാഗ് മൾട്ടിമോഡൽ കോറിഡോർ, മുംബയ്പൂനെ എക്സ്പ്രസ് വേഎന്നിവയും അടുത്താണ്. നഗരത്തിന്റെ ആദ്യ ഘട്ട നിർമ്മാണം 2030ഓടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. എന്നാൽ, സമ്പൂർണ നഗരമാകാൻ കൂടുതൽ സമയമെടുത്തേക്കാം. ഒരു പാർപ്പിട മേഖലയായിട്ടല്ല, പുതിയ സാമ്പത്തിക പാർപ്പിട കേന്ദ്രമായാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. വാണിജ്യ മേഖലകൾ, സാങ്കേതികവിദ്യാ കേന്ദ്രങ്ങൾ, ലോജിസ്റ്റിക്സ്, ഡാറ്റാ സെന്ററുകൾ, ആരോഗ്യവിദ്യാഭ്യാസ സൗകര്യങ്ങൾ, പാർപ്പിട മേഖലകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ദിവസവും ദീർഘദൂരം യാത്ര ചെയ്യുന്നതിന് പകരം, തൊഴിലവസരങ്ങളും വീടുകളും ഒരേയിടത്ത് ലഭ്യമാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. 104 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ടൗൺഷിപ്പുകളും വ്യാവസായിക ഇടനാഴികളും ഒരുക്കും.

അതേസമയം മറ്റ് പ്രദേശങ്ങളിൽ ഹരിതമേഖലകളും വനപ്രദേശങ്ങളും ഗ്രാമീണ വാസസ്ഥലങ്ങളും നിലനിറുത്തുകയും ചെയ്യും. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു ആധുനിക നഗരകേന്ദ്രമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

# കേന്ദ്രത്തോട് സുപ്രീംകോടതി: എൻ.ടി.എ ഉടച്ചുവാർക്കണം




ന്യൂഡൽഹി: നീറ്റ് യു.ജി ചോദ്യപേപ്പർ ചോർച്ചയും യു.ജി.സി നെറ്റ് പരീക്ഷാ നടത്തിപ്പിലെ പിഴവും കാരണം പ്രാപ്തിയില്ലെന്ന പേരുദോഷം വരുത്തിവച്ച നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ (എൻ.ടി.എ) അടിമുടി ഉടച്ചുവാർക്കണമെന്ന് സുപ്രീംകോടതി.

പരീക്ഷാ നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കാൻ മാത്രമാണ് സർക്കാരിന്റെ ശ്രമം. എന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തന സംവിധാനം തന്നെ മാറണമെന്നാണ് സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുന്നത്. അതിന്റെ സമയക്രമം അടക്കം കോടതിയെ അറിയിക്കണം.

നിരന്തരം നവീകരിക്കുന്ന സുസജ്ജമായ പ്രവർത്തന സംവിധാനം വേണം. സങ്കേതിക വൈദഗ്ദ്ധ്യമുള്ളവരും അനുഭവപരിജ്ഞാനമുള്ള കഴിവുറ്റ മുതിർന്ന ഉദ്യോഗസ്ഥരും മേൽനോട്ടം വഹിക്കുന്ന സ്ഥാപനമായി മാറണം. ജീവനക്കാർക്ക് നിരന്തരം പരിശീലനം നൽകണം. യു.പി.എസ്.സിയെ മാതൃകയാക്കാമെന്നും സുപ്രീം കോടതി പറഞ്ഞു. പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് കടലാസുകളിൽ മാത്രമാണ് എല്ലാം ഭദ്രമെന്ന് കോടതി വിമർശിച്ചു.

അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യവിഭവശേഷി, മികച്ച സാങ്കേതിക സംവിധാനം, സ്വന്തം ഡേറ്റ ബേസ് എന്നിവയുൾപ്പെടെയുണ്ടാകണം. മുൻ ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ.കെ. രാധാകൃഷ്ണൻ അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ എന്തു തുടർ നടപടിയുണ്ടായി? അക്കാര്യത്തിൽ മൂന്ന് ആഴ്ചയ്ക്കകം കേന്ദ്ര ഉന്നത വിദ്യാഭ്യാസ സെക്രട്ടറി സത്യവാങ്മൂലം സമർപ്പിക്കണം. പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ പോകുന്നതിന്റെ സമയക്രമം വിശദീകരിക്കണമെന്ന് ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അലോക് അരാധെ എന്നിവരടങ്ങിയ ബെഞ്ച് നിർദ്ദേശിച്ചു. ഒരുകൂട്ടം പൊതുതാത്പര്യഹർജികളിലാണിത്.

ചോർച്ച ഉണ്ടാകാതിരിക്കാൻ ചോദ്യപേപ്പർ തയ്യാറാക്കൽ മുതലുള്ള സുരക്ഷാ നടപടികൾ കോടതിയിൽ എൻ.ടി.എ ആവർത്തിച്ചു. അതേസമയം, എൻ.ടി.എ ഓഫീസ് ഡൽഹിയിലെ ഓഖ്‌ലയിൽ നിന്ന് മിന്റോ റോഡിലെ പുതിയ കെട്ടിടത്തിലേക്ക് മാറിയേക്കും.

### ഡേറ്റാ ബേസ് ഉണ്ടോ? എൻ.ടി.എയോട് കോടതി

1. മതിയായ ഭൗതിക അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരുമുണ്ടോ?
2. എത്ര മുതിർന്ന ഉദ്യോഗസ്ഥരുണ്ട്?
3. അടുത്തിടെ നിയമിച്ച എത്ര ഉദ്യോഗസ്ഥർ ചുമതലയേറ്റു?
4. പ്രത്യേക ഓഫീസ് കെട്ടിടമുണ്ടോ?
5. പരീക്ഷാവിവരങ്ങൾ സൂക്ഷിക്കാൻ സ്വന്തം ഡേറ്റ ബേസുണ്ടോ?
6. പരീക്ഷാനടത്തിപ്പിന് സ്വന്തം സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ?

### ഡേറ്റാ ബേസ് വരും: എൻ.ടി.എ

സ്വന്തം ഡേറ്റ ബേസ് തയ്യാറാക്കുന്നത് പരിഗണനയിലെന്ന് എൻ.ടി.എയ്ക്കു വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത അറിയിച്ചു. നീറ്റ് യു.ജി പരീക്ഷാപ്രക്രിയയും സോളിസിറ്റർ ജനറൽ വിശദീകരിച്ചു.










# തീപിടിച്ച ആകാശവും ചിറകറ്റ പ്രതീക്ഷകളും; അഞ്ചാണ്ടുകൾക്കിപ്പുറം അഫ്ഗാനിസ്ഥാൻ എവിടെ നിൽക്കുന്നു?

അത്ര പെട്ടെന്നൊന്നും ലോകത്തിന്റെ മനസ്സിൽ നിന്ന് മാഞ്ഞുപോകാത്ത ഒരു ചിത്രമുണ്ട് കാബൂൾ വിമാനത്താവളത്തിലെ റൺവേയിലൂടെ മരണ ഭയത്തോടെയും ജീവിക്കാനുള്ള അടങ്ങാത്ത കൊതിയോടെയും പറന്നുയരുന്ന യു.എസ് വ്യോമസേനാ വിമാനത്തിന് പിന്നാലെ പാഞ്ഞുപോകുന്ന ആയിരക്കണക്കിന് അഫ്ഗാൻ ജനതയുടെ ദൃശ്യം!

ആകാശത്തേക്ക് കുതിച്ചുയർന്ന വിമാനച്ചിറകുകളിൽ തൂങ്ങിപ്പിടിച്ച് നിലത്തുപതിച്ച് ജീവനറ്റ മനുഷ്യർ, തോക്കിൻ മുനയിൽ മാറ്റിയെഴുതപ്പെടാൻ പോകുന്ന ഒരു രാജ്യത്തിന്റെ അതിദാരുണമായ ഭാവിരേഖയായിരുന്നു അത്. രണ്ട് പതിറ്റാണ്ടുകാലത്തെ പോരാട്ടത്തിനൊടുവിൽ വിദേശസേനകൾ പെട്ടെന്ന് പിന്മാറിയപ്പോൾ, 2021 ഓഗസ്റ്റ് 15 ന് യാതൊരു ചെറുത്തുനിൽപ്പുമില്ലാതെയാണ് കാബൂൾ താലിബാന്റെ പിടിയിലമർന്നത്.

ലോകം ഓരോ ഓഗസ്റ്റ് 15 നും സ്വാതന്ത്ര്യത്തിന്റെ ആകാശം ആഘോഷിക്കുമ്പോൾ, അഫ്ഗാൻ ജനത തിരിഞ്ഞുനോക്കുന്നത് തങ്ങളുടെ സമസ്ത സ്വാതന്ത്ര്യങ്ങളും കവർന്നെടുക്കപ്പെട്ട ഇരുളടഞ്ഞ അഞ്ചു വർഷങ്ങളിലേക്കാണ്.

എല്ലാവരെയും ഉൾക്കൊള്ളുന്ന ഭരണകൂടമെന്നും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്നും സുഹൈൽ ഷഹീനെ പോലുള്ള താലിബാൻ വക്താക്കൾ നൽകിയ ആദ്യകാല വാഗ്ദാനങ്ങൾ വെറുമൊരു കപടനാടകമായിരുന്നുവെന്ന് കാലം തെളിയിച്ചുകഴിഞ്ഞു.




### ഇരുളടഞ്ഞ പെൺജീവിതങ്ങൾ

ഇന്ന് പെൺകുട്ടികൾക്ക് സെക്കൻഡറി സ്കൂൾ വിദ്യാഭ്യാസവും സർവകലാശാലാ പഠനവും ഔദ്യോഗികമായി നിരോധിച്ച ലോകത്തിലെ ഏക രാജ്യമായി അഫ്ഗാനിസ്ഥാൻ മാറിയിരിക്കുന്നു. യുണൈറ്റഡ് നേഷൻസിന്റെ കണക്കനുസരിച്ച് നൂറിലധികം ക്രൂരമായ വിലക്കുകളാണ് സ്ത്രീകൾക്ക് മേൽ ഭരണകൂടം അടിച്ചേൽപ്പിച്ചിട്ടുള്ളത്. പുരുഷന്മാരായ ബന്ധുക്കളുടെ സാന്നിധ്യമില്ലാതെ പുറത്തിറങ്ങാൻ പോലും സാധിക്കാത്ത അവസ്ഥയിലാണ് അഫ്ഗാൻ സ്ത്രീകൾ.

പഠന വിലക്ക് ഭാവിയിൽ യോഗ്യതയുള്ള വനിതാ ഡോക്ടർമാരുടെയും അധ്യാപകരുടെയും ദൗർലഭ്യത്തിന് വഴിവെക്കുമെന്ന് യുനെസ്കോ മുന്നറിയിപ്പ് നൽകുന്നുണ്ടെങ്കിലും താലിബാൻ ഭരണകൂടം തങ്ങളുടെ നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. സ്ത്രീകളിൽ ഏറിയ പങ്കും കടുത്ത മാനസിക സമ്മർദ്ദത്തിലാണെന്നും കേവലം ഏഴ് ശതമാനം സ്ത്രീകൾക്ക് മാത്രമാണ് രാജ്യത്ത് തൊഴിൽ സാഹചര്യമുള്ളതെന്നും സർവേകൾ വ്യക്തമാക്കുന്നു.

### അടിച്ചമർത്തപ്പെടുന്ന മാധ്യമങ്ങളും പിന്നോട്ടുപോയ നീതിന്യായവും

വാർത്താ സ്വാതന്ത്ര്യത്തെ സമ്പൂർണ്ണമായി അടിച്ചമർത്തിയതോടെ മാധ്യമപ്രവർത്തകർക്ക് റിപ്പോർട്ട് ചെയ്യാൻ ലോകത്തിലെ ഏറ്റവും അപകടകരമായ ഇടമായി അഫ്ഗാനിസ്ഥാൻ മാറിയിട്ടുണ്ട്. തത്സമയ രാഷ്ട്രീയ ചർച്ചകൾ നിരോധിക്കുകയും ഭരണകൂടത്തിന്റെ അനുമതിയില്ലാതെ വാർത്തകൾ പ്രക്ഷേപണം ചെയ്യുന്നത് കുറ്റകരമാക്കുകയും ചെയ്ത താലിബാൻ, സ്വന്തമായി റേഡിയോ-ടിവി ചാനലുകൾ ആരംഭിച്ചാണ് തങ്ങളുടെ പ്രചാരണം നടത്തുന്നത്. നൂറുകണക്കിന് മാധ്യമ പ്രവർത്തകർക്ക് രാജ്യം വിടേണ്ടി വന്നപ്പോൾ, രാജ്യത്തെ നീതിന്യായ വ്യവസ്ഥയെ കാലങ്ങൾക്ക് പിന്നിലേക്ക് തള്ളിക്കൊണ്ട് പരസ്യമായ ചാട്ടയടിയും വധശിക്ഷയും വിചാരണയില്ലാത്ത തടവുകളും വീണ്ടും സാധാരണ സംഭവങ്ങളായി മാറിയിരിക്കുന്നു.

### തീരാത്ത ആശങ്കകളും തകർന്ന സാമ്പത്തിക രംഗവും

പരമ്പരാഗതമായ യുദ്ധങ്ങൾ അവസാനിച്ചു എന്നത് മാത്രമാണ് ജനങ്ങൾക്കുള്ള ഏക ആശ്വാസമെങ്കിലും അത് സുസ്ഥിരമായ സുരക്ഷിതത്വത്തിലേക്ക് രാജ്യത്തെ നയിച്ചിട്ടില്ല. ഐ.എസ് പോലുള്ള ഭീകര സംഘടനകളുടെ ബോംബ് ആക്രമണങ്ങളും അയൽ രാജ്യങ്ങളുമായുള്ള അതിർത്തി തർക്കങ്ങളും കാരണം സംഘർഷങ്ങളുടെ സ്വഭാവം മാറുക മാത്രമാണ് ചെയ്തത്. അതേ സമയം ബാങ്കിങ് സേവനങ്ങളുടെ ലഭ്യതക്കുറവും വൈദ്യുതിക്ഷാമവും രാജ്യത്തെ ദാരിദ്ര്യം വർധിപ്പിച്ചു. സമ്പദ്‌വ്യവസ്ഥയിൽ കടലാസിലെ ജി.ഡി.പി വളർച്ച രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ഒന്നരക്കോടിയോളം വരുന്ന അഫ്ഗാൻ ജനത ഇന്നും കനത്ത പട്ടിണിയിലും ഭക്ഷ്യസുരക്ഷാ ഭീഷണിയിലുമാണ് ജീവിക്കുന്നത്.

### അന്താരാഷ്ട്ര നിലപാടുകളും അനിശ്ചിതത്വത്തിലുള്ള ഭാവിയും

അന്താരാഷ്ട്ര തലത്തിൽ താലിബാൻ ഭരണകൂടത്തിന് പൂർണ്ണമായ അംഗീകാരം നൽകാൻ റഷ്യ ഒഴികെയുള്ള പ്രമുഖ രാജ്യങ്ങളൊന്നും ഇതുവരെ തയ്യാറായിട്ടില്ല. ചൈനയും യു.എ.ഇയും താലിബാന്റെ അംബാസഡർമാരെ സ്വീകരിച്ചെങ്കിലും ഔദ്യോഗിക അംഗീകാരം വൈകിപ്പിക്കുകയാണ്. ഇന്ത്യ ഔദ്യോഗികമായി താലിബാനെ അംഗീകരിച്ചിട്ടില്ലെങ്കിലും കാബൂളിലെ ടെക്നിക്കൽ മിഷൻ വഴി നയതന്ത്ര സാന്നിധ്യം നിലനിർത്തുകയും സാമ്പത്തികവികസന സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. അന്താരാഷ്ട്ര സമൂഹത്തിന്റെയും ഐക്യരാഷ്ട്ര സഭയുടെയും സമ്മർദ്ദങ്ങൾ ഇപ്പോഴും തുടരുകയാണ്.

### തീരാത്ത ചോദ്യങ്ങളും വീണ്ടെടുക്കേണ്ട നാളെകളും

ഈ പ്രതിസന്ധികൾക്കിടയിലും കൊട്ടിയടച്ച ക്ലാസ് മുറികൾക്ക് പകരം വീടുകളുടെ ഉള്ളറകളിൽ രഹസ്യമായി പെൺകുട്ടികളെ പഠിപ്പിക്കുന്ന അധ്യാപികമാരും, അവകാശങ്ങൾക്കായി ശബ്ദമുയർത്തുന്ന പോരാളികളും അഫ്ഗാനിസ്ഥാന്റെ പ്രതിരോധ വീര്യത്തിന്റെ അടയാളങ്ങളാണ്. അടച്ചിട്ട ജനലുകൾക്കപ്പുറത്ത് നിന്ന് ആകാശത്തേക്ക് തുറക്കുന്ന ആ കണ്ണുകളിൽ ഇപ്പോഴും ഒരു പുലരിയുടെ പ്രതീക്ഷ പ്രകാശിക്കുന്നുണ്ട്.

എന്നാൽ ലോകം മുന്നോട്ട് ചോദിക്കുന്ന ചില ശക്തമായ ചോദ്യങ്ങളുണ്ട് പെൺകുട്ടികളുടെ പുസ്തകങ്ങൾ കത്തിച്ചാമ്പലാക്കി ഒരു രാജ്യത്തിന് എത്രകാലം മുന്നോട്ടുപോകാനാകും? ജനതയെ പട്ടിണിക്കിട്ടും അടിസ്ഥാന അവകാശങ്ങൾ നിഷേധിച്ചും പടുത്തുയർത്തുന്ന ഒരു ഭരണകൂടത്തിന് എത്രത്തോളം ആയുസ്സുണ്ടാകും? നീതിക്കായി ലോകത്തിന് മുന്നിൽ നീളുന്ന ആ അഫ്ഗാൻ കൈകൾക്ക് സ്വന്തം ആകാശം തിരിച്ചുകിട്ടുന്ന ഒരു ദിനം വന്നെത്തുമോ? അതോ താലിബാന്റെ നിഴലിൽ ആ രാജ്യം എന്നെന്നേക്കുമായി ഇരുളിൽ മറയുമോ?

# ആയുധമുനയിൽ നിന്ന് സാമ്പത്തിക പോരിലേക്ക്: ഇറാൻ – അമേരിക്കൻ പോരാട്ടത്തിന്റെ പുതിയ മുഖം

മിസൈലുകളുടെയും ബോംബുകളുടെയും ഭീകര ശബ്ദങ്ങൾ പതുക്കെ അടങ്ങുമ്പോൾ, ഇറാൻ–അമേരിക്കൻ പോരാട്ടം അവസാനിക്കുകയല്ല, മറിച്ച് കൂടുതൽ അപകടകരമായ മറ്റൊരു ഘട്ടത്തിലേക്ക് കടക്കുകയാണ്. ലോകം ഇതുവരെ കണ്ടത് പോരാട്ടത്തിന്റെ ബാഹ്യരൂപമായ മഞ്ഞുമലയുടെ ഒരഗ്രം മാത്രമാണെന്നും യഥാർത്ഥ പോരാട്ടം ഇനി സാമ്പത്തിക യുദ്ധമുഖത്താണെന്നുമാണ് ഇറാനിൽ നിന്നുള്ള ശക്തമായ മുന്നറിയിപ്പുകൾ വ്യക്തമാക്കുന്നത്. ആയുധങ്ങൾ ഉപയോഗിച്ച് കീഴ്പ്പെടുത്താൻ കഴിയാത്ത ശത്രുക്കൾ ഉപരോധങ്ങളിലൂടെ രാജ്യത്തിന്റെ അടിത്തറ ഇളക്കാൻ ശ്രമിക്കുകയാണെന്ന വിലയിരുത്തലിലാണ് ഇസ്ലാമിക് റിപ്പബ്ലിക്.



### പ്രതിരോധത്തിന്റെ സാമ്പത്തിക തന്ത്രവും സൈനിക അവകാശവാദങ്ങളും

ശത്രു രാജ്യങ്ങൾ അതിരുകളില്ലാതെ സമ്പത്ത് യുദ്ധത്തിനായി ധൂർത്തടിച്ചപ്പോൾ, അതിന്റെ നൂറിലൊന്ന് ചെലവിൽ പ്രതിരോധം തീർക്കാൻ തങ്ങൾക്ക് സാധിച്ചതായി ഇറാന്റെ സായുധ സേന അവകാശപ്പെടുന്നു. ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ്സ് കോർപ്സിന്റെ ഡെപ്യൂട്ടി കമാൻഡർ-ഇൻ-ചീഫ് മേജർ ജനറൽ മുസ്തഫ ഇസാദിയുടെ പ്രസ്താവനകളിൽ ഇത് പ്രകടമാണ്. യുദ്ധത്തിൽ ഇരുനൂറിലധികം ശത്രു വിമാനങ്ങൾ വെടിവെച്ചിട്ടെന്ന അവകാശവാദവും ഇതിനോടൊപ്പം ഉയർന്നുവരുന്നുണ്ട്.

യുദ്ധഭൂമിയിലെ ഈ സാമ്പത്തിക വിജയം വെറുമൊരു സൈനിക വിലയിരുത്തൽ മാത്രമല്ല, 'വെലായത്-ഇ-ഫഖിഹ്' എന്ന ആശയത്തിലധിഷ്ഠിതമായ ഭരണകൂടത്തിന്റെ രാഷ്ട്രീയ സ്ഥിരത ഉറപ്പിച്ചു നിർത്താനുള്ള ശ്രമം കൂടിയാണ്. പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് അതിശക്തനായ എതിരാളിയെ പ്രതിരോധിച്ചതുപോലെ, വരാനിരിക്കുന്ന കനത്ത ഉപരോധങ്ങളെയും അതിജീവിക്കാനാകുമെന്ന സന്ദേശമാണ് ഇതിലൂടെ ഇറാൻ നൽകുന്നത്.

### സ്വതന്ത്ര വിലയിരുത്തലുകളും ഔദ്യോഗിക വാദങ്ങളും

എന്നാൽ ഇറാന്റെ ഔദ്യോഗിക വൃത്തങ്ങളിൽ നിന്ന് പുറത്തുവരുന്ന ഇത്തരം അവകാശവാദങ്ങളെ പുറത്തുനിന്നുള്ള അന്താരാഷ്ട്ര നിരീക്ഷകരും സ്വതന്ത്ര ഏജൻസികളും പൂർണ്ണമായി സ്ഥിരീകരിക്കുന്നില്ല. യുദ്ധത്തിൽ ഇരുവിഭാഗത്തിനും ഉണ്ടായ യഥാർത്ഥ നാശനഷ്ടങ്ങൾ, നശിച്ച സൈനിക സ്വത്തുക്കൾ, സാമ്പത്തിക ലാഭനഷ്ടങ്ങൾ എന്നിവ കണക്കാക്കുമ്പോൾ ഇറാൻ അവതരിപ്പിക്കുന്ന ചിത്രത്തിൽ നിന്ന് വ്യത്യസ്തമായ തലങ്ങൾ ഉണ്ടെന്നാണ് പാശ്ചാത്യ വിശകലനങ്ങൾ സൂചിപ്പിക്കുന്നത്.

അതുകൊണ്ട് തന്നെ തങ്ങളുടെ പരാജയം മറച്ചുവെക്കാനും ആഭ്യന്തര തലത്തിൽ ജനങ്ങളുടെ ആത്മവിശ്വാസം നിലനിർത്താനുമുള്ള തന്ത്രപരമായ പ്രചാരണമായിട്ടാണ് അന്താരാഷ്ട്ര നിരീക്ഷകർ ഈ കണക്കുകളെ കാണുന്നത്.

### ഉപരോധങ്ങളുടെ ഭാരവും ആഭ്യന്തര വെല്ലുവിളികളും

എങ്കിലും ആയുധങ്ങളുടെ പോരാട്ടത്തേക്കാൾ കഠിനമായിരിക്കും വരാനിരിക്കുന്ന സാമ്പത്തിക യുദ്ധമെന്ന് വ്യക്തമാണ്. ദീർഘകാലമായി തുടരുന്ന ഉപരോധങ്ങളും കനത്ത ആഭ്യന്തര കറൻസിയുടെ മൂല്യത്തകർച്ചയും സാധാരണക്കാരായ ഇറാനിയൻ ജനതയുടെ ജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. അനിയന്ത്രിതമായ വിലക്കയറ്റവും വിതരണ ശൃംഖലയിലെ തടസങ്ങളും ജനജീവിതം ദുസഹമാക്കുമ്പോൾ, രാജ്യത്തിനകത്തുണ്ടാകാൻ സാധ്യതയുള്ള പ്രതിഷേധങ്ങളെ ഭരണകൂടം ഭയക്കുന്നുണ്ട്.

അമേരിക്കയും ഇസ്രയേലും ലക്ഷ്യമിടുന്നത് ഇറാന്റെ സാമ്പത്തിക അടിത്തറ തകർത്ത് ആഭ്യന്തരമായി പ്രതിവിപ്ലവ ശക്തികളെ പ്രോത്സാഹിപ്പിക്കാനാണെന്ന് ഇറാന്റെ ഒന്നാം വൈസ് പ്രസിഡന്റ് മുഹമ്മദ് റെസാ അരീഫ് വിമർശിക്കുന്നു. ദേശീയ ഐക്യവും ഭരണകൂടത്തോടുള്ള പങ്കാളിത്തവും കൊണ്ട് മാത്രമേ ഈ പ്രതിസന്ധിയെ മറികടക്കാനാകൂ എന്ന് ഇറാൻ വിശ്വസിക്കുന്നു.

### മേഖലാ സ്ഥിരതയും ആഗോള സാമ്പത്തിക പ്രത്യാഘാതങ്ങളും

ഈ സംഘർഷം ഇറാനിലും അമേരിക്കയിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല, മറിച്ച് മധ്യപൂർവേഷ്യൻ മേഖലയുടെയും ആഗോള വിപണിയുടെയും സ്ഥിരതയെ നേരിട്ട് ബാധിക്കുന്ന ഒന്നാണ്. സാമ്പത്തിക ഉപരോധങ്ങൾ കനക്കുമ്പോൾ പത്രപ്രവർത്തകരും അന്താരാഷ്ട്ര മാധ്യമങ്ങളും ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം, ഇത് ലോകത്തെവിടെയുമുള്ള ഇന്ധനവിലയെയും വ്യാപാര വഴികളെയും തകിടം മറിക്കുമെന്നാണ്. പശ്ചിമേഷ്യയിൽ വീണ്ടും ഒരു സാമ്പത്തിക അസ്ഥിരതയുണ്ടായാൽ അത് യൂറോപ്യൻ, ഏഷ്യൻ രാജ്യങ്ങളിലെ വിപണികളിലും പണപ്പെരുപ്പത്തിന് കാരണമാകും.

### ഹോർമുസും എണ്ണ വിപണിയും: പൊരുതിനിൽപ്പിന്റെ നാളെകൾ

തീ തുപ്പുന്ന മിസൈലുകൾക്ക് പകരമായി അന്താരാഷ്ട്ര എണ്ണവിപണിയും തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കുമാണ് ഇനി ഇറാന്റെ പ്രധാന പ്രതിരോധ ആയുധങ്ങൾ.

ഉപരോധങ്ങൾ കടുപ്പിച്ച് ഇറാനെ മുട്ടുകുത്തിക്കാനുള്ള അമേരിക്കൻ തന്ത്രവും, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് പൊരുതിനിൽക്കാനുള്ള ഇറാന്റെ തന്ത്രവും തമ്മിലുള്ള പോരാട്ടത്തിൽ ആരാവും ജയിക്കുക എന്നത് ലോക സമ്പദ്‌വ്യവസ്ഥയെത്തന്നെ ബാധിക്കുന്ന വിഷയമാണ്.

തങ്ങളുടെ പക്കലുള്ള അവസാന തന്ത്രങ്ങളും പുറത്തെടുത്ത് പൊരുതാൻ ഇറാൻ ഒരുങ്ങുമ്പോൾ, യുദ്ധക്കളത്തിൽ നിന്ന് സാമ്പത്തിക വിപണിയിലേക്ക് മാറിയ ഈ പോരാട്ടം ഭാവിയിൽ നയതന്ത്ര മേശയിലെത്തുമോ അതോ ആഗോള സാമ്പത്തിക വ്യവസ്ഥയെത്തന്നെ അസ്ഥിരപ്പെടുത്തുമോ എന്ന് കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു.



# ഹെയ്ഡൻ പാനറ്റിയറുടെ മരണം: ദുരൂഹതയായി മുൻ കാമുകൻ

ഹോളിവുഡ് നടി ഹെയ്ഡൻ പാനറ്റിയറുടെ അപ്രതീക്ഷിത വിയോഗ വാർത്തയ്ക്ക് പിന്നാലെ കൂടുതൽ ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്ത്. സൗത്ത് കരോലിനയിലെ ഗ്രീൻവില്ലിലുള്ള അപ്പാർട്ട്മെന്റിൽ ബോധരഹിതയായി കണ്ടെത്തിയ വേളയിൽ നടിയുടെ മുൻ കാമുകനായ ബ്രയാൻ ഹിക്കേഴ്സണും സഹോദരൻ സാക്കും അവിടെ ഉണ്ടായിരുന്നുവെന്നാണ് പോലീസ് റിപ്പോർട്ടിൽ പറയുന്നത്. സൗത്ത് കരോലിനയിലെ ജഡ്സൺ മിൽ ലോഫ്റ്റ്സിൽ വെച്ചാണ് ഹെയ്ഡൻ അന്തരിച്ചത്. അടിയന്തര വൈദ്യസഹായ സംഘവും പോലീസും സ്ഥലത്തെത്തുമ്പോൾ ബ്രയാന്റെ സഹോദരൻ സാക്ക് വളരെ വൈകാരികമായാണ് പ്രതികരിച്ചതെന്ന് പോലീസ് ഉദ്യോഗസ്ഥൻ മാത്യു ബ്രയാൻ വ്യക്തമാക്കുന്നു. എന്നാൽ, ഹെയ്ഡൻ മരിച്ചതായി മെഡിക്കൽ സംഘം ഔദ്യോഗികമായി സ്ഥിരീകരിച്ചതിന് ശേഷമാണ് ബ്രയാൻ വികാരാധീനായതെന്നാണ് റിപ്പോർട്ട്. തുടർന്ന് ഹെയ്ഡൻ കഴിച്ചിരുന്ന മരുന്നുകളടങ്ങിയ ഒരു ബാഗ് ബ്രയാൻ പോലീസിന് കൈമാറുകയായിരുന്നു. ഡിസ്പാച്ച് ഓഡിയോ സന്ദേശങ്ങളിൽ ഹൃദയാഘാതത്തെക്കുറിച്ചും ഡ്രഗ് ഓവർഡോസിനെക്കുറിച്ചും സൂചനകൾ നൽകിയിരുന്നു. എമർജൻസി ജീവനക്കാർ പരമാവധി ശ്രമിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരത്തിൽ മറ്റ് പരിക്കുകളോ ആക്രമണത്തിന്റെ ലക്ഷണങ്ങളോ കണ്ടെത്തിയിട്ടില്ല. അതിനാൽ ടോക്സിക്കോളജി പരിശോധനാ ഫലം പുറത്തുവന്നാൽ മാത്രമേ മരണകാരണം വ്യക്തമാവുകയുള്ളൂ. 2018-ലാണ് ഹെയ്ഡനും ബ്രയാനും പ്രണയത്തിലാകുന്നത്. എന്നാൽ ഗാർഹിക പീഡനക്കേസിൽ 2021-ൽ ബ്രയാൻ പിടിയിലാവുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തിരുന്നു. പിന്നീട് തന്റെ ഓർമ്മക്കുറിപ്പായ 'ദിസ് ഈസ് മീ: എ റെക്കണിംഗ്' എന്ന പുസ്തകത്തിലൂടെ ഈ പീഡന അനുഭവങ്ങളെക്കുറിച്ച് ഹെയ്ഡൻ വെളിപ്പെടുത്തിയിട്ടുമുണ്ട്.





## ഹോളിവുഡിലെ പുതിയ ഹോട്ട് ജോഡി! പ്രണയാർദ്രമായ നിമിഷങ്ങൾ പങ്കുവെച്ച് കിമ്മും ലൂയിസും

ഹോളിവുഡിൽ പുതിയൊരു പ്രണയകഥ കൂടി ചൂടുപിടിക്കുകയാണോ? റിയാലിറ്റി സ്റ്റാർ കിം കർദാഷിയനും ഫോർമുല വൺ ചാമ്പ്യൻ ലൂയിസ് ഹാമിൽട്ടണും തമ്മിലുള്ള പ്രണയത്തെക്കുറിച്ചുള്ള ചർച്ചകളാണ് ഇപ്പോൾ ലോകമെമ്പാടുമുള്ള ആരാധകരെ ആവേശത്തിലാഴ്ത്തിയിരിക്കുന്നത്. തങ്ങളുടെ അവധിക്കാലാഘോഷങ്ങളുടെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ച് ഇരുവരും വീണ്ടും ഗോസിപ്പ് കോളങ്ങളിൽ സജീവമായിരിക്കുകയാണ്.ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച പുതിയ ചിത്രങ്ങളിൽ കിമ്മും ലൂയിസും ഒരുമിച്ചുള്ള പ്രണയാർദ്രമായ നിമിഷങ്ങളാണുള്ളത്. കടൽത്തീരത്തുകൂടി കൈകോർത്ത് നടക്കുന്നതും, ലൂയിസ് കിമ്മിന്റെ തോളിൽ കൈചേർത്തുനിൽക്കുന്നതുമായ ചിത്രങ്ങൾ ആരാധകർ ഏറ്റെടുത്തു കഴിഞ്ഞു. ഇതിനു പുറമെ സെൽഫിയും കിം പങ്കുവെച്ചിട്ടുണ്ട്. 'സെംവേർ ഓവർ ദി റെയിൻബോ' എന്ന പ്രണയഭരിതമായ ക്യാപ്ഷനോടെയാണ് കിം ഈ ചിത്രങ്ങൾ പോസ്റ്റ് ചെയ്തിരിക്കുന്നത്.



## 'അഭിനയിക്കാൻ അറിയില്ല, പൊക്കവും കൂടുതൽ! വീട്ടിൽ പോടോ!': അപമാനങ്ങളെക്കുറിച്ച് അമിതാഭ് ബച്ചൻ

ഇന്ത്യൻ സിനിമയിലെ തന്നെ എക്കാലത്തെയും മഹാനായ നടന്മാരിൽ ഒരാളായ അമിതാഭ് ബച്ചൻ തന്റെ കരിയറിന്റെ തുടക്കകാലത്ത് നേരിട്ട കൈപ്പേറിയ അനുഭവങ്ങൾ വെളിപ്പെടുത്തുന്നു. നിലവിൽ ജനപ്രിയ റിയാലിറ്റി ഷോയായ 'കോൻ ബനേഗ ക്രോർപതി' സീസൺ 18-ന്റെ അവതാരകനായ അദ്ദേഹം, ഷോയുടെ ഒരു പ്രത്യേക എപ്പിസോഡിലാണ് തന്റെ ആദ്യകാല സിനിമാ അനുഭവങ്ങളെക്കുറിച്ച് മനസ്സ് തുറന്നത്. 'തുടക്കത്തിൽ ഒരുപാട് വഴക്കുകൾ കേട്ടിട്ടുണ്ട്. 'നിനക്ക് അഭിനയത്തിന്റെ എബിസിഡി പോലും അറിയില്ല, നിനക്ക് ഉയരം കൂടുതലാണ്, അതുകൊണ്ട് പെട്ടിയുമെടുത്ത് വീട്ടിൽ പോകൂ' എന്നുവരെ ആളുകൾ മുഖത്തുനോക്കി പറഞ്ഞിട്ടുണ്ട്,' എന്ന് ബച്ചൻ ഓർത്തെടുത്തു. ഒടുവിൽ വേഷം കിട്ടിയപ്പോൾ പോലും ഡയലോഗ് പറയുന്ന രീതി ശരിയല്ലെന്ന് പറഞ്ഞ് നിരന്തരം വഴക്ക് കേൾക്കുമായിരുന്നുവെന്നും, എന്നാൽ ഇത്തരം തിരുത്തലുകളാണ് തന്നെ മികച്ചൊരു നടനാക്കി മാറ്റിയതെന്നും അദ്ദേഹം പറഞ്ഞു.

# ഹാരിയും വില്യമും തമ്മിൽ അനുരഞ്ജനം? വ്യവസ്ഥകൾ വെച്ച് മേഗൻ മാർക്കിൾ

ബ്രിട്ടീഷ് രാജകുടുംബത്തിലെ പ്രിൻസ് ഹാരിയും പ്രിൻസ് വില്യമും തമ്മിലുള്ള ഭിന്നതകൾ അവസാനിപ്പിക്കാനുള്ള നീക്കങ്ങൾക്കിടെ പുതിയ വെളിപ്പെടുത്തലുകൾ. പ്രിൻസ് വില്യമുമായി സമാധാനത്തിലാകാനുള്ള ഭർത്താവ് ഹാരിയുടെ ആഗ്രഹത്തെ മേഗൻ മാർക്കിൾ പിന്തുണയ്ക്കുന്നുണ്ടെങ്കിലും, ചില കർശനമായ വ്യവസ്ഥകൾ അവർ മുന്നോട്ടുവെക്കുന്നതായാണ് വിവരം. രാജകൊട്ടാരത്തിനുള്ളിൽ തങ്ങൾ അനുഭവിച്ച കയ്പേറിയ അനുഭവങ്ങൾ മറന്ന് ഹാരി മാത്രം താഴ്ന്നു കൊടുക്കുന്നതിനോട് മേഗന് തീരെ താല്പര്യമില്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. രണ്ട് സഹോദരന്മാരും പരസ്പരം തെറ്റുകൾ അംഗീകരിച്ച് സംസാരിക്കാൻ തയ്യാറായാൽ മാത്രമേ ഈ അനുരഞ്ജനം വിജയകരമാകൂ എന്ന് മേഗൻ വിശ്വസിക്കുന്നു. 'ദി ഹിറ്റ് വേൾഡ്' പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം, കൊട്ടാരത്തിൽ നടന്ന സംഭവങ്ങൾ പൂർണ്ണമായും മറന്നുകൊണ്ട് ഹാരി മാത്രം വില്യമിന്റെ മുന്നിൽ മാപ്പപേക്ഷിക്കുന്നത് ആരോഗ്യകരമായ ഒരു നീക്കമല്ലെന്നാണ് മേഗന്റെ നിലപാട്. ഇരുവരും മുതിർന്ന വ്യക്തികളെപ്പോലെ ഇരുന്ന് സംസാരിക്കുകയും അവരവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ പരസ്പരം സമ്മതിക്കുകയും ചെയ്യണമെന്നാണ് മേഗൻ ആവശ്യപ്പെടുന്നത്.



അതേസമയം, അന്തരിച്ച ഡയാന രാജകുമാരിയുടെ ഓർമ്മദിനം അടുത്തുനിൽക്കുന്ന വേളയിൽ സഹോദരൻ വില്യമുമായും നാത്തൂൻ കേറ്റ് മിഡിൽട്ടണുമായും വീണ്ടും അടുക്കാൻ ഹാരി ആഗ്രഹിക്കുന്നുണ്ടെന്നാണ് രാജകുടുംബവുമായി അടുത്ത വൃത്തങ്ങൾ വ്യക്തമാക്കുന്നത്. തന്റെ പിതാവായ ചാൾസ് രാജാവിന് മുന്നിൽ ഇരുസഹോദരന്മാരും ഒന്നിച്ചുനിൽക്കുന്നത് കാണാനും ഹാരി ആഗ്രഹിക്കുന്നുണ്ട്. കുടുംബത്തിന്റെ സമാധാനത്തിന് വേണ്ടി വീണ്ടും വിട്ടുവീഴ്ച ചെയ്യാനും മാപ്പ് ചോദിക്കാനും ഹാരി തയ്യാറാണെന്നും സൂചനകളുണ്ട്.



# 'എക്സ്ട്രാക്ഷൻ 3' ബിഗ് അപ്ഡേറ്റ്: ബ്രോസ്നനും ലീയും താരനിരയിലേക്ക്

നെറ്റ്ഫ്ലിക്സിന്റെ ഏറ്റവും ജനപ്രിയ ആക്ഷൻ സിനിമാ ഫ്രാഞ്ചൈസിയായ 'എക്സ്ട്രാക്ഷൻ' മൂന്നാം ഭാഗത്തിന്റെ ആവേശകരമായ പുതിയ വിവരങ്ങൾ പുറത്ത്. പ്രശസ്ത ഹോളിവുഡ് താരം ക്രിസ് ഹെംസ്വർത്ത് നായകനാകുന്ന ചിത്രത്തിൽ ജെയിംസ് ബോണ്ട് ചിത്രങ്ങളിലൂടെ ലോകമെമ്പാടും ആരാധകരെ സൃഷ്ടിച്ച പിയേഴ്സ് ബ്രോസ്നൻ പ്രധാന വേഷത്തിലെത്തുന്നു. ഇതോടൊപ്പം തെന്നിന്ത്യൻ-ഏഷ്യൻ സിനിമാ പ്രേമികൾക്ക് ഏറെ പ്രിയങ്കരനായ 'ട്രെയിൻ ടു ബുസാൻ' താരം ഡോൺ ലീയും ചിത്രത്തിന്റെ താരനിരയിലേക്ക് ചേർന്നതായാണ് റിപ്പോർട്ട്.ബ്രോസ്നനും ഡോൺ ലീയ്ക്കും പുറമെ ചി ലൂയിസ്-പാരി, ജോ തസ്ലിം, സിയീന അഗുഡോങ് എന്നിവരും പുതിയ ഭാഗത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്. കൂടാതെ മുൻ ഭാഗങ്ങളിലുണ്ടായിരുന്ന ഇദ്രിസ് എൽബയും ഗോൾഷിഫ്തേ ഫരഹാനിയും മൂന്നാം ഭാഗത്തിലും തങ്ങളുടെ കഥാപാത്രങ്ങളായി തിരിച്ചെത്തുന്നുണ്ട്. റൂസോ സഹോദരന്മാരുടെ എജിബിഒ , ക്രിസ് ഹെംസ്വർത്തിന്റെ വൈൽഡ് സ്റ്റേറ്റ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രം ആന്റെ പാർക്സിന്റെ ഗ്രാഫിക് നോവലിനെ ആസ്പദമാക്കിയുള്ളതാണ്.ഓസ്ട്രേലിയയിൽ ചിത്രീകരണം ആരംഭിച്ചിരിക്കുന്ന മൂന്നാം ഭാഗത്തിന്റെ പ്രമേയത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇതുവരെ അണിയറപ്രവർത്തകർ പുറത്തുവിട്ടിട്ടില്ല. ടൈലർ റേക്ക് എന്ന ഓസ്ട്രേലിയൻ മെഴ്സനറിയുടെ സാഹസികമായ രക്ഷാപ്രവർത്തനങ്ങളാണ് ഈ ആക്ഷൻ പരമ്പരയുടെ പ്രമേയം. ആദ്യ രണ്ട് ഭാഗങ്ങളും സംവിധാനം ചെയ്ത സാം ഹാർഗ്രേവ് തന്നെയാണ് മൂന്നാം ഭാഗവും ഒരുക്കുന്നത്. ഡേവിഡ് വെയിൽ ആണ് ചിത്രത്തിന് തിരക്കഥയൊരുക്കുന്നത്.2020-ലും 2023-ലുമായി പുറത്തിറങ്ങിയ എക്സ്ട്രാക്ഷൻ ഒന്നും രണ്ടും ഭാഗങ്ങൾക്ക് പ്രേക്ഷകരിൽ നിന്നും നിരൂപകരിൽ നിന്നും വലിയ പിന്തുണയാണ് ലഭിച്ചത്.



# 'പ്രിൻസസ് ഡയറീസ് 3'ൽ അഭിനയിക്കാനില്ലെന്ന് നടി ജൂലി ആൻഡ്രൂസ്



ലോകമെമ്പാടുമുള്ള സിനിമാപ്രേമികൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ് 'പ്രിൻസസ് ഡയറീസ്' പരമ്പരയിലെ മൂന്നാം ഭാഗം. എന്നാൽ ഈ പുതിയ ചിത്രത്തിൽ ക്വീൻ ക്ലാരിസ് റെനാൾഡി എന്ന ഐക്കോണിക് കഥാപാത്രത്തെ അവതരിപ്പിച്ച പ്രശസ്ത നടി ജൂലി ആൻഡ്രൂസ് ഉണ്ടാകുമോ എന്ന ചോദ്യത്തിന് മറുപടിയുമായി എത്തിയിരിക്കുകയാണ് ഓസ്കർ ജേതാവായ നടി ആനി ഹാത്ത്വേ. ഡി23 എക്സ്പോയിൽ 'ഡിസ്നി ലെജൻഡ്' പുരസ്കാരം ഏറ്റുവാങ്ങിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു താരം.ചിത്രത്തിന്റെ മൂന്നാം ഭാഗത്തിൽ അഭിനയിക്കാൻ ജൂലി ആൻഡ്രൂസിനെ നിർബന്ധപൂർവ്വം ക്ഷണിച്ചിരുന്നുവെന്നും എന്നാൽ അവർക്ക് അതിൽ താല്പര്യമില്ലെന്നാണ് അറിയിച്ചതെന്നും ആനി വെളിപ്പെടുത്തി. 'അവർക്ക് മനസ്സ് മാറുകയാണെങ്കിൽ ഞങ്ങൾക്ക് അത് വളരെയധികം സന്തോഷമുള്ള കാര്യമാണ്. എങ്കിലും അവരുടെ തീരുമാനത്തെ ഞങ്ങൾ പൂർണ്ണമായി ബഹുമാനിക്കുന്നു. വിനോദലോകത്തിന് അവർ നൽകിയ സംഭാവനകൾ വളരെ വലുതാണ്,' ആനി ഹാത്ത്വേ കൂട്ടിച്ചേർത്തു.നേരത്തെ നൽകിയ ഒരു അഭിമുഖത്തിൽ, ഈ പ്രായത്തിൽ വീണ്ടും അത്തരം ഒരു കഥാപാത്രത്തിലേക്ക് മടങ്ങിയെത്താൻ തനിക്ക് താല്പര്യമില്ലെന്ന് 88-കാരിയായ ജൂലി ആൻഡ്രൂസ് വ്യക്തമാക്കിയിരുന്നു.

## ബോക്സ് ഓഫീസിൽ തരംഗമായി 'ആവാരപ്പൻ 2' 100 കോടി ക്ലബ്ബിൽ ഇടംനേടി ഇമ്രാൻ!

ബോളിവുഡ് താരം ഇമ്രാൻ ഹാഷ്മി ഒടുവിൽ കാത്തിരുന്ന 100 കോടി ക്ലബ്ബിലേക്ക്! താരം സോളോ നായകനായി എത്തിയ പുതിയ ചിത്രം 'ആവാരപ്പൻ 2' ബോക്സ് ഓഫീസിൽ വൻ കുതിപ്പാണ് നടത്തുന്നത്. 2007-ൽ പുറത്തിറങ്ങിയ ഹിറ്റ് ചിത്രം ആവാരപ്പന്റെ രണ്ടാം ഭാഗമായി എത്തിയ ചിത്രം റിലീസ് ചെയ്ത് വെറും അഞ്ച് ദിവസത്തിനുള്ളിലാണ് ഇന്ത്യയിൽ നിന്ന് മാത്രം 100 കോടി ക്ലബ്ബിൽ ഇടംപിടിച്ചത്.റിലീസ് ചെയ്ത അഞ്ചാം ദിനത്തിൽ 9.75 കോടി രൂപയാണ് ചിത്രം സ്വന്തമാക്കിയത്. ഇതോടെ ഇന്ത്യയിലെ ആകെ ഗ്രോസ് കളക്ഷൻ 120.33 കോടിയും നെറ്റ് കളക്ഷൻ 100.75 കോടിയുമായി ഉയർന്നു. വിദേശ വിപണികളിൽ നിന്ന് ഇതുവരെ 23.80 കോടിയാണ് ചിത്രം നേടിയത്. ലോകമെമ്പാടുമുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ 144.13 കോടി രൂപയുടെ വൻ ഗ്രോസ് കളക്ഷനാണ് ചിത്രം സ്വന്തമാക്കിയിരിക്കുന്നത്.

# ഷാൺ ലെവി-റയാൻ ഗോസ്ലിംഗ് കോമ്പോ വീണ്ടും; 'ഗോസ്റ്റ് റൈഡർ' റിലീസ് തീയതി പുറത്ത്



മാർവൽ ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന 'ഗോസ്റ്റ് റൈഡർ' പുതിയ പതിപ്പിന്റെ റിലീസ് തീയതി അണിയറപ്രവർത്തകർ പ്രഖ്യാപിച്ചു. ജനപ്രിയ ഹോളിവുഡ് താരം റയാൻ ഗോസ്ലിംഗ് നായകനാകുന്ന ചിത്രം 2028 ജൂലൈ 28-ന് തിയേറ്ററുകളിലെത്തും.അടുത്തിടെ നടന്ന ഡി23 ഇവന്റിലാണ് നിർമ്മാതാക്കൾ ഈ വമ്പൻ പ്രഖ്യാപനം നടത്തിയത്. മുൻപ് സോണി നിർമ്മിച്ച രണ്ട് ചിത്രങ്ങളിൽ നിക്കോളാസ് കേജ് അവതരിപ്പിച്ച 'സ്പിരിറ്റ് ഓഫ് വെഞ്ചൻസ്' എന്ന ഐക്കോണിക് കഥാപാത്രത്തെയാണ് ഇനി റയാൻ ഗോസ്ലിംഗ് സ്ക്രീനിൽ ജീവസുറ്റതാക്കുക. 2028-ൽ പുറത്തിറങ്ങാനിരിക്കുന്ന മാർവലിന്റെ ബിഗ് ബജറ്റ് ചിത്രങ്ങളുടെ നിരയിലേക്കാണ് 'ഗോസ്റ്റ് റൈഡറും' കടന്നുവരുന്നത്. പേര് നിശ്ചയിച്ചിട്ടില്ലാത്ത 'എക്സ്-മെൻ' ചിത്രം 2028 മേയ് 5-നും, 'ബ്ലാക്ക് പന്തർ 3' ഡിസംബർ 15-നും റിലീസ് ചെയ്യുമെന്നും അണിയറപ്രവർത്തകർ സ്ഥിരീകരിച്ചിട്ടുണ്ട്.

# രജനികാന്തിന്റെ 'ജയിലർ 2'ലെ ആദ്യഗാനം റിലീസിന് ഒരുങ്ങുന്നു



രജനികാന്തിനെ നായകനാക്കി നെൽസൺ ദിലീപ്കുമാർ സംവിധാനം ചെയ്യുന്ന ജയിലർ 2ന്റെ ആദ്യ ഗാനം റിലീസിന് ഒരുങ്ങുന്നു. ഓഗസ്റ്റ് 21ന് ആകും ഗാനം റിലീസ് ചെയ്യുക. അനിരുദ്ധ് രവിചന്ദറിന്റേതാണ് സംഗീതം. ഇക്കാര്യം അറിയിച്ചു കൊണ്ട് പുതിയ പോസ്റ്ററും അണിയറപ്രവർത്തകർ പുറത്തുവിട്ടിട്ടുണ്ട്. ആദ്യ ഭാഗത്തിന്റെ വമ്പൻ വിജയത്തിന് ശേഷം മുത്തുവേൽ പാണ്ഡ്യനായി വീണ്ടുമെത്തുമ്പോൾ വലിയ പ്രതീക്ഷയിലാണ് രജനി ആരാധകർ. മോഹൻലാൽ, ശിവരാജ് കുമാർ, വിജയ് സേതുപതി, ഹൃതിക് റോഷൻ, വിനായകൻ തുടങ്ങി വമ്പൻ താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്. ചിത്രത്തിന്റെ ഒടിടി അവകാശം സംബന്ധിച്ച റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്തുവരുന്നത്. വമ്പൻ തുകയ്ക്ക് ആമസോൺ പ്രൈം ആണ് ചിത്രത്തിന്റെ ഒടിടി അവകാശം സ്വന്തമാക്കിയിരിക്കുന്നത് എന്നാണ് റിപ്പോർട്ടുകൾ. മുത്തുവേൽ പാണ്ഡ്യനായി ഗംഭീര പ്രകടനം നടത്തിയ രജിനിയുടെ കരിയറിലെ ഏറ്റവും സ്റ്റൈലിഷ് കഥാപാത്രങ്ങളിൽ ഒന്ന് കൂടിയായിരുന്നു സിനിമയിലേത്. തമിഴ് സിനിമയിൽ ഏറ്റവും വലിയ ഓപണിംഗ് വരാൻ സാധ്യതയുള്ള അപ്കമിംഗ് പ്രോജക്റ്റുമാണ് ജയിലർ 2. അനിരുദ്ധ് രവിചന്ദർ തന്നെയാണ് രണ്ടാം ഭാഗത്തിൻറെയും സംഗീത സംവിധാനം നിർവ്വഹിക്കുന്നത്.

# യൂറോപ്പിലെ യുഎസ് സൈനിക താവളങ്ങൾക്ക് നേരെ ആക്രമണ ഭീഷണി; പോരാട്ടം വ്യാപിപ്പിക്കാൻ ഇറാന്റെ ഗൂഢ പദ്ധതികൾ

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തങ്ങൾക്കെതിരെയുള്ള സായുധ പോരാട്ടങ്ങൾ കടുപ്പിക്കുകയാണെങ്കിൽ യൂറോപ്പിലെ അമേരിക്കൻ സൈനിക കേന്ദ്രങ്ങൾക്ക് നേരെ നേരിട്ട് ആക്രമണം നടത്താൻ ഇറാൻ ആലോചിക്കുന്നു. ഇറാനിയൻ ഭരണകൂടത്തോട് അടുത്ത വൃത്തങ്ങളെ ഉദ്ധരിച്ച് പുറത്തുവന്ന റിപ്പോർട്ടിൽ, തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ യുഎസ് സൈനിക സംവിധാനങ്ങളെയാണ് ടെഹ്റാൻ പ്രധാനമായും ലക്ഷ്യമിടുന്നത്.

അമേരിക്കൻ വ്യോമസേനയ്ക്ക് ഇന്ധനം നിറയ്ക്കാനുള്ള ബൾഗേറിയയിലെ ബസ്മർ എയർ ബേസ്, യുകെ സൈനിക താവളമുള്ള സൈപ്രസ് എന്നിവയ്ക്ക് നേരെ തിരിച്ചടി നൽകാനുള്ള സാധ്യതാ പഠനങ്ങൾ ഇറാനിയൻ സൈന്യം നടത്തിക്കഴിഞ്ഞു. കേവലം പശ്ചിമേഷ്യയിൽ മാത്രം ഒതുങ്ങാതെ യുദ്ധം യൂറോപ്യൻ മണ്ണിലേക്ക് പടരുന്നതും, യൂറോപ്യൻ സഖ്യരാഷ്ട്രങ്ങൾ ഈ യുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതും ആഗോള സാമ്പത്തിക രംഗത്തും സുരക്ഷാ കവചങ്ങളിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ താഴെ സമഗ്രമായി പരിശോധിക്കാം:



### യൂറോപ്യൻ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമിടുന്ന ഇറാന്റെ പുതിയ തന്ത്രങ്ങൾ

പശ്ചിമേഷ്യൻ അതിരുകൾ കടന്ന് യൂറോപ്യൻ ഭൂഖണ്ഡത്തിലെ അമേരിക്കൻ ആസ്തികളെ ആക്രമിക്കുക എന്നത് ഇറാന്റെ സൈനിക നയങ്ങളിലെ വലിയൊരു വഴിത്തിരിവാണ്.

**1. ബൾഗേറിയയും സൈപ്രസും ഇറാന്റെ ഭീഷണി നിഴലിൽ**

യുഎസ് റീഫ്യുവലിംഗ് വിമാനങ്ങൾക്ക് അനുമതി നൽകിയ ബൾഗേറിയൻ സൈനിക താവളവും, ആംഗ്ലോ അമേരിക്കൻ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്ന സൈപ്രസുമാണ് ഇറാന്റെ പ്രധാന ലക്ഷ്യങ്ങൾ. മുൻപ് ജോർദാനിലും ഡിയഗോ ഗാർസിയയിലും നടത്തിയ ദീർഘദൂര ആക്രമണങ്ങൾ തങ്ങളുടെ മിസൈലുകളുടെ പ്രഹരശേഷി തെളിയിക്കുന്നതാണെന്ന് ടെഹ്റാൻ അവകാശപ്പെടുന്നു. തങ്ങളുടെ ആഭ്യന്തര നിർമ്മിതികൾ തകർത്താൽ യൂറോപ്പിലുള്ള അമേരിക്കൻ കേന്ദ്രങ്ങൾക്ക് നേരെ തിരിച്ചടിയുണ്ടാകുമെന്ന കൃത്യമായ സന്ദേശമാണ് ഇറാൻ നൽകുന്നത്.

**2. മിഡ്റേഞ്ച് ബാല്ലിസ്റ്റിക് മിസൈലുകളുടെ പരിധികളും കൃത്യതയും**

മധ്യദൂര ബാല്ലിസ്റ്റിക് മിസൈലുകൾ ഉപയോഗിച്ച് തെക്കുകിഴക്കൻ യൂറോപ്യൻ മേഖലകളെ ആക്രമിക്കാൻ ഇറാന് സാധിക്കും. എന്നാൽ ദൂരം കൂടുന്തോറും ഈ മിസൈലുകളുടെ ലക്ഷ്യബോധവും കൃത്യതയും കുറയുമെന്നും തങ്ങളുടെ മിസൈൽ ശേഖരം വേഗത്തിൽ ശൂന്യമാകുമെന്നും സൈനിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. എങ്കിലും ആത്മഘാതി ഡ്രോണുകളും നിഴൽ സംഘങ്ങളെയും ഉപയോഗിച്ച് യൂറോപ്പിൽ ഭീതി പടർത്താൻ ഇറാന് സാധിക്കും.

**3. കടൽക്കടിയിലെ കമ്മ്യൂണിക്കേഷൻ കേബിളുകൾ തകർക്കാനുള്ള ഭീഷണികൾ**

ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന ആഗോള ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ ഫൈബർഓപ്റ്റിക് കേബിളുകൾ തകർക്കാനും ഇറാൻ പ്ലാൻ ചെയ്യുന്നതായി റിപ്പോർട്ടിലുണ്ട്. ഇത് സംഭവിച്ചാൽ ആഗോള ഡിജിറ്റൽ വിപണിയും ബാങ്കിംഗ് ശൃംഖലകളും നിമിഷങ്ങൾക്കുള്ളിൽ തകരാറിലാകും. സായുധ പോരാട്ടങ്ങൾക്ക് പുറമെ സാങ്കേതികമായി പാശ്ചാത്യ രാജ്യങ്ങളെ പ്രതിരോധത്തിലാക്കാൻ ഈ ഡിജിറ്റൽ ആക്രമണ തന്ത്രത്തിലൂടെ ഇറാന് സാധിക്കും.

**4. അതിരുകളില്ലാത്ത തിരിച്ചടികളും നയതന്ത്ര അടഞ്ഞവാതിലുകളും**

ട്രംപ് ഭരണകൂടം നയതന്ത്ര ചർച്ചകൾ പൂർണ്ണമായി നിഷേധിക്കുകയും ഉപരോധങ്ങൾ തുടരുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, തങ്ങളുടെ പ്രതിരോധത്തിന് യാതൊരു അതിരുകളുമില്ലെന്ന് ഇറാൻ പ്രഖ്യാപിക്കുന്നു. ജൂൺ മാസത്തിലെ വെടിനിർത്തൽ ധാരണകൾക്ക് ശേഷവും ചർച്ചകൾ പുനരാരംഭിക്കാൻ കഴിയാത്തത് സൈനിക കമാൻഡർമാരെ കടുത്ത തീരുമാനങ്ങളിലേക്ക് പ്രേരിപ്പിക്കുന്നു. ഇത് മേഖലയിലെ നയതന്ത്ര സാധ്യതകളെ ഇല്ലാതാക്കുന്നു.

### യൂറോപ്യൻ സഖ്യരാഷ്ട്രങ്ങളിലെ ആഘാതങ്ങളും യുദ്ധത്തിലെ പങ്കാളിത്തവും

യൂറോപ്യൻ മണ്ണിൽ ആക്രമണം ഉണ്ടായാൽ നാറ്റോയും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും നേരിട്ട് യുദ്ധത്തിൽ പങ്കാളികളാകേണ്ടി വരും.

**1. നാറ്റോയുടെ അഞ്ചാം വകുപ്പും (ആർട്ടിക്കിൾ 5) നേരിട്ടുള്ള യുദ്ധ പ്രവേശനങ്ങളും**

നാറ്റോ അംഗരാജ്യമായ ബൾഗേറിയക്കോ അല്ലെങ്കിൽ യൂറോപ്യൻ യൂണിയൻ അംഗമായ സൈപ്രസിനോ നേരെ ഇറാൻ നേരിട്ട് മിസൈൽ ആക്രമണം നടത്തിയാൽ, അത് നാറ്റോയുടെ സംയുക്ത പ്രതിരോധ വ്യവസ്ഥയെ (ആർട്ടിക്കിൾ 5) ഉണർത്തും. ഒരു അംഗരാജ്യത്തിന് നേരെയുണ്ടാകുന്ന ആക്രമണം എല്ലാവർക്കും നേരെയുള്ള ആക്രമണമായി കണക്കാക്കി യൂറോപ്യൻ സൈന്യങ്ങൾക്ക് യുദ്ധത്തിൽ നേരിട്ട് പങ്കാളികളാകേണ്ടി വരും. ഇത് പശ്ചിമേഷ്യൻ പ്രാദേശിക പോരാട്ടത്തെ ഒരു ആഗോള മഹായുദ്ധമാക്കി മാറ്റും.

**2. യൂറോപ്യൻ നഗരങ്ങളിലെ സുരക്ഷാ ആശങ്കകളും അഭയാർത്ഥി പ്രവാഹങ്ങളും**

യുദ്ധം യൂറോപ്യൻ അതിർത്തികളിലേക്ക് എത്തുന്നതോടെ വിമാന സർവീസുകൾ റദ്ദാക്കപ്പെടുകയും വിനോദസഞ്ചാര വാണിജ്യ മേഖലകൾ സ്തംഭിക്കുകയും ചെയ്യും. ഒപ്പം പശ്ചിമേഷ്യയിൽ നിന്നും ദക്ഷിണ യൂറോപ്പിലേക്ക് വീണ്ടുമൊരു കൂറ്റൻ അഭയാർത്ഥി പ്രവാഹം ഉണ്ടാകാൻ സാധ്യതയേറെയാണ്. ഇത് യൂറോപ്യൻ രാജ്യങ്ങളിലെ ആഭ്യന്തര രാഷ്ട്രീയത്തിലും സാമ്പത്തിക ഭദ്രതയിലും വലിയ വിള്ളലുകൾ ഉണ്ടാക്കും.

**3. വ്യോമപ്രതിരോധ നിരകളിലെ മന്ദഗതികളും മിസൈൽ ക്ഷാമവും**

ഉക്രെയ്ൻ യുദ്ധത്തിന് വൻതോതിൽ ആയുധങ്ങൾ നൽകിയതിനെ തുടർന്ന് നിലവിൽ യൂറോപ്യൻ രാജ്യങ്ങളുടെ കൈവശമുള്ള പാട്രിയറ്റ് വ്യോമപ്രതിരോധ മിസൈലുകളുടെ അളവ് കുറവാണ്. പെട്ടെന്നൊരു ഇറാനിയൻ ഡ്രോൺമിസൈൽ ആക്രമണം ഉണ്ടായാൽ സ്വന്തം നഗരങ്ങളെയും യുഎസ് താവളങ്ങളെയും ഒരേപോലെ സംരക്ഷിക്കുക യൂറോപ്യൻ സൈന്യങ്ങൾക്ക് കഠിനമായിരിക്കും. ഈ സുരക്ഷാ പോരായ്മ യൂറോപ്യൻ ഭരണാധികാരികളിൽ വലിയ ഭയമുണർത്തുന്നുണ്ട്.

**4. ട്രംപിന്റെ വിദേശ നയങ്ങളോടുള്ള യൂറോപ്യൻ എതിർപ്പുകൾ**

അമേരിക്കയുടെ ഏകപക്ഷീയമായ ആക്രമണങ്ങൾ കാരണം തങ്ങൾ അനാവശ്യമായി യുദ്ധത്തിലേക്ക് തള്ളിയിടപ്പെടുകയാണെന്ന അമർഷം ജർമ്മനി, ഫ്രാൻസ് ഉൾപ്പെടെയുള്ള പ്രമുഖ യൂറോപ്യൻ രാഷ്ട്രങ്ങൾക്കുണ്ട്. ട്രംപ് ഭരണകൂടത്തോട് യുദ്ധത്തിൽ നിന്നും പിന്മാറാൻ യൂറോപ്യൻ നേതാക്കൾ സമ്മർദ്ദം ചെലുത്തുന്നുണ്ടെങ്കിലും, വാഷിംഗ്ടൺ ഇത് ചെവിക്കൊള്ളാത്തത് പാശ്ചാത്യ സഖ്യത്തിനുള്ളിൽ ഭിന്നതകൾ രൂക്ഷമാക്കുന്നു.

### ആഗോള സമ്പദ്‌വ്യവസ്ഥയിലും ഇന്ത്യയിലും ഉണ്ടാകുന്ന കനത്ത ആഘാതങ്ങൾ

യൂറോപ്പിലേക്ക് യുദ്ധം പടരുന്നതും സമുദ്രഡിജിറ്റൽ പാതകൾ അടയുന്നതും ലോക സാമ്പത്തിക ക്രമത്തെ തകിടം മറിക്കും.

**1. എണ്ണവിലയിലെ അനിയന്ത്രിതമായ കുതിച്ചുചാട്ടവും പണപ്പെരുപ്പവും**

ഹോർമുസ് കടലിടുക്കിന് പുറമെ യൂറോപ്യൻ സമുദ്ര അതിർത്തികളും പ്രക്ഷുബ്ധമാകുന്നതോടെ അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില ബാരലിന് 120 ഡോളറിന് മുകളിലേക്ക് കുതിച്ചുയരും. ഇത് ലോകത്താകമാനം രൂക്ഷമായ പണപ്പെരുപ്പത്തിനും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനും വഴിവെക്കും. വികസിതവികസ്വര രാഷ്ട്രങ്ങളുടെ സാമ്പത്തിക വളർച്ചാ നിരക്കുകൾ കുത്തനെ താഴേക്ക് പതിക്കും.

**2. ഡിജിറ്റൽ ബാങ്കിംഗ് സംവിധാനങ്ങളുടെ തളർച്ചകൾ**

ഇറാൻ കടൽക്കടിയിലെ ഫൈബർഓപ്റ്റിക് കേബിളുകൾ തകർത്താൽ അന്താരാഷ്ട്ര ബാങ്കിംഗ് ശൃംഖലയായ സ്വിഫ്റ്റ്, ഡിജിറ്റൽ പേയ്മെന്റുകൾ, ഗ്ലോബൽ ഇൻഫർമേഷൻ നെറ്റ്‌വർക്കുകൾ എന്നിവ മണിക്കൂറുകളോളം പൂർണ്ണമായി നിശ്ചലമാകും. ശതകോടികളുടെ വ്യാപാര ഇടപാടുകൾ തടസ്സപ്പെടുന്നത് ആഗോള സ്റ്റോക്ക് മാർക്കറ്റുകളിൽ വലിയ തകർച്ചകൾ ഉണ്ടാക്കും.

**3. ഇന്ത്യൻ കയറ്റുമതികൾക്കും വിതരണ ശൃംഖലകൾക്കും ഏൽക്കുന്ന തിരിച്ചടികൾ**

ഇന്ത്യയിൽ നിന്നും യൂറോപ്പിലേക്കുള്ള സമുദ്ര ചരക്ക് ഗതാഗത പാതകൾ പൂർണ്ണമായി അടയുന്നത് ഇന്ത്യൻ ടെക്സ്റ്റൈൽ, ഫാർമസ്യൂട്ടിക്കൽ, എഞ്ചിനീയറിംഗ് കയറ്റുമതികളെ പ്രതികൂലമായി ബാധിക്കും. ചരക്ക് കപ്പലുകളുടെ ഇൻഷുറൻസ് നിരക്കുകൾ പത്തിരട്ടിയായി ഉയരുന്നത് ആഭ്യന്തര വിപണിയിലും സാധനങ്ങളുടെ റീട്ടെയിൽ വില കൂട്ടാൻ ഇടയാക്കും. എങ്കിലും ഭാരതത്തിന്റെ ശക്തമായ കരുതൽ ശേഖരം വലിയൊരു പരിധിവരെ സഹായകരമാകും.

**4. പ്രവാസി സുരക്ഷയും ഇന്ത്യൻ നയതന്ത്ര ഇടപെടലുകളും**

യൂറോപ്പിലും ഗൾഫ് മേഖലയിലുമുള്ള കോടിക്കണക്കിന് ഭാരതീയരുടെ, പ്രത്യേകിച്ച് പ്രവാസി മലയാളികളുടെ സുരക്ഷ ഉറപ്പാക്കാൻ ഭാരത വിദേശകാര്യ മന്ത്രാലയം ഉന്നതതല ഏകോപനം നടത്തും. വൻശക്തികൾ തമ്മിലുള്ള ഈ യുദ്ധത്തിൽ ഒരു പക്ഷത്തും ചേരാതെ, നയതന്ത്ര സംഭാഷണങ്ങളിലൂടെ പ്രശ്നം പരിഹരിക്കാൻ ഇന്ത്യ ആഗോള വേദികളിൽ സമ്മർദ്ദം ചെലുത്തും.

യൂറോപ്പിലെ അമേരിക്കൻ സൈനിക താവളങ്ങളെ ലക്ഷ്യമിടാനുള്ള ഇറാന്റെ ആലോചനകൾ പശ്ചിമേഷ്യൻ യുദ്ധത്തെ അതീവ അപകടകരമായ ഒരു ആഗോള പോരാട്ടത്തിലേക്കാണ് നയിക്കുന്നത്. നാറ്റോ രാജ്യങ്ങൾ യുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതും കടൽക്കടിയിലെ കമ്മ്യൂണിക്കേഷൻ കേബിളുകൾ ഭീഷണിയിലാകുന്നതും ലോക സാമ്പത്തിക രംഗത്തിന് താങ്ങാനാവുന്നതിലും അപ്പുറമാണ്.

# മൗനം ഉടയ്ക്കുന്ന സ്പെൻസർ തറവാട്: ഡയാനയുടെ വിയോഗത്തിലെ ഞെട്ടിക്കുന്ന സത്യങ്ങൾ പുറത്തേക്ക്!

പാരീസിലെ അൽമ തുരങ്കത്തിൽ ഒരൊറ്റ നിമിഷം കൊണ്ട് ഒരു രാജകുമാരിയുടെ നിശ്വാസം നിലച്ചിട്ട് മുപ്പത് ആണ്ടുകൾ തികയുമ്പോഴും, ലോകം ഇന്നുവരെ ആ കണ്ണീരണിഞ്ഞ ഓർമ്മകളിൽ നിന്ന് മുക്തമായിട്ടില്ല. ബ്രിട്ടീഷ് രാജകൊട്ടാരത്തിന്റെ കരിങ്കൽ മതിലുകൾക്കുള്ളിൽ ശ്വാസം മുട്ടിപ്പോയ സ്നേഹത്തിന്റെയും, ഒടുവിൽ മാധ്യമപ്പടയുടെ കണ്ണില്ലാത്ത വേട്ടയാടലിന് ഇരയായി അവസാനിച്ച ദാരുണതയുടെയും പ്രതീകമായി ഡയാന ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു. എന്നാൽ, ഈ മുപ്പതാം വാർഷിക വേളയിൽ ഡയാനയെക്കുറിച്ച് ലോകം ഇന്നോളം അറിഞ്ഞ സത്യങ്ങളെല്ലാം തിരുത്തിയെഴുതപ്പെടാൻ പോവുകയാണ്. അത് മറ്റാരിലൂടെയുമല്ല, ഡയാനയുടെ സ്വന്തം സഹോദരൻ ഏൾ ചാൾസ് സ്പെൻസറിലൂടെ തന്നെ.

തന്റെ പ്രയപ്പെട്ട സഹോദരിയുടെ ജീവിതത്തെയും മരണത്തെയും ചുറ്റിപ്പറ്റി മൂന്ന് പതിറ്റാണ്ടുകളായി പ്രചരിക്കുന്ന വ്യാജ പ്രചാരണങ്ങൾക്കും കെട്ടുകഥകൾക്കും അറുതിവരുത്താൻ അദ്ദേഹം മൗനം വെടിയുന്നു. 'സ്വാൻ സോംഗ്: ഡയാന, മൈ സിസ്റ്റർ' എന്ന് പേരിട്ടിരിക്കുന്ന അദ്ദേഹത്തിന്റെ പുതിയ പുസ്തകം സെപ്തംബർ 22ന് പെൻഗ്വിൻ റാൻഡം ഹൗസ് ലോകമെമ്പാടുമുള്ള 12 ഭാഷകളിലാണ് പുറത്തിറക്കുന്നത്. 1997 ഓഗസ്റ്റ് 31 ലെ ആ കറുത്ത ദിനത്തിൽ പാരീസിലെ അൽമ ടണലിൽ സംഭവിച്ച ദുരന്തത്തെച്ചൊല്ലി ഇന്നും ഒടുങ്ങാത്ത സംശയങ്ങളാണ് ബാക്കിയുള്ളത്.





കാറിനെ പിന്തുടർന്ന പപ്പരാസികളിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ ഡ്രൈവർ ഹെന്റി പോളിന്റെ അമിതവേഗതയും മദ്യപാനവുമാണ് അപകടത്തിന് കാരണമായതെന്ന് ഔദ്യോഗിക അന്വേഷണ റിപ്പോർട്ടുകൾ പറയുമ്പോഴും, ബ്രിട്ടീഷ് രഹസ്യാന്വേഷണ ഏജൻസിയായ എംഐയുടെ ഗൂഢാലോചന, കൊട്ടാരത്തിന്റെ ഇടപെടലുകൾ, ദുരൂഹമായ വെള്ള ഫിയറ്റ് യൂണോ കാർ തുടങ്ങി നിരവധി ഗോസിപ്പുകളും തിയറികളും മൂന്ന് പതിറ്റാണ്ടായി ഉയർന്നുനിൽക്കുന്നുണ്ട്.

ഡയാനയുടെ കാമുകനായിരുന്ന ദോദി അൽ ഫയീദിന്റെ പിതാവ് മുഹമ്മദ് അൽ ഫയീദ് ഉന്നയിച്ച ആസൂത്രിത കൊലപാതക ആരോപണങ്ങളും, തനിക്ക് അപകടം സംഭവിക്കാമെന്ന് ഭയന്ന് ഡയാന മുമ്പ് എഴുതിവെച്ചതായി പറയപ്പെടുന്ന കത്തുകളുമെല്ലാം ഇന്നും ചരിത്രത്തിലെ വലിയ ചോദ്യ ചിഹ്നങ്ങളാണ്. ഡയാനയുടെ ജീവിതത്തിലെ സങ്കീർണ്ണതകളും മാനസികമായ ഇടർച്ചകളും, അതിലുപരി അവളുടെ വിയോഗത്തിന് തൊട്ടുപിന്നാലെ രാജകുടുംബത്തിലും തറവാട്ടിലും അരങ്ങേറിയ നാടകീയ സംഭവങ്ങളും, ഈ ഗോസിപ്പുകൾക്ക് പിന്നിലെ യഥാർത്ഥ വസ്തുതകളും സഹോദരന്റെ കണ്ണിലൂടെ ഇതാദ്യമായി പുറത്തുവരുമ്പോൾ ലോകം വലിയ ആകാംക്ഷയിലാണ്.

ചരിത്രത്തിന്റെ വിചിത്രമായ ഒരു വഴിത്തിരിവിലാണ് ഈ പുസ്തകം വായനക്കാരിലേക്ക് എത്തുന്നത് എന്നതും ശ്രദ്ധേയമാണ്. ഡയാനയുടെ വിടപറയലിന് ശേഷം ലണ്ടനിലെ വെസ്റ്റ്മിൻസ്റ്റർ ആബിയിൽ വെച്ച് അവളുടെ രണ്ട് കൊച്ചുമക്കളായ വില്യമിന്റെയും ഹാരിയുടെയും കൈപിടിച്ച്, അവരെ എപ്പോഴും സംരക്ഷിക്കുമെന്ന് ലോകത്തിന് മുന്നിൽ പ്രതിജ്ഞയെടുത്ത വ്യക്തിയാണ് ചാൾസ് സ്പെൻസർ. എന്നാൽ ഇന്ന്, അമ്മയുടെ ഓർമ്മകൾ മാത്രം ബാക്കിയാക്കി ആ സഹോദരന്മാർ പരസ്പരം മിണ്ടാത്തത്ര അകൽച്ചയിലാണ്. മറ്റൊരു വശത്ത്, ഡയാനയുടെ മുൻ ഭർത്താവ് ചാൾസ് മൂന്നാമൻ രാജാവ് രാജ്ഞി കാമിലയ്ക്കൊപ്പം ബ്രിട്ടന്റെ സിംഹാസനത്തിൽ വാഴുന്നു. ഇത്തരമൊരു സങ്കീർണ്ണമായ രാഷ്ട്രീയകുടുംബ പശ്ചാത്തലത്തിൽ, ഇരു രാജകുമാരന്മാരുമായും ഇപ്പോഴും അടുത്ത ബന്ധം പുലർത്തുന്ന ചാൾസ് സ്പെൻസറിന്റെ വെളിപ്പെടുത്തലുകൾ രാജകൊട്ടാരത്തിന്റെ അടിത്തറ തന്നെ ഇളക്കാൻ പോന്നവയാണെന്നാണ് വിലയിരുത്തൽ.

വെറുമൊരു രാജകുമാരിയുടെ ആത്മകഥ എന്നതിനപ്പുറം, ഇരുപതാം നൂറ്റാണ്ട് കണ്ട ഏറ്റവും സ്വാധീന ശക്തിയുള്ള ഒരു സ്ത്രീരത്നത്തിന്റെ യഥാർത്ഥ പോരാട്ടത്തിന്റെ കഥയാകും ഈ പുസ്തകമെന്ന് പ്രസാധകർ ഉറപ്പ് നൽകുന്നു. സ്നേഹവും അതിരറ്റ ക്ഷമയും നിറഞ്ഞുനിൽക്കുമ്പോഴും ഉള്ളിൽ കനലായി പുകഞ്ഞിരുന്ന സംശയങ്ങളെയും മാനസിക സമ്മർദ്ദങ്ങളെയും സ്പെൻസർ അതിൽ തുറന്നെഴുതുന്നുണ്ട്. ചരിത്രം രേഖപ്പെടുത്തിയ പല അസത്യങ്ങളും ഗോസിപ്പുകളും തിരുത്തപ്പെടേണ്ടതുണ്ടെന്ന ഉറച്ച ബോധ്യത്തോടെയാണ് താൻ ഈ ദൗത്യം ഏറ്റെടുത്തതെന്ന് സ്പെൻസർ പറയുമ്പോൾ, വരാനിരിക്കുന്നത് കേവലം സ്മരണകളല്ല, മറിച്ച് ലോകത്തെ വീണ്ടും ഞെട്ടിക്കാൻ പോകുന്ന ചരിത്ര സത്യങ്ങളാണെന്ന് ഉറപ്പിക്കാം.

രാജകുടുംബത്തിന്റെ കറുത്ത ഭിത്തികൾക്കുള്ളിൽ കുഴിച്ചുമൂടപ്പെട്ട കഥകളോ, അതോ ഇത്രയും കാലം ലോകം വിശ്വസിച്ച സത്യങ്ങളെ തിരുത്തിയെഴുതുന്ന പുതിയ അധ്യായങ്ങളോ? സെപ്തംബർ 22 ന് 'സ്വാൻ സോംഗ്' താളുകൾ മറിയുമ്പോൾ പുറത്തുവരുന്നത് വെറുമൊരു സഹോദരന്റെ ഓർമ്മക്കുറിപ്പുകൾ മാത്രമായിരിക്കില്ല. മറിച്ച് പതിറ്റാണ്ടുകളായി ബ്രിട്ടീഷ് രാജവംശത്തെ നിഴൽപോലെ പിന്തുടരുന്ന നിഗൂഢതകളുടെ ആ മൂടുപടം കൂടിയാവും അവിടെ അഴിഞ്ഞുവീഴുന്നത്. കാത്തിരിക്കാം, ലോകം ഇതുവരെ കേൾക്കാത്ത ആ വലിയ വെളിപ്പെടുത്തലുകൾക്കായി...

# പെൻഷനും ഓണക്കിറ്റും റെഡി, ജനം പറയുന്നു: സതീശൻ ഈ നാടിന്റെ ഐശ്വര്യം

കേരള വിൻഡോ



ആന്റണി ചടയംമുറി

ഇന്നുമുതൽ സർക്കാരിന്റെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ മലയാളികളുടെ കൈകളിലെത്തിയിട്ടുണ്ട്. ചൊവ്വാഴ്ച വാർത്താ സമ്മേളനം വിളിച്ചുകൂട്ടിയാണ് മുഖ്യമന്ത്രി ജനങ്ങൾക്കു വേണ്ടിയുള്ള ഓണക്കരുതലുകളെക്കുറിച്ച് വിശദീകരിച്ചത്. കഴിഞ്ഞ 10 വർഷമായി ഇങ്ങനെയൊരു ആനുകൂല്യ വിതരണം കേരള ജനത അനുഭവിച്ചിട്ടില്ല.

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കേണ്ടിവന്ന കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം പ്രത്യേക സഹായമായി സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ മുടങ്ങിക്കിടന്നതും കുടിശ്ശികയുള്ളതുമായ എല്ലാ ആനുകൂല്യങ്ങളുംയു.ഡി.എഫ്.സർക്കാർകഴിയാവുന്ന രീതിയിൽ ജനങ്ങൾക്ക് നൽകിത്തുടങ്ങിയതിനെ നുണ പ്രചരണം കൊണ്ട് നേരിടാനുള്ള സി.പി.എം.ന്റെ തന്ത്രം ഏതാണ്ട് പൊളിഞ്ഞ മട്ടാണ്.

കിടപ്പു രോഗികളെ ശുശ്രൂഷിക്കുന്നവർക്ക് ആശ്വാസകിരണമെന്ന പദ്ധതിയിലൂടെ നൽകിവന്ന തുച്ഛമായ തുകയും, സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് നൽകിവന്ന നിസ്സാരമായ തുകയും വരെ കുടിശ്ശികയാക്കിയ ചരിത്രമാണ് പിണറായി സർക്കാരിന്റേത്. യഥാർത്ഥ വാർത്താ യാഥാർത്ഥ്യം വിഴുങ്ങിയതിനുശേഷം പാർട്ടി നൽകിയ 'ചൂടൻ നിർദ്ദേശം' മോന്തിക്കുടിച്ചശേഷം പാർട്ടി പത്രത്തിന്റെ ലേഖകൻ ഇന്നലത്തെ വാർത്താ സമ്മേളനത്തിനെത്തിയിരുന്നു.

ഓണക്കിറ്റ് വിതരണത്തിൽ പാളിച്ചയുണ്ടെന്ന് മുഖ്യമന്ത്രിയുടെ മുമ്പിൽ ആ മാന്യസുഹൃത്ത് പരാതിപ്പെടുകയും ചെയ്തു. ഉടനെ വന്നൂ, മുഖ്യന്റെ മറുപടി. ഓണക്കിറ്റ് വിതരണത്തിന്റെ ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് 2.30 വരെയുള്ള കണക്ക് കൈവശമുണ്ടെന്നായി മുഖ്യമന്ത്രി. മൊത്തം വേണ്ട ഓണക്കിറ്റുകളുടെ എണ്ണം 6 ലക്ഷത്തിൽ പരമാണ്. ഇതിനായി 5 ലക്ഷം കിറ്റുകൾ ഇപ്പോൾ തന്നെ തയ്യാറാക്കി അതാത് ജില്ലകളിലേക്ക് അയച്ചിട്ടുണ്ടെന്നും അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് തന്റെ കൈവശമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞതോടെ പാർട്ടി പത്രത്തിന്റെ ലേഖകന് കണ്ടംവഴി ഓടേണ്ടിവന്നു.

ഓണത്തിന് എൻഡോസൾഫാൻ ദുരിതബാധിതർക്കുപോലും യു.ഡി.എഫ്. സർക്കാർ കഴിയാവുന്ന സഹായം പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും നുണകൾ കൊണ്ട് സോഷ്യൽമീഡിയയിൽ ഭരണമുന്നണിയോടുള്ള വിരോധം തീർക്കാൻ നടക്കുന്ന സഖാക്കൾ ഇനിയെങ്കിലും ഈ നാണംകെട്ട പ്രചരണം അവസാനിപ്പിക്കണേ.

### സഖാക്കളെ പോഷിപ്പിക്കാൻ മാത്രം...

സാമൂഹ്യക്ഷേമപെൻഷൻ നേരിട്ട് അർഹരിൽ എത്തണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശമുള്ളത്. കേരളത്തിൽ മാത്രം എന്തുകൊണ്ട് പെൻഷൻ സഹകരണബാങ്കുകൾ വഴി ചില 'ഇടനിലക്കാർ' വീടുകളിൽ എത്തിച്ചുകൊടുക്കുന്നുവെന്നതിന്റെ ഉത്തരം 2016 മുതൽ 2022 വരെയുള്ള ക്ഷേമപെൻഷൻ വിതരണ സംവിധാനം ഓഡിറ്റ് ചെയ്തു സി.എ.ജി. തയ്യാറാക്കിയ 2023ലെ ഓഡിറ്റ് റിപ്പോർട്ടിലുണ്ട്.

ആകെ ക്ഷേമ പെൻഷൻ ലഭിക്കുന്നവർ 52 ലക്ഷമാണ്. ഇതിൽ 23 ലക്ഷം പേർക്കും സഹകരണ ബാങ്ക് വഴിയാണ് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത്. പെൻഷൻ വീടുകളിലെത്തിക്കുന്ന ഒരാൾക്ക് 25 രൂപയും സഹകരണബാങ്കിന് 5 രൂപയും സർക്കാർ ഖജനാവിൽ നിന്ന് നൽകിവന്നിരുന്നു. ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കിയ 'സേവന സോഫ്റ്റ് വെയർ' ഉപയോഗിച്ചാണ് പെൻഷൻ വിതരണം. എന്നാൽ ഈ സോഫ്റ്റ്വെയറിൽ നിന്ന് മരിച്ചവരെയോ, ഒന്നിലധികം പെൻഷൻ വാങ്ങുന്നവരെയോ ഒഴിവാക്കാൻ ഭരണകർത്താക്കൾ ശ്രദ്ധിച്ചില്ല. 1458 സർക്കാർ ജീവനക്കാർ ഈ പെൻഷൻ വാങ്ങുന്നുണ്ട്.

പ്രതിമാസം ഇങ്ങനെ 2.70 കോടി രൂപ സർക്കാരിന് നഷ്ടമാകുന്നുണ്ടെന്ന് സി.എ.ജി. ചൂണ്ടിക്കാട്ടി. തിരുവനന്തപുരം, കോട്ടയം, ഇടുക്കി, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽ സി.എ.ജി. നടത്തിയ സർവേയിലാണ് ഈ അപാകത കണ്ടെത്തിയത്. ബാക്കി ജില്ലകളിലേക്ക് കൂടി പരിശോധന നീണ്ടാൽ അനർഹരിലേക്ക് ഒഴുകിപ്പോയത് നിരവധി കോടികളാണെന്ന് പറയേണ്ടിവരും. ബാങ്കുകളിൽ നിന്ന് പെൻഷൻ വീടുകളിലേക്ക് കൊണ്ടുപോയി നൽകിവന്നവരെല്ലാം പഴയ ഭരണകക്ഷിയിൽ പെട്ടവരായിരുന്നുവെന്ന് ആരോപണമുണ്ട്. ഈ കെടുകാര്യസ്ഥതയ്ക്ക് അറുതിവരുത്താൻ ഇടതുഭരണം തയ്യാറാകാത്തതിന്റെ മുഖ്യകാരണവും ഇതുതന്നെയായിരുന്നുവെന്ന് കരുതാം. പാർട്ടിക്ക് വൻതോതിലുള്ള 'ധന സമാഹരണം' ഈ സംവിധാനം വഴി നടന്നിരിക്കാമെന്ന് ചിലർ കുറ്റപ്പെടുത്തുന്നുണ്ട്.





### വിഴിഞ്ഞം: 10 വർഷം പാഴാക്കിയോ?

വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ ഒരു പ്രധാന ചുവട് കൂടി നാം കടന്നു കഴിഞ്ഞു. ആഗോള വ്യാപാര കവാടമെന്ന നിലയിൽ ഓഗസ്റ്റ് 18ന് ഉദ്ഘാടനം ചെയ്യപ്പെട്ട 'എക്സിം' കേരളത്തിന്റെ വരുമാനത്തിന് ഗതിവേഗം നൽകും. എന്നാൽ തുറമുഖത്തേയ്ക്കുള്ള റെയിൽ റോഡ് ശൃംഖല കൂടുതൽ ശക്തിപ്പെടുത്താൻ കഴിഞ്ഞ സർക്കാർ പ്രകടിപ്പിച്ച പത്തുവർഷക്കാലത്തെ ആലസ്യവും അനാസ്ഥയും വേണ്ടതുപോലെ ചർച്ച ചെയ്യപ്പെടുന്നില്ല.

തുറമുഖത്തേയ്ക്കുള്ള റിംഗ് റോഡ് നിർമ്മാണത്തിനായി 6500ൽ ഏറെ കുടുംബങ്ങളുടെ ഭൂമിയാണ് സർക്കാർ അളന്നുതിട്ടപ്പെടുത്തിയത്. അന്ന് 1600 കോടി രൂപമതിയായിരുന്നു അക്വയർ ചെയ്ത ഭൂമി ഏറ്റെടുക്കാൻ. ഇപ്പോഴാകട്ടെ 3200 കോടി രൂപയാണ് ഭൂമി വിലയായി കണക്കാക്കുന്നത്. മുൻസർക്കാർ ഭൂമി ഏറ്റെടുക്കലിൽ പ്രകടിപ്പിച്ച 'മെല്ലെപ്പോക്ക്' പരിഹരിക്കാനുള്ള ശ്രമത്തിലാണ് യു.ഡി.എഫ്. സർക്കാർ. വികസന കാര്യത്തിൽ രാഷ്ട്രീയമരുതെന്ന് ഭരിക്കുമ്പോൾ ഇടതു നേതാക്കൾ പറഞ്ഞിരുന്നു. ഇപ്പോഴാകട്ടെ സി.പി.എം. മാത്രമല്ല ബി.ജെ.പി.യും ഇടതുവഴിയിലൂടെ സഞ്ചരിക്കുന്നതിന്റെ സൂചനകൾ ഉദ്ഘാടനച്ചടങ്ങിൽ കാണാൻ കഴിഞ്ഞു. തുറമുഖവകുപ്പിന്റെ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും തിരുവനന്തപുരം നഗരസഭയുടെ ബി.ജെ.പി. മേയറായ വി.വി.രാജേഷും ഉദ്ഘാടനച്ചടങ്ങിൽ നിന്ന് വിട്ടുനിന്നു. തുറമുഖ നടത്തിപ്പുകാരായ അദാനി പോർട്ടിന്റെ ഉടമകളും ഉദ്ഘാടനച്ചടങ്ങിനെത്തിയില്ല. പ്രതിപക്ഷനേതാവ് പിണറായിയും ചടങ്ങിനുണ്ടായിരുന്നില്ല.

കയറ്റുമതിക്കും ഇറക്കുമതിക്കുമുള്ള പരിശോധനയും മറ്റും പൂർത്തിയാക്കാനുള്ള ഔദ്യോഗിക സംവിധാനങ്ങൾ വിഴിഞ്ഞത്ത് ആരംഭിക്കുന്നതുവഴി, കയറ്റുമതിക്കുള്ള ചരക്കുമായി കൊച്ചി തുറമുഖത്ത് പോകേണ്ടിവന്നിരുന്ന ബുദ്ധിമുട്ടാണ് ഇല്ലാതാകുന്നത്. ചരക്കുകൾ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും അവ നേരിട്ട് വിഴിഞ്ഞത്ത് എത്തിച്ചാൽ മതി. ഇതുമൂലം കേരളത്തിലെ മാത്രമല്ല, തമിഴ്നാട്ടിലെ വ്യാപാരികൾക്ക് പോലും വിഴിഞ്ഞം ഏറെ പ്രയോജനപ്പെടും.

### താളം തെറ്റുന്ന കുടുംബബന്ധങ്ങൾ

കുടുംബങ്ങളിൽ ചോരക്കറ വീണ് നനയുന്നത് നമ്മുടെ സാമൂഹികാന്തരീക്ഷങ്ങളിലെ തമോഗർത്ത കാഴ്ചകളായി മാറിക്കഴിഞ്ഞു. മാതാപിതാക്കളെ കുത്തിക്കൊല്ലുന്ന ലഹരി മൂത്ത മകൻ പറയുന്നത് 'ദൈവം പറഞ്ഞിട്ട് കൊന്നു' വെന്നാണ്.

ഇടുക്കിയിൽ ചൊവ്വാഴ്ച സ്വന്തം പിതാവിനെ അടിച്ചുകൊന്ന മകന്റെ മുഖത്ത് നിർവികാരതയാണ് കാണാനായത്. കരുവാറ്റയിൽ മാതാപിതാക്കളുടെ സ്നേഹം ഇതുവരെ ലഭിച്ചില്ലെന്ന് അലമുറയിട്ട് കരയുന്ന പതിമൂന്നുകാരി ആസൂത്രണം ചെയ്ത കൊലപാതകത്തിന്റെ രഹസ്യങ്ങളറിയാൻ പെൺകുട്ടിയുടെ വൈദ്യപരിശോധനയും കൗൺസിലിങ്ങും കഴിയണം.

പൊലീസിനോ സർക്കാരിനോ മാത്രം പരിഹരിക്കാവുന്നതല്ല, കുടുംബബന്ധങ്ങളിലെ അപതാളങ്ങൾ. മതസാമൂഹികസാംസ്ക്കാരിക കൂട്ടായ്മകളുടെ സാമൂഹിക പരിഷ്ക്കരണത്തിനായുള്ള കടമ, ആ പ്രസ്ഥാനങ്ങൾ ഇനിയും വീണ്ടെടുക്കേണ്ടതുണ്ടെന്ന്. കേരളത്തിലെ കുടുംബങ്ങളിൽ നിന്നുള്ള വാർത്തകൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

എങ്ങനെയും പണമുണ്ടാക്കാൻ ഏത് അധാർമിക മാർഗവും സ്വീകരിക്കാമെന്നു കരുതുന്നവരുടെ എണ്ണം കൂടിവരികയാണ്. ഇത്തരം ദുഷ്പ്രവണതകളെ പ്രതിരോധിക്കാനുള്ള സാമൂഹിക മുന്നേറ്റങ്ങളാകട്ടെ തികച്ചും വിഭജിതവും വികലവുമാണ് ഇന്ന്. ലൈംഗികതയുടെ ഹീനമായ വഴികളിലേക്കാണ് ഇന്റർനെറ്റിലെ ചില സൈറ്റുകൾ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ഇത്തരം സൈറ്റുകളുടെ പ്രവർത്തനം നിരോധിക്കാൻ ഭരണകൂടങ്ങളാണ് ജാഗ്രതപുലർത്തേണ്ടത്.

### ഓണക്കാലം 'മായ' ക്കാലമാകരുതേ

ഭക്ഷ്യവസ്തുക്കളിൽ മായം കലർന്നതും, പഴകിയ ഭക്ഷ്യവിഭവങ്ങൾ വിൽക്കുന്നതുമെല്ലാം ഓണ ദിനങ്ങളിൽ പോലും നാം കാണേണ്ടിവരുന്നു. 'ഭക്ഷ്യസുരക്ഷ' എന്നൊരു വകുപ്പ് നമുക്കുണ്ട്. പക്ഷെ, ആവശ്യത്തിന് സ്റ്റാഫില്ല. മൊബൈൽ പരിശോധനാ ലാബറട്ടറികളില്ല. ഇത്തരമൊരു മൊബൈൽ ലാബറട്ടറി ലക്ഷങ്ങൾ ചെലവഴിച്ച് ഒരു ന്യൂജനറേഷൻ ബാങ്ക് കൊച്ചി കോർപ്പറേഷന് നൽകിയത് കുറെ നാളുകളായി എറണാകുളം ടൗൺഹാളിനു സമീപം പാർക്ക് ചെയ്തിരുന്നു. ഇപ്പോൾ ആ വാഹനത്തിന്റെ അവസ്ഥ എന്താണെന്നറിയില്ല.

കേരളത്തിൽ നിന്നുള്ള എല്ലാ ഉൽപ്പന്നങ്ങളുടെയും പരിശോധന കർശനമാക്കാൻ തമിഴ്നാട്ടിലെ 'വിജയ് സർക്കാർ' തീരുമാനിച്ചുക്കഴിഞ്ഞു. എന്നാൽ കേരളത്തിലേക്ക് തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന പച്ചക്കറികളും മറ്റും മലയാളികളിൽ ക്യാൻസർ ഉണ്ടാക്കാൻ കാരണമാകുന്നുണ്ടെന്നത് ഒരു യാഥാർത്ഥ്യമല്ലേ? പുതിയ സർക്കാർ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വിഷം കലർന്ന പച്ചക്കറികൾ കേരളത്തിന്റെ അതിർത്തി കടക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കണം.

ഓണനാളുകളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ചില കമ്പനികളുടെ വെളിച്ചെണ്ണ, ക്ഷീരോൽപ്പന്നങ്ങൾ എന്നിവയെല്ലാം തന്നെ മായം കലർന്നവയായി കണ്ടെത്താറുണ്ട്. ഉദ്യോഗസ്ഥർ കടലാസിൽ നിരോധിച്ചാലും അവ വിപണിയിൽ വീണ്ടും പ്രത്യക്ഷപ്പെടാറുമുണ്ട്. ഇത്തവണയെങ്കിലും ഈ 'മായാജാലം' കാണാൻ ഇടയാക്കരുതേ.

### ജയിപ്പിച്ചിട്ടും ജനത്തോട് കലിപ്പോ?

യു.ഡി.എഫ് എന്ന ടീം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷം നേടിയപ്പോൾ, മുന്നണിയിലെ 'വല്യേട്ടൻ' എന്ന നിലയിൽ കോൺഗ്രസ് പാർട്ടിയെ ജനം കൂടുതൽ ഉത്തരവാദിത്വമേൽപ്പിക്കുകയാണുണ്ടാത്.

മലബാറിലെ ഒരു ഡി.സി.സി. ചടങ്ങിൽ ജനം ജയിപ്പിച്ച എം.എൽ.എ.മാർ 'കെ.സി.യാണ് ഞങ്ങളുടെ വിജയത്തിന്റെ കാരണ' മെന്ന് പരസ്യമായി പ്രഖ്യാപിച്ചത് ഒരു തരം കൊഞ്ഞനം കുത്തലായി. ചടങ്ങിൽ ഉണ്ടായിരുന്ന ഒരു ലീഗ് എം.എൽ.എ. മാത്രമാണ് മുഖ്യമന്ത്രി സതീശനുവേണ്ടി സംസാരിച്ചത്. വേദിയിലുണ്ടായിരുന്ന കെ.സി. പരസ്യമായി തന്നെ 'ഇത്തരം ഡയലോഗൊന്നും വേണ്ട കേട്ടോ' എന്നു പറയാനുള്ള വിവേകം ആ സമ്മേളനത്തിൽ കാണിച്ചതുമില്ല.

അതിനർത്ഥം, ഏതെങ്കിലും അവസരം കൈവന്നാൽ കെ.സി.ഡെൽഹി വിട്ട് കേരളത്തിലെത്തി മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കാൻ ആഗ്രഹിക്കുന്നുവെന്നു തന്നെയല്ലേ? അങ്ങനെ വന്നാൽ കെ.സി.യുടെ പുതിയ ക്യാബിനറ്റിൽ കയറിപ്പറ്റാമെന്ന പൂതി മനസ്സിൽവച്ചാണോ ആര്യാടൻ ഷൗക്കത്തും വി.എസ്. ജോയിയുമെല്ലാം അവരുടെ കെ.സി. പ്രേമം പരസ്യമാക്കിയത്?

### ഓണം തൂക്കാൻ മമിതയോ?

ഓണക്കാലത്തെ റിലീസ് സിനിമകൾ ഏതെല്ലാമെന്ന് വ്യക്തമായിക്കഴിഞ്ഞു. എന്തായാലും ഈ ഓണം കോട്ടയത്തുകാരിയായ മമിത ബൈജു തൂക്കുമെന്ന് സിനിമാപ്രേമികൾ പ്രവചിക്കുന്നു. വിജയ്യുടെ ജനനായകനും സൂര്യയുടെ വിശ്വനാഥ് ആൻഡ് സൺസും തീയറ്ററുകളിലുണ്ട്. ഈ രണ്ട് സിനിമകളിലും മമിത പ്രധാനപ്പെട്ട റോളുകളിലുണ്ട്. ഓഗസ്റ്റ് 20ന് പൃഥ്വിരാജിന്റെ ഖലീഫയും 21ന് നിവിൻപോളിയുടെ ബത്ലെഹം കുടുംബ യൂണിറ്റും തിയറ്ററുകളിലെത്തും. ദുൽക്കറിന്റെ പാൻ ഇന്ത്യാ സിനിമയായ 'ഐ ആം ഗെയിം' ഓണറിലീസായി തിയറ്ററുകളിലെത്തില്ല. സെപ്തംബർ 3 ആണ് പുതിയ റിലീസ് തീയതി.

മോഹൻലാൽ ജൂഡ് ആന്തണി ജോസഫിന് പുതിയ ചിത്രത്തിന്റെ ഓഫർ നൽകിയിട്ടുണ്ട്. 'തുടക്ക' ത്തിന് നല്ല കളക്ഷനുണ്ട്. പൃഥ്വീരാജിന്റെ ഖലീഫ മലബാറിലെ 'സ്വർണം പൊട്ടിക്കൽ' സംഭവങ്ങളുടെ പശ്ചാത്തലത്തിൽ നിർമ്മിച്ചതാണ്. മാമ്പറക്കൽ അഹമ്മദാലി എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്ന മോഹൻലാലിന്റെ 'ഇൻട്രോ' അടങ്ങിയ ട്രെയിലർ ഗംഭീരമാണ്. യാനിക് ബെൻ എന്ന വിലയേറിയ സ്റ്റണ്ട് സംവിധായകനോടൊപ്പം മറ്റു രണ്ടു സംഘട്ടന സംവിധായകർ കൂടി ഖലീഫയിലുണ്ട്.

വളരെ ലളിതമായ ഒരു കുടുംബചിത്രമെന്ന നിലയിൽ 'ബെത്ലഹം കുടുംബ യൂണിറ്റ്' ജയിച്ചാൽ നിവിൻ പോളിയുടെ മാർക്കറ്റ് റേറ്റ് കൂടും. ബിലായത്ത് ബുദ്ധ, അയാം നോ ബഡി എന്നീ ഫ്ളോപ്പുകൾക്കുശേഷമുള്ള പൃഥ്വിയുടെ 'ഖലീഫ' വിജയിച്ചില്ലെങ്കിൽ തീർച്ചയായും ആ നായക നടന്റെ ഫ്യൂച്ചറിൽ കരിനിഴൽ വീഴാം. നമ്മുടെ പൃഥ്വിയല്ലേ അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

# വിദ്യാർത്ഥി സമൂഹത്തിന്റെ സ്വാഭിമാനവും കപട ധാർഷ്ട്യത്തിന്റെ വീഴ്ചയും

അധികാരത്തിന്റെ ചെങ്കോലേന്തി നീതിപീഠത്തിന്റെ തലപ്പത്തിരിക്കുന്നവരും, വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കേണ്ട അക്കാദമിക തലവന്മാരും തങ്ങളുടെ പദവി മറന്ന് രാഷ്ട്രീയം കളിക്കാനിറങ്ങുമ്പോൾ ഇന്ത്യൻ വിദ്യാർത്ഥി സമൂഹം കൃത്യമായ മറുപടി നൽകുന്ന കാഴ്ചയ്ക്കാണ് രാജ്യം സാക്ഷ്യം വഹിക്കുന്നത്. രാജ്യത്തെ ഏറ്റവും പ്രമുഖ നിയമ സർവകലാശാലകളായ ഹൈദരാബാദ് നൽസാർ, ബെംഗളൂരു എൻഎൽഎസ്യു എന്നിവിടങ്ങളിലെ ബിരുദദാന ചടങ്ങുകളിൽ നിന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്തിനെയും ബാർ കൗൺസിൽ അധ്യക്ഷൻ മനൻ കുമാർ മിശ്രയെയും മാറ്റിനിർത്താൻ പൂർവവിദ്യാർത്ഥികളും നിലവിലെ വിദ്യാർത്ഥികളും ഒറ്റക്കെട്ടായി രംഗത്തുവന്നത് ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. തങ്ങളെ അധിക്ഷേപിക്കുകയും തങ്ങളുടെ തൊഴിൽ ചെയ്യാനുള്ള അവകാശത്തെപ്പോലും തടസപ്പെടുത്തുകയും ചെയ്ത അധികാരവർഗത്തിന്റെ കൈകളിൽ നിന്ന് ബിരുദ സർട്ടിഫിക്കറ്റുകൾ വാങ്ങാൻ സൗകര്യമില്ലെന്ന് പ്രഖ്യാപിച്ച നിയമ വിദ്യാർത്ഥികളുടെ ഈ നിലപാട്, ജനാധിപത്യപരമായ പ്രതിരോധത്തിന്റെ ശക്തമായ അടയാളമാണ്.

ഇതേ നിലവാരമില്ലായ്മയും അധികാരഗർവും കേരളത്തിലെ സർവകലാശാലാ വേദികളിലും നാം കാണുന്നുണ്ട്. ബിരുദദാന ചടങ്ങിന്റെ പാവനതയും ഗൗരവവും കാറ്റിൽപ്പറത്തി, വിദ്യാർഥികളെ അഭിസംബോധന ചെയ്ത് 'നിങ്ങൾ കൊക്കോക്രോച്ചുകളല്ല (പാറ്റകളല്ല), സിംഹങ്ങളാണ്' എന്ന രീതിയിൽ വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മേൽ നടത്തിയ നിലവാരമില്ലാത്ത പ്രസംഗം അക്കാദമിക രംഗത്തിന് തന്നെ വലിയ നാണക്കേടാണ് ഉണ്ടാക്കിയത്.

എന്നാൽ, തങ്ങളെ വിലകുറച്ചു കാണിക്കാനും പ്രഹസനങ്ങൾ സൃഷ്ടിക്കാനും ശ്രമിച്ച വി.സി.യുടെ രാഷ്ട്രീയ നാടകങ്ങൾക്ക് ഒട്ടും വിലനൽകാതെ, അർഹിക്കുന്ന അവഗണനയോടെ അതിനെ തള്ളിക്കളയാൻ കേരളത്തിലെ വിദ്യാർഥികൾക്ക് കഴിഞ്ഞു എന്നത് അവരുടെ ഉയർന്ന രാഷ്ട്രീയ ബോധത്തെയാണ് കാണിക്കുന്നത്.

വിദ്യാർഥികളെ കേവലം വോട്ട് ബാങ്കുകളായോ അല്ലെങ്കിൽ തങ്ങളുടെ അധികാര പ്രകടനത്തിനുള്ള കരിമരുന്നായോ കാണുന്നവർ, അക്കാദമിക വേദികളെ രാഷ്ട്രീയ കളിക്കളമാക്കാൻ ഇറങ്ങിപ്പുറപ്പെടുമ്പോൾ വിദ്യാർത്ഥികൾ അത് നിശ്ശബ്ദമായി സഹിക്കില്ലെന്ന വ്യക്തമായ മുന്നറിയിപ്പാണ് ഈ രണ്ട് സംഭവങ്ങളും നൽകുന്നത്. പ്രതികരിക്കേണ്ടിടത്ത് ഉച്ചത്തിൽ പ്രതികരിച്ചും, അവഗണിക്കേണ്ടിടത്ത് പൂർണ്ണമായി തള്ളിക്കളഞ്ഞും ഇന്ത്യൻ വിദ്യാർത്ഥി സമൂഹം തങ്ങളുടെ സ്വാഭിമാനവും നിലപാടും വീണ്ടും തെളിയിച്ചിരിക്കുകയാണ്.

ഇന്ത്യയിലെ ഉന്നത ജഡ്ജിമാർ പലപ്പോഴും നിയമത്തിലെ ഗൗരവമേറിയ വിഷയങ്ങളിലെ വിധിന്യായങ്ങളിലൂടെയോ ഉച്ചാരണങ്ങളിലൂടെയോ വാർത്തകളിൽ ഇടം നേടാറുണ്ട്. എന്നാൽ, അടുത്തിടെ യുവാക്കളെ പ്രകോപിപ്പിച്ച പരാമർശങ്ങളിലൂടെ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് വാർത്തകളിൽ ഇടം നേടിയിരുന്നു.




ജൂലൈ 23ന് തെക്കൻ നഗരമായ ഹൈദരാബാദിലെ നൽസർ നിയമ സർവകലാശാലയിലെ ഡസൻ കണക്കിന് വിദ്യാർത്ഥികൾ കോളേജ് അധികൃതർക്ക് ഒരു ഇമെയിൽ അയച്ചതോടെയാണ് നിലവിലെ തർക്കം ആരംഭിച്ചത്. സർവകലാശാലയിലെ 1,400 വിദ്യാർത്ഥികളിൽ ഏകദേശം 450 പേർ, അതിൽ നിരവധി ജൂനിയർമാർ ഉൾപ്പെടുന്നു.

ചീഫ് ജസ്റ്റിസിനെ ക്ഷണിക്കുന്നത് പാരമ്പര്യത്തിന് അനുസൃതമാണ്, അഭിലാഷമുള്ള അഭിഭാഷകർക്ക്, രാജ്യത്തെ ഉന്നത ജഡ്ജി അവരുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നത് സാധാരണയായി അഭിമാനകരമായ കാര്യമായികാണുന്നു. എന്നാൽ, ജൂലൈ 20ന് ഡൽഹിയിൽ കോക്രോച്ച് ജനതാ പാർട്ടി (സിജെപി) നയിച്ച പാർലമെന്റ് മാർച്ചിനിടെ പോലീസ് നടത്തിയ ക്രൂരതയെക്കുറിച്ച് അടിയന്തര വാദം കേൾക്കണമെന്ന ആവശ്യം ചീഫ് ജസ്റ്റിസ് നിരസിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ നൽസാർ വിദ്യാർത്ഥികൾ അസ്വസ്ഥരായിരുന്നു. തന്റെ പരാമർശം തെറ്റായി ഉദ്ധരിച്ചതായി കാന്ത് പിന്നീട് പറഞ്ഞു.

വാസ്തവത്തിൽ, ചില യുവാക്കളെ വിശേഷിപ്പിക്കാൻ പരാദങ്ങൾ, പാറ്റകൾ തുടങ്ങിയ പദങ്ങൾ ചീഫ് ജസ്റ്റിസ് ഉപയോഗിച്ചതായയുള്ള റിപ്പോർട്ടുകൾക്കിടയിലാണ് സിജെപിയുടെ ജനനം. അന്നും തന്നെ തെറ്റായി ഉദ്ധരിച്ചതായി കാന്ത് പറഞ്ഞിരുന്നു.

തലസ്ഥാന നഗരത്തിന്റെ ഹൃദയഭാഗത്ത് സിജെപി പ്രതിഷേധക്കാർക്കെതിരായ നടപടി, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ആവശ്യപ്പെട്ട നിരായുധരായ വിദ്യാർത്ഥികളെ പോലീസും അർദ്ധസൈനികരും ബാറ്റൺ, മരക്കമ്പുകൾ, കണ്ണീർവാതകം എന്നിവ ഉപയോഗിച്ച് ആക്രമിക്കുകയും മർദിക്കുകയും ചെയ്യുന്നത് ഇന്ത്യൻ ജനതയെ അപ്പാടെ ഞെട്ടിക്കുകയും ആഗോള തലത്തിൽ വാർത്തകളിൽ ഇടം നേടുകയും ചെയ്തു. കുറഞ്ഞത് നാല് യുവാക്കൾക്ക് പെല്ലറ്റ് തോക്കിന് പരിക്കേറ്റു തലസ്ഥാന നഗരത്തിൽ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ ഇത്തരം തോക്കുകൾ ആദ്യമായി ഉപയോഗിച്ചതായി വിശേഷിപ്പിക്കപ്പെടുന്നു.

പോലീസ് നടപടികളിൽ സ്ത്രീകളെ പോലും ഒഴിവാക്കിയിട്ടില്ലെന്ന് നിരവധി പ്രതിഷേധക്കാർ മാധ്യമങ്ങളോടു പറഞ്ഞു. കഴിഞ്ഞ മാസം ഡൽഹിയിൽ പോലീസും അർദ്ധസൈനിക വിഭാഗവും നിരായുധരായ വിദ്യാർത്ഥികളെ ആക്രമിക്കുകയും മർദിക്കുകയും ചെയ്തത് കണ്ടു.

ജൂലൈ 22ന് കോടതി മുമ്പാകെ ഒരു അഭിഭാഷകൻ ഈ വിഷയം ഉന്നയിച്ചപ്പോൾ, ചീഫ് ജസ്റ്റിസ് 'ഞങ്ങളുടെ സമയം പാഴാക്കരുത്' എന്ന് പറഞ്ഞതായും പോലീസ് അതിക്രമങ്ങളുടെ വീഡിയോകൾ കാണാൻ ആവശ്യപ്പെട്ടപ്പോൾ 'ഞങ്ങൾക്ക് സമയമില്ല' എന്ന് പറഞ്ഞതായും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

പ്രതിപക്ഷ പാർട്ടികളിൽ നിന്നും മുതിർന്ന അഭിഭാഷകരിൽ നിന്നും ആക്ടിവിസ്റ്റുകളിൽ നിന്നും ഈ പ്രസ്താവനയ്ക്ക് തിരിച്ചടി ലഭിച്ചു ഒരു ദിവസത്തിനുശേഷം നാൽസർ വിദ്യാർത്ഥികളുടെ ഇമെയിൽ വന്നു.

'പ്രതിഷേധിക്കുന്ന പൗരന്മാർക്കെതിരായ പോലീസ് ക്രൂരതയെക്കുറിച്ചുള്ള ഗുരുതരമായ ആരോപണങ്ങളെ തള്ളിക്കളയുന്ന ഒരു വിശിഷ്ട വ്യക്തിയിൽ നിന്ന് ബിരുദങ്ങൾ സ്വീകരിക്കുന്നത് നാൽസറിൽ ഞങ്ങൾ ചെലവഴിച്ച സമയത്ത് വിലമതിക്കാൻ പഠിപ്പിച്ച കാര്യങ്ങളുമായി അസ്വസ്ഥതയുണ്ടെന്ന് ഞങ്ങൾ കരുതുന്നു,' വിദ്യാർത്ഥികൾ എഴുതി. 'അതിനാൽ, ഈ സമ്മേളനത്തിനുള്ള മുഖ്യാതിഥിയെ തിരഞ്ഞെടുക്കുന്നത് ശക്തമായി പുനഃപരിശോധിക്കാൻ ഞങ്ങൾ സർവകലാശാലയോട് അഭ്യർത്ഥിക്കുന്നു.'

ഹർജി കേൾക്കാൻ താൻ വിസമ്മതിച്ചിട്ടില്ലെന്നും ശരിയായ രീതിയിൽ ഫയൽ ചെയ്യണമെന്ന് മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂവെന്നും സൂര്യ കാന്ത് പിന്നീട് വ്യക്തമാക്കി. അതിനുശേഷം, അക്രമ ആരോപണങ്ങളും പ്രതിഷേധക്കാരെ പീഡിപ്പിക്കാൻ പോലീസിന് മുഖം തിരിച്ചറിയൽ സാങ്കേതികവിദ്യ ഉപയോഗിക്കാനാകുമെന്ന ആശങ്കയും ഉൾപ്പെടുന്ന കേസുകൾ സുപ്രീം കോടതി കേൾക്കാൻ തുടങ്ങി.

എന്നാൽ ചീഫ് ജസ്റ്റിസിനെതിരായ രോഷം ശമിക്കാൻ തയ്യാറായില്ല. ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ മനൻ കുമാർ മിശ്ര നാൽസറിന്റെ ബിരുദ വിദ്യാർത്ഥികളെ എന്റോൾമെന്റിൽ നിന്ന് വിലക്കുമെന്ന് ഭീഷണിപ്പെടുത്തിയതിനെത്തുടർന്ന് അത് പുകഞ്ഞു.

'ബാർ കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്ന് ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ നാൽസറിൽ നിന്ന് ബിരുദം നേടിയ ഒരു വിദ്യാർത്ഥിയെയും എന്റോൾ ചെയ്യില്ല,' അദ്ദേഹം പ്രഖ്യാപിച്ചു. ചീഫ് ജസ്റ്റിസിനെ ക്ഷണിക്കരുതെന്ന പ്രചാരണത്തിന് പിന്നിലുള്ള വിദ്യാർത്ഥികളെക്കുറിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാനും മിശ്ര സർവകലാശാലയോട് ആവശ്യപ്പെട്ടു.

ഭരണകക്ഷിയായ ഭാരതീയ ജനതാ പാർട്ടിയുടെ എംപിയായ മിശ്രയ്ക്കെതിരായ തിരിച്ചടി വേഗത്തിലും വ്യാപകവുമായിരുന്നു. വിദ്യാർത്ഥികൾക്ക് പ്രതിഷേധിക്കാൻ അവകാശമുണ്ടെന്നും 'നിയമ വിദ്യാർത്ഥികളും ഞാനും തമ്മിലുള്ള സംഭാഷണത്തിൽ' ബാർ കൗൺസിലിന് ഇടപെടാൻ അവകാശമില്ലെന്നും ചീഫ് ജസ്റ്റിസ് സുര്യകാന്ത് പറഞ്ഞതുൾപ്പെടെ.

മണിക്കൂറുകൾക്കുള്ളിൽ മിശ്ര തന്റെ ഭീഷണിയിൽ നിന്ന് പിന്മാറുകയും ചെയ്തിരിക്കുന്നു.

അധികാരത്തിന്റെ ചെങ്കോലേന്തി

## ഡൽഹി ഡെർബാർ

നീതിപീഠത്തിന്റെ തലപ്പത്തിരിക്കുന്നവരും, വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കേണ്ട അക്കാദമിക തലവന്മാരും തങ്ങളുടെ പദവി മറന്ന് രാഷ്ട്രീയം കളിക്കാനിറങ്ങുമ്പോൾ ഇന്ത്യൻ വിദ്യാർത്ഥി സമൂഹം കൃത്യമായ മറുപടി നൽകുന്ന കാഴ്ചയ്ക്കാണ് ഇന്ന് രാജ്യം സാക്ഷ്യം വഹിക്കുന്നത്.

കേവലം അക്കാദമിക പഠനകേന്ദ്രങ്ങൾ എന്നതിനപ്പുറം സ്വതന്ത്രമായ ചിന്തകളുടെയും ജനാധിപത്യ മൂല്യങ്ങളുടെയും ഈറ്റില്ലങ്ങളാണ് സർവകലാശാലകൾ. എന്നാൽ, സമീപകാലത്തായി ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ മേഖലയെയാകെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന അനാവശ്യ രാഷ്ട്രീയ ഇടപെടലുകളും, പദവികൾക്ക് നിരക്കാത്ത ഭരണാധികാരികളുടെ പെരുമാറ്റങ്ങളും കാമ്പസുകളുടെ പാവനത തകർക്കുകയാണ്. ഇതിനെതിരെ രാജ്യത്തെ വിദ്യാർത്ഥിസമൂഹം ഉയർത്തുന്ന പ്രതിരോധം കേവലമൊരു പ്രതിഷേധമല്ല, മറിച്ച് തങ്ങളുടെ അവകാശങ്ങൾക്കും സ്വാഭിമാനത്തിനും വേണ്ടിയുള്ള പോരാട്ടമാണ്.

ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും സർവകലാശാലകൾ ഇന്ന് ഗവർണറും സർക്കാരും തമ്മിലുള്ള രാഷ്ട്രീയ പോരിന്റെ പ്രധാന വേദികളായി മാറിയിരിക്കുന്നു. അക്കാദമിക മികവോ ഭരണപരിചയമോ നോക്കാതെ, രാഷ്ട്രീയ വിധേയത്വം മാത്രം മാനദണ്ഡമാക്കി വൈസ് ചാൻസലർമാരെ തിരുകിക്കയറ്റാൻ ശ്രമിക്കുന്നതാണ് കാമ്പസുകളിലെ സമാധാനാന്തരീക്ഷം തകർക്കുന്നത്. യോഗ്യതയില്ലാത്തവർ ഉന്നത പദവികളിൽ ഇരിക്കുമ്പോൾ, അവർ നടത്തുന്ന പ്രസ്താവനകളും പ്രസംഗങ്ങളും അക്കാദമിക സമൂഹത്തിന് തന്നെ നാണക്കേടായി മാറുന്നു. ബിരുദദാന ചടങ്ങ് പോലുള്ള ഔദ്യോഗിക വേദികളിൽ വിദ്യാർത്ഥികളെ 'പാറ്റകളോടും സിംഹങ്ങളോടും' ഉപമിച്ചുകൊണ്ട് ഡോ. മോഹൻ കുന്നുമ്മേലിനെപ്പോലുള്ള വി.സിമാർ നടത്തുന്ന തരംതാണ പ്രസംഗങ്ങൾ ഇതിന്റെ നേർച്ചിത്രമാണ്. അക്കാദമിക നിലവാരം ഉയർത്തുന്നതിന് പകരം, തങ്ങളെ നിയമിച്ച രാഷ്ട്രീയ യജമാനന്മാരെ തൃപ്തിപ്പെടുത്താനുള്ള നാടകവേദികളായി ഇവർ സർവകലാശാലകളെ മാറ്റുന്നു.

ഏതു പദവിയിലിരിക്കുന്നവരായാലും അവരെ നിലക്കു നിർത്താൻ വിദ്യാർത്ഥികളുടെ ഉയർന്ന രാഷ്ട്രീയ ബോധത്തിന് കഴിയും. കാമ്പസുകളിൽ രാഷ്ട്രീയം കളിക്കാൻ ഇറങ്ങുന്ന ഭരണാധികാരികൾക്ക്, വിദ്യാർത്ഥികൾ നൽകുന്ന ഈ ശക്തമായ താക്കീത് വരുംദിനങ്ങളിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ കാവലാളായി മാറട്ടെ..!

*എമ എൽസ എൽവിൻ*

# അശാന്തമാകുന്ന പ്രവാസ ലോകവും അടിയന്തരമായി നടപ്പിലാക്കേണ്ട സുരക്ഷാ നയങ്ങളും

ആഗോളതലത്തിൽ കുടിയേറുന്ന വിദേശ മലയാളികളും ഇന്ത്യൻ സമൂഹവും ഇന്നു നേരിടുന്ന സുരക്ഷാ വെല്ലുവിളികൾ കേവലം ഒറ്റപ്പെട്ട സംഭവങ്ങളല്ല. വംശീയ അധിക്ഷേപങ്ങൾ, പ്രാദേശിക രാഷ്ട്രീയ അസ്ഥിരത, തൊഴിൽ പരമായ മത്സരങ്ങൾ എന്നിവയാണ് വികസിത രാജ്യങ്ങളിൽ പോലുമുള്ള ഇത്തരം അക്രമങ്ങൾക്ക് പ്രധാന കാരണമാകുന്നത്. കുടിയേറ്റ നിയമങ്ങൾ കർശനമാകുന്നതും ചില പാശ്ചാത്യ രാജ്യങ്ങളിൽ വളർന്നുവരുന്ന വിദേശ വിരുദ്ധ നിലപാടുകളും പ്രവാസികളെ എളുപ്പത്തിൽ ഇരകളാക്കുന്നു.

### നയതന്ത്ര സംരക്ഷണവും എംബസി ഇടപെടലുകളും



ഈ വലിയ പ്രതിസന്ധി മറികടക്കാൻ നയതന്ത്ര തലത്തിലും പ്രവാസി മാനേജ്മെന്റിലും സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. ഇന്ത്യക്കാർ കൂടുതലായുള്ള യു.എസ്, യു.കെ, കാനഡ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിലെ പ്രാദേശിക പൊലീസുമായി സംയോജിച്ച് പ്രത്യേക പ്രവാസി സുരക്ഷാ സെല്ലുകൾ രൂപീകരിക്കുകയാണ് ആദ്യപടി. ഇന്ത്യൻ എംബസികളിൽ സൗജന്യ നിയമസഹായം, അടിയന്തര ഹെൽപ്പ്ലൈൻ സംവിധാനങ്ങൾ, കൂടാതെ അപകടത്തിൽപ്പെടുന്നവർക്ക് പെട്ടെന്ന് സാമ്പത്തികവൈദ്യസഹായം ലഭ്യമാക്കാനുള്ള പ്രത്യേക ഫണ്ടുകൾ എന്നിവ സജ്ജമാക്കണം.

### ബോധവൽക്കരണവും മുൻകരുതലുകളും

യാത്ര തിരിക്കുന്നതിന് മുമ്പുള്ള മുൻകരുതലുകളും പ്രവാസി സുരക്ഷയിൽ നിർണ്ണായകമാണ്. ജോലി ആവശ്യങ്ങൾക്കോ ഉന്നതവിദ്യാഭ്യാസത്തിനോ വിദേശത്തേക്ക് പോകുന്നവർക്ക് ആ രാജ്യങ്ങളിലെ സുരക്ഷാ വെല്ലുവിളികൾ, പ്രാദേശിക നിയമങ്ങൾ, അടിയന്തര സഹായ നമ്പറുകൾ എന്നിവയെക്കുറിച്ച് കൃത്യമായ ബോധവൽക്കരണം നൽകേണ്ടതുണ്ട്. വിദേശത്തുള്ള ഇന്ത്യൻ പൗരന്മാർ വിദേശകാര്യ മന്ത്രാലയത്തിന്റെ ഔദ്യോഗിക ഡാറ്റാബേസുകളിൽ വിവരങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്യുന്നു എന്ന് ഉറപ്പാക്കുകയും വേണം.

### ഡിജിറ്റൽ സുരക്ഷാ സംവിധാനങ്ങൾ

സാങ്കേതിക വിദ്യയുടെ ഉപയോഗവും ഈ മേഖലയിൽ കാര്യക്ഷമമാക്കാം. വിദേശത്തുള്ള ഇന്ത്യക്കാർക്കായി ജി.പി.എസ് സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ഏകീകൃത മൊബൈൽ സുരക്ഷാ ആപ്പ് നിർമ്മിക്കുന്നത് വഴി അപകട ഘട്ടങ്ങളിൽ തൊട്ടടുത്തുള്ള എംബസിയിലേക്കും പ്രാദേശിക പൊലീസിലേക്കും തൽസമയം വിവരമെത്തിക്കാൻ സാധിക്കും. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ താങ്ങി നിർത്തുന്ന പ്രവാസി സമൂഹത്തിന് പൂർണ സംരക്ഷണം ഉറപ്പാക്കാൻ വ്യവസ്ഥാപിതവും സുതാര്യവുമായ ഒരു അന്താരാഷ്ട്ര പ്രവാസി നയം അടിയന്തരമായി രൂപീകരിക്കേണ്ടതുണ്ട്.

# ശുഭ്മാൻ ഗില്ലിനെ മറികടന്നു; ഇന്ത്യക്കായി കൂടുതൽ റൺസ് നേടുന്ന താരമായി റിഷഭ് പന്ത്



ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കായി ഏറ്റവും കൂടുതൽ റൺസ് നേടുന്ന താരമെന്ന റെക്കോർഡ് സ്വന്തമാക്കി വിക്കറ്റ് കീപ്പർ റിഷഭ് പന്ത്. ഇന്ത്യൻ നായകൻ ശുഭ്മാൻ ഗില്ലിനെ മറികടന്നാണ് റിഷഭ് പന്ത് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് റൺവേട്ടയിൽ ഒന്നാമനായത്. ശ്രീലങ്കയ്ക്കെതിരായ ആദ്യ ടെസ്റ്റിൻറെ രണ്ടാം ഇന്നിംഗ്സിൽ 69 പന്തിൽ 66 റൺസ് നേടിയ റിഷഭ് പന്ത് ഒന്നാം ഇന്നിംഗ്സിൽ 39 റൺസും നേടിയിരുന്നു. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൻറെ ഭാഗമായി കളിച്ച 41 മത്സരങ്ങളിലെ 73 ഇന്നിംഗ്സുകളിൽ നിന്ന് 2885 റൺസാണ് റിഷഭ് പന്ത് ഇതുവരെ നേടിയത്.ഗാലെ ടെസ്റ്റിൽ രണ്ട് ഇന്നിംഗ്സിലും നിറം മങ്ങിയ ശുഭ്മാൻ ഗില്ലാണ് രണ്ടാം സ്ഥാനത്ത്. ഗാലെ ടെസ്റ്റിൻറെ ഒന്നാം ഇന്നിംഗ്സിൽ 16 റൺസും രണ്ടാം ഇന്നിംഗ്സിൽ 8 റൺസും മാത്രമാണ് ഗില്ലിന് നേടാനായത്. 41 മത്സരങ്ങളിൽ നിന്ന് 2,867 റൺസാണ് ഗില്ലിൻറെ നേട്ടം. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കായി ഏറ്റവും കൂടുതൽ റൺസ് നേടിയ താരങ്ങളുടെ പട്ടികയിൽ രോഹിത് ശർമ്മ, രവീന്ദ്ര ജഡേജ, വിരാട് കോലി എന്നിവരാണ് പന്തിനും ഗില്ലിനും പിന്നിലുള്ളവർ.ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൻറെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ താരമെന്ന റെക്കോർഡ് ഇംഗ്ലണ്ട് മുൻ നായകൻ ജോ റൂട്ടിൻറെ പേരിലാണ്. 77 മത്സരങ്ങളിൽ നിന്ന് 6,651 റൺസാണ് റൂട്ടിൻറെ സമ്പാദ്യം. 4,679 റൺസുമായി ഓസ്ട്രേലിയൻ താരം സ്റ്റീവ് സ്മിത്താണ് പട്ടികയിൽ രണ്ടാം സ്ഥാനത്തുള്ളത്.

## കെവിൻ ലാമൂറിനെ പുറത്താക്കി ഫിഫ



ഫിഫയുടെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ കെവിൻ ലമൂർ പദവി ഒഴിഞ്ഞതായി ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഫിഫ ടൂർണമെന്റുകളിലേക്ക് സ്വകാര്യ നിക്ഷേപം കൊണ്ടുവരാനുള്ള പ്രസിഡന്റ് ജിയാനി ഇൻഫന്റീനോയുടെ വിവാദ പദ്ധതിയെ പരസ്യമായി എതിർത്ത് ആഴ്ചകൾക്കകമാണ് ഈ പുറത്തുപോകൽ.ടൂർണമെന്റ് അവകാശങ്ങൾക്കായി ഒരു പുതിയ സബ്സിഡിയറി രൂപീകരിക്കാനും സ്വകാര്യ നിക്ഷേപകരിൽ നിന്ന് കോടിക്കണക്കിന് ഡോളർ സമാഹരിക്കാനുമുള്ള ഇൻഫന്റീനോയുടെ നീക്കത്തെ ലമൂർ പരസ്യമായി ചോദ്യം ചെയ്തിരുന്നു. ജീവനക്കാരെ കൃത്യമായി അറിയിക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും ഇത് ഫുട്ബോളിന്റെ വിശാലമായ താൽപ്പര്യങ്ങൾക്ക് എതിരാണെന്നും അദ്ദേഹം വാദിച്ചിരുന്നു. ഇതിനുപിന്നാലെയാണ് ലമൂറുമായുള്ള ഔദ്യോഗിക ബന്ധം അവസാനിപ്പിച്ചതായി ഫിഫ വ്യക്തമാക്കിയത്.അതേസമയം, വരാനിരിക്കുന്ന ഫിഫ പ്രസിഡന്റ് തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇൻഫന്റീനോ കടുത്ത സമ്മർദ്ദത്തിലാണ്. ഇൻഫന്റീനോയുടെ നേതൃത്വത്തിനെതിരെ യുവേഫയും മറ്റ് കോൺഫെഡറേഷനുകളും സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വത്തിന്റെ നിയമസാധുതയെക്കുറിച്ചും നിലവിൽ വിമർശനങ്ങൾ ഉയരുന്നുണ്ട്.

# ഓസ്ട്രേലിയൻ ടെന്നീസ് താരം നിക്ക് കിർജിയോസിന് വിലക്ക്



കൊക്കെയ്ൻ ഉപയോഗിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ഓസ്ട്രേലിയൻ ടെന്നീസ് താരം നിക്ക് കിർജിയോസിന് പ്രൊഫഷണൽ ടെന്നീസിൽ നിന്ന് താൽക്കാലിക വിലക്ക്. ജൂൺ 22-ന് മല്ലോർക്ക ഓപ്പണിനിടെ എടുത്ത സാമ്പിളിലാണ് നിരോധിത ലഹരിമരുന്നിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞത്. ശരീരത്തിൽ കൊക്കെയ്ൻ വിഘടിച്ചുണ്ടാകുന്ന 'ബെൻസോയില് ഗോണിൻ' എന്ന പദാർത്ഥമാണ് പരിശോധനയിൽ കണ്ടെത്തിയത്. തുടർന്ന് ഇൻറർനാഷണൽ ടെന്നീസ് ഇന്റഗ്രിറ്റി ഏജൻസി ഓഗസ്റ്റ് 4-നാണ് താരത്തിന് താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയത്.തന്റെ തെറ്റ് തുറന്നുസമ്മതിച്ച് കിർജിയോസ് ഇൻസ്റ്റാഗ്രാമിലൂടെ രംഗത്തെത്തി. താൻ വലിയൊരു അബദ്ധമാണ് കാണിച്ചതെന്നും, സ്വന്തം പ്രവൃത്തികളുടെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെന്നും താരം വ്യക്തമാക്കി. കഴിഞ്ഞ രണ്ടു വർഷമായി താൻ നേരിട്ട മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകളാണ് ഇത്തരം സാഹചര്യങ്ങളിലേക്ക് നയിച്ചതെന്നും, കരിയറിന്റെ അവസാനഘട്ടത്തിലൂടെ കടന്നുപോകുന്നത് വലിയ മാനസിക സംഘർഷം ഉണ്ടാക്കിയെന്നും കിർജിയോസ് കുറിച്ചു.വിലക്ക് തനിക്ക് ലഭിച്ച വലിയൊരു തിരിച്ചറിവാണെന്നും ജീവിതം ശരിയായ രീതിയിലേക്ക് കൊണ്ടുവരുന്നതിനായി തൽക്കാലം സോഷ്യൽ മീഡിയയിൽ നിന്നും പൊതുജീവിതത്തിൽ നിന്നും വിട്ടുനിൽക്കുകയാണെന്നും താരം അറിയിച്ചു. ആരാധകരോടും കുടുംബത്തോടും സ്പോൺസർമാരോടും താരം പരസ്യമായി മാപ്പ് ചോദിച്ചു. വിലക്ക് നിലവിൽ വന്നതോടെ ഗ്രാൻഡ് സ്ലാം ടൂർണമെന്റുകളിലും പ്രൊഫഷണൽ ടൂറുകളിലും കളിക്കുന്നതിനോ പങ്കെടുക്കുന്നതിനോ കിർജിയോസിന് അനുവാദമില്ല.

## ഫുട്ബോൾ ആരാധകർക്ക് ആവേശം പകരാൻ കേപ് വെർഡെയും ഇന്ത്യയിലേക്ക്?



അടുത്ത ഫുട്ബോൾ ആവേശത്തിന് കളമൊരുങ്ങുന്നുവെന്ന് റിപ്പോർട്ട്.2026ഫിഫലോകകപ്പിലെഅത്ഭുതസാന്നിധ്യമായകേപ്വെർഡെയെ ഇന്ത്യ അന്താരാഷ്ട്ര സൗഹൃദ മത്സരത്തിനായി ആതിഥേയത്വം വഹിക്കാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. സെപ്റ്റംബർ 30 നും ഒക്ടോബർ 6 നും ഇടയിൽ മത്സരം നടക്കുമെന്നാണ് സൂചന.ഒക്ടോബർ 3 ന് കൊൽക്കത്തയിൽ ബ്രസീലിനെതിരെ നടക്കുന്ന ഹൈ-പ്രൊഫൈൽ സൗഹൃദ മത്സരത്തിന് മുൻപോ ശേഷമോ ആയിരിക്കും ഈ മത്സരം ക്രമീകരിക്കുക. മത്സരത്തിന്റെ വേദിയും കൃത്യമായ തീയതിയും സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുകയാണെന്ന് വൃത്തങ്ങൾ അറിയിച്ചു. ചർച്ചകൾ അന്തിമഘട്ടത്തിലാണെന്നും ഉടൻ തന്നെ ഔദ്യോഗിക പ്രഖ്യാപനം ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

## റോഡ്രി മാഞ്ചസ്റ്റർ സിറ്റി വിട്ട് ബാഴ്സലോണയിൽ



മാഞ്ചസ്റ്റർ സിറ്റിയുടെ സ്പാനിഷ് മിഡ്ഫീൽഡറും ലോകകപ്പ് ജേതാവുമായ റോഡ്രിയെ സ്വന്തമാക്കിയതായി ബാഴ്സലോണ ഔദ്യോഗികമായി പ്രഖ്യാപിച്ചു. 2030 വരെ നീളുന്ന ദീർഘകാല കരാറിലാണ് മുപ്പതുകാരനായ താരം ഒപ്പുവെച്ചിരിക്കുന്നത്. ഏകദേശം 75 മില്യൺ യൂറോ മുടക്കിയാണ് 2024 ലെ ബാലൺ ഡി ഓർ ജേതാവിനെ ലാ ലിഗ ചാമ്പ്യന്മാർ സ്വന്തമാക്കിയത്. സിറ്റിയുമായുള്ള ഏഴ് വർഷത്തെ വിജയകരമായ കരിയറിന് ശേഷമാണ് റോഡ്രി കാറ്റലൻ ക്ലബ്ബിലേക്ക് ചേക്കേറുന്നത്. റയൽ മാഡ്രിഡിലേക്ക് ചേക്കേറുമെന്ന് അഭ്യൂഹങ്ങളുണ്ടായിരുന്നെങ്കിലും ഒടുവിൽ ചിരവൈരികളായ ബാഴ്സലോണയെ താരം തിരഞ്ഞെടുക്കുകയായിരുന്നു.

